Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 26 / PAGES 32
08
ജനുവരി 2025
ബുധനാഴ്ച
1200 ധനു 23

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World



## അഫ്ഗാനിസ്ഥാനിൽ തടവിലാക്കപ്പെട്ട അമേരിക്കക്കാരെ മോചിപ്പിക്കാൻ
# താലിബാനുമായി യുഎസ് ചർച്ച നടത്തുന്നു

വാഷിംഗ്ടൺ: തടവുകാരെ കൈമാറാൻ ബൈഡൻ ഭരണകൂടം താലിബാനുമായി ചർച്ച നടത്തിവരികയാണെന്ന് റിപ്പോർട്ട്. അഫ്ഗാനിസ്ഥാനിൽ തടവിലാക്കിയ അമേരിക്കക്കാരെ യുഎസ് കസ്റ്റഡിയിലുള്ള അഫ്ഗാനികൾക്ക് പകരം കൈമാറാനുള്ള ആസൂത്രിത നീക്കമാണ് ഭരണകൂടം നടത്താൻ ഉദ്ദേശിക്കുന്നത്. ചർച്ചകളെക്കുറിച്ച് നേരിട്ട് അറിവുള്ള ഒരു മുതിർന്ന താലിബാൻ നേതാവ് ആണ് ഇക്കാര്യം ബുധനാഴ്ച മാധ്യമങ്ങളോട് വെളിപ്പെടുത്തിയത്.കഴിഞ്ഞ രണ്ട് വർഷമായി ഇരുപക്ഷവും ചർച്ചകൾ നടത്തുന്നുണ്ടെ

ശേഷം പേജ് 8ൽ

## തനിക്കെതിരെ 'നിയമലംഘനം'; വിമർശനവുമായി ഡൊണാൾഡ് ട്രംപ്

വാഷിംഗ്ടൺ: തനിക്കെതിരെ 'നിയമലംഘനം' നടക്കുന്നു എന്ന വിമർശനവുമായി നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. കോൺഗ്രസ് ട്രംപിന്റെ തിരഞ്ഞെടുപ്പ് വിജയത്തിന് അംഗീകാരം നൽകിയതിന് ശേഷമുള്ള ആദ്യ പൊതു പരിപാടിയിലാണ് ഇത്തരമൊരു പ്രസ്താവനയുമായി ട്രംപ് രംഗത്തെത്തിയത്. വൈസ് പ്രസിഡന്റ് കമല ഹാരിസിനെതിരെയുള്ള വിജയം കോൺഗ്രസ് അംഗീകരിച്ചതിന് ശേഷം നടത്തിയ ആദ്യ പൊതുപരിപാടിയിലാണ് തനിക്കെതിരെ നടന്നുകൊണ്ടിരിക്കുന്ന 'നിയമലംഘന'ത്തിനെതിരെ ട്രംപ് ആഞ്ഞടിച്ചത്. അവർ നാല് വർഷമായി കോടതികളുമായി തനിക്കെതിരെ ഒത്തുകളിക്കുകയാണ്. ഒരു റിപ്പബ്ലിക്കൻ ഇതുവരെ നേടിയിട്ടുള്ളതിൽ വച്ച് ഏറ്റവും കൂടുതൽ വോട്ടുകൾ തനിക്ക് ലഭിച്ചു. അത് ജനങ്ങൾക്കിടയിലുള്ള തന്റെ അംഗീകാരത്തിന്റെ തെളിവാണ്. അതിന് വേണ്ടിയായിരുന്നു അന്ന് വിജയിക്കാതെ പോയതെന്ന് താൻ കരുതുന്നു. എന്നാൽ ഇന്നുവരെ, അവർ കോടതികളുമായി ഒത്തുകളിക്കുകയായിരുന്നു. എല്ലാവരെയും സന്തോഷിപ്പിക്കാൻ ഇഷ്ടപ്പെടുന്ന സൗഹൃദ ജഡ്ജിമാരാണ് അവരിൽ മിക്കവരും. അതുകൊണ്ടാണ് ഇതിനെ നിയമലംഘനം എന്ന് വിളിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളെ നീതിയുടെ ആയുധവൽക്കരണം എന്ന് വിളിക്കണമെന്നും തന്റെ തിരഞ്ഞെടുപ്പ് വിജയം സ്ഥിരീകരിച്ചതിനുശേഷം ട്രംപ് നടത്തിയ ആദ്യ പത്രസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തുടനീളമുള്ള പുതിയ ഡാറ്റാ സെന്ററുകളിൽ DAMAC പ്രോപ്പർട്ടീസ് 20 ബില്യൺ ഡോളർ നിക്ഷേപിക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചു. എഐ ക്ലൗഡ് അധിഷ്ഠിത സാങ്കേതിക വിദ്യകളുടെ വികസനം സുഗമമാക്കുക എന്നതാണ് നിക്ഷേപത്തിന്റെ ലക്ഷ്യമെന്ന് DAMAC ഉടമ ഹുസൈൻ സജ്വാനി വ്യക്തമാക്കി.



**സമയരഥം ഉരുളുമ്പോൾ**
(സെർജി ആന്റണി എഴുതുന്നു)
........................................പേജ് 05

**പത്മവ്യൂഹത്തിലകപ്പെട്ട കോൺഗ്രസ്**
........................................പേജ് 13

**വോട്ടിനു നേരെ കണ്ണു പൂട്ടി യുവ തലമുറ**
........................................പേജ് 15

**പൃഥ്വിയുടെ 'ആട് ജീവിതം' ഓസ്കാറിന്, പക്ഷെ കേരളത്തിൽ ഇപ്പോൾ ആട് ജീവിതങ്ങൾ ക്യൂവിലാണ്!...**
........................................പേജ് 22

**ഡൽഹി തെരഞ്ഞെടുപ്പോടെ 'ഇൻഡ്യാ' സഖ്യത്തിലെ വിള്ളൽ തെളിയുന്നു**
........................................പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# കാനഡ യുഎസിന്റെ ഭാഗം! പുതിയ മാപ്പ് പുറത്തുവിട്ട് ട്രംപ്




ന്യൂയോർക്ക്: കാനഡ യുഎസിന്റെ ഭാഗമാണെന്ന് കാണിക്കുന്ന പുതിയ പുതിയ മാപ്പ് പുറത്തുവിട്ട് നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്തിലൂടെയാണ് ട്രംപ് ഇത് പങ്കുവച്ചത്. കാനഡയെ അമേരിക്കയിലേക്ക് കൂട്ടിച്ചേർക്കാൻ സാമ്പത്തിക ശക്തി ഉപയോഗിക്കുമെന്ന് ട്രംപ് പറഞ്ഞ് മണിക്കൂറുകൾക്ക് ശേഷമാണ് പുതിയ സംഭവവികാസം ഉണ്ടായിരിക്കുന്നത്.

ട്രൂത്തിൽ പങ്കിട്ട പോസ്റ്റിൽ കാനഡയെ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ഭാഗമായി കാണിക്കുന്ന ഒരു ഭൂപടം പങ്കിടുകയായിരുന്നു ട്രംപ്. 'ഓ കാനഡ!' എന്നായിരുന്നു ഇതിന് നൽകിയ ക്യാപ്ഷൻ. കാനഡയെ അമേരിക്കയുടെ 51-ാമത്തെ സംസ്ഥാനം ആക്കാമെന്ന തന്റെ മുൻ വാഗ്ദാനം ആവർത്തിച്ച ട്രംപ് കഴിഞ്ഞ ദിവസം ഒരുപടി കൂടി കടുപ്പിച്ച് ഭീഷണി മുഴക്കിയിരുന്നു.

നിങ്ങൾ കൃത്രിമമായി വരച്ച വരയിൽ നിന്ന് രക്ഷപ്പെടൂ, ഇത് എങ്ങനെയുണ്ടെന്ന് നോക്കൂ, വളരെ വലിയ കാര്യമായിരിക്കും. ദേശീയ സുരക്ഷക്കും ഇതാവും നല്ലത് എന്നായിരുന്നു തന്റെ തിരഞ്ഞെടുപ്പ് വിജയം സാക്ഷ്യപ്പെടുത്തി മണിക്കൂറുകൾക്ക് ശേഷം ഫ്ളോറിഡ മാർഎ ലാഗോ ഹോമിൽ നടത്തിയ പത്രസമ്മേളനത്തിൽ ട്രംപ് പറഞ്ഞത്.

എന്നാൽ മാപ്പ് പങ്കിട്ട് മണിക്കൂറുകൾക്കുള്ളിൽ തന്നെ ജസ്റ്റിൻ ട്രൂഡോയുടെ ലിബറൽ പാർട്ടി ഇതിന് മറുപടിയുമായി രംഗത്ത് വന്നു. യുഎസിന്റെ ഭാഗം ആയതും അല്ലാത്തതുമായ വ്യക്തമായ ചിത്രങ്ങളോട് കൂടി അവർ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ ഒരു പോസ്റ്റ് പങ്കുവച്ചിട്ടുണ്ട് എന്നതാണ് ശ്രദ്ധേയമായ കാര്യം.

അതേസമയം, കനേഡിയൻ പ്രധാനമന്ത്രി സ്ഥാനം രാജിവയ്ക്കുമെന്ന് ജസ്റ്റിൻ ട്രൂഡോ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ട്രംപ് നിലപാട് കടുപ്പിക്കുന്നത്. ഈ വർഷം ഒക്ടോബർ അവസാനത്തോടെ നടക്കേണ്ട തിരഞ്ഞെടുപ്പിലേക്ക് പാർട്ടി പുതിയ നേതാവിനെ തിരഞ്ഞെടുക്കുന്നത് വരെ താൻ പ്രധാനമന്ത്രിയായും ലിബറൽ പാർട്ടി തലവനായും തുടരുമെന്ന് ട്രൂഡോ അറിയിച്ചിരുന്നു.

രാജ്യങ്ങൾ തമ്മിൽ ലയിപ്പിക്കുന്നതിന്റെ സാധ്യത പോലും നിലനിൽക്കുന്നില്ലെന്നായിരുന്നു കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ മറുപടി. കാനഡ യുഎസിന്റെ ഭാഗമാകുന്നതിനുള്ള നേരിയ സാധ്യതപോലും ഇല്ലെന്നും ട്രൂഡോ വ്യക്തമാക്കി.

വ്യാപാരത്തിലും സുരക്ഷയിലും പങ്കാളികളായി തുടരുന്നതിന്റെ ആനുകൂല്യം ഇരുരാജ്യങ്ങളിലേയും തൊഴിലാളികൾക്കും ജനസമൂഹത്തിനും ലഭിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കനേഡിയൻ വിദേശകാര്യ മന്ത്രിയും ട്രംപിനെതിരെ രംഗത്ത് വന്നിട്ടുണ്ട്. ഡൊണാൾഡ് ട്രംപിന്റെ ഭീഷണിക്ക് മുന്നിൽ രാജ്യം മുട്ടുമടക്കില്ലെന്നാണ് വിദേശകാര്യമന്ത്രി മെലാനി ജോളി. കാനഡയെ കുറിച്ച് ട്രംപിന് യാതൊരു ധാരണയുമില്ലെന്നും ജോളി പറഞ്ഞു. തങ്ങളുടെ സമ്പദ്വ്യവസ്ഥ ശക്തമാണെന്നും അവർ ട്രംപിന് മുന്നറിയിപ്പ് നൽകി.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## ബൈഡനും മകൻ ഹണ്ടറും കൈക്കൂലി വാങ്ങിയതായി വാർത്ത കെട്ടിച്ചമച്ചു; മുൻ എഫ്ബിഐ ചാരന് 6 വർഷം തടവ്



വാഷിംഗ്ടൺ: പ്രസിഡന്റ് ജോ ബൈഡനും മകൻ ഹണ്ടറും കൈക്കൂലി വാങ്ങിയതായി വാർത്ത കെട്ടിച്ചമച്ച മുൻ എഫ്ബിഐ ചാരന് ആറ് വർഷം തടവ് ശിക്ഷ വിധിച്ചു. 2020 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ ഫലത്തെ സ്വാധീനിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു വ്യാജ വാർത്തയെന്ന് പ്രോസിക്യൂട്ടർമാർ വ്യക്തമാക്കിയിരുന്നു. കൈക്കൂലി വാങ്ങിയതായി എഫ്ബിഐയോട് കള്ളം പറഞ്ഞതാണെന്നും നികുതി വെട്ടിപ്പ് നടത്തിയതിനും അലക്സാണ്ടർ സ്മിർനോവ് കഴിഞ്ഞ മാസം ലോസ് ഏഞ്ചൽസ് ഫെഡറൽ കോടതിയിൽ കുറ്റസമ്മതം നടത്തിയിരുന്നു. ഇരട്ട യു.എസ്, ഇസ്രായേലി പൗരനായ സ്മിർനോവ് ഉക്രേനിയൻ ഊർജ്ജ കമ്പനിയായ ബുറിസ്മയിലെ എക്സിക്യൂട്ടീവുകൾ 2015 ഓടെ അന്നത്തെ വൈസ് പ്രസിഡന്റ് ബൈഡനും മകനും 5 മില്യൺ ഡോളർ വീതം നൽകിയതായി തന്റെ എഫ്ബിഐ ഉദ്യോഗസ്ഥനോട് തെറ്റായി അവകാശപ്പെടുകയായിരുന്നു.

ജോ ബൈഡനെ പ്രസിഡന്റ് സ്ഥാനാർത്ഥിയായി പ്രകടിപ്പിച്ചതിന് ശേഷമാണ് 2020 ൽ സ്മിർനോവിന്റെ സ്ഫോടനാത്മകമായ അവകാശവാദം ഉണ്ടായതെന്ന് പ്രോസിക്യൂട്ടർമാർ വ്യക്തമാക്കിയിരുന്നു. വാസ്തവത്തിൽ 2017 മുതൽ വൈസ് പ്രസിഡന്റായിരുന്ന ബൈഡന്റെ കാലാവധി കഴിഞ്ഞതിന് ശേഷം സ്മിർനോവിന് ബുറിസ്മയുമായി പതിവ് ബിസിനസ്സ് ഇടപാടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തി.

2020 ൽ ഡൊണാൾഡ് ട്രംപിനെ പരാജയപ്പെടുത്തിയ ബൈഡനെതിരായ ഹൗസ് ഇംപീച്ച്മെന്റ് അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് വർഷങ്ങൾക്ക് ശേഷം ഈ സംഭവം വീണ്ടും ഉയർന്നുവന്നത്. വെളിപ്പെടുത്തൽ കോൺഗ്രസിൽ ഒരു കൊടുങ്കാറ്റ് തന്നെ സൃഷ്ടിച്ചുവെന്ന് പ്രോസിക്യൂട്ടർമാർ ചൂണ്ടിക്കാട്ടി. ബൈഡൻ ഭരണകൂടം ഹൗസ് ഇംപീച്ച്മെന്റ് ശ്രമത്തെ ഒരു 'സ്റ്റണ്ട്' ആയി തള്ളിക്കളയുകയായിരുന്നു.

സ്മിർനോവിന്റെ അറസ്റ്റിന് മുമ്പ്, സ്ഥിരീകരിക്കാത്ത ആരോപണങ്ങൾ രേഖപ്പെടുത്തുന്ന റിപ്പോർട്ട് പുറത്തുവിടണമെന്ന് എഫ്ബിഐയോട് റിപ്പബ്ലിക്കൻമാർ ആവശ്യപ്പെട്ടിരുന്നു. എന്നിരുന്നാലും അവ സത്യമാണോ എന്ന് സ്ഥിരീകരിക്കാൻ കഴിയില്ലെന്നാണ് അവരുടെ പക്ഷം. തന്റെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിലൂടെ അദ്ദേഹം അമേരിക്കയെ വഞ്ചിച്ചു, അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ബഹുമതിയായ പൗരത്വം നൽകുന്നത് ഉൾപ്പെടെ, അദ്ദേഹത്തിന് ഉദാരത മാത്രം കാണിച്ച ഒരു രാജ്യമാണിതെന്നും ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് സ്പെഷ്യൽ കൗൺസൽ ഡേവിഡ് വെയ്സിന്റെ സംഘം കോടതിയിൽ വ്യക്തമാക്കി.

## American Diary — 40 Years Ago

### *Donald T. Regan was appointed as Assistant to the President and Chief of Staff in the United States*



Donald Thomas Regan (December 21, 1918 – June 10, 2003) was an American government official and business executive who was the 66th United States Secretary of the Treasury from 1981 to 1985 and the White House Chief of Staff from 1985 to 1987 under Ronald Reagan.

January 08, 1985




## യുഎസ് ഉദ്യോഗസ്ഥരെ ആശങ്കയിലാഴ്ത്തി ഗുവാമിലെ സൈബർ ഭീഷണി

വാഷിംഗ്ടൺ: 'വോൾട്ട് ടൈഫൂൺ' എന്നറിയപ്പെടുന്ന ഒരു ഹാക്കിംഗിന് ഗുവാമിലെ നിർണായക അടിസ്ഥാന സൗകര്യ സംവിധാനങ്ങളെ തകർക്കാൻ കഴിയുമെന്ന് യുഎസ് ഇന്റലിജൻസ് ഉദ്യോഗസ്ഥർ. യുഎസ്ചൈന ബന്ധങ്ങളിൽ പ്രത്യേക പ്രാധാന്യമുള്ള യുഎസ് സൈന്യത്തിന്റെ ഒരു പ്രധാന കേന്ദ്രമാണിത്.

യുഎസ് സൈന്യം ആശ്രയിക്കുന്ന സിവിലിയൻ നിർണായക സംവിധാനങ്ങളിലേക്ക് ഹാക്കർമാർക്ക് പ്രവേശനം ലഭിക്കുന്നതിനെക്കുറിച്ച് യുഎസ് സർക്കാർ കൂടുതൽ ആശങ്കാകുലരാണ്. പ്രത്യേകിച്ച് ചൈനയിൽ നിന്നുള്ള ഹാക്കർമാർ. സമീപ ആഴ്ചകളിൽ, ട്രഷറി ഡിപ്പാർട്ട്മെന്റിന്റെ കമ്പ്യൂട്ടറുകളിൽ ചൈനീസ് ഹാക്കർമാർ നുഴഞ്ഞുകയറിയതായും സർക്കാർ സ്പോൺസർ ചെയ്ത ചൈനീസ് ഹാക്കിങ് കാമ്പെയ്ൻ ഒമ്പത് ടെലികമ്മ്യൂണിക്കേഷൻ സ്ഥാപനങ്ങളിൽ നുഴഞ്ഞുകയറിയതായും യുഎസ് ഉദ്യോഗസ്ഥർ പറഞ്ഞു.

കഴിഞ്ഞ ഒരു വർഷമായി ചില ഉദ്യോഗസ്ഥർ ഗുവാമിലെ സിസ്റ്റങ്ങളിൽ ഹാക്കർമാർ ഇതിനകം തന്നെ ഹാക്ക് ചെയ്തിരിക്കാമെന്നും, അതിന്റെ ഡാറ്റയിൽ മാത്രമല്ല, അതിന്റെ നിർണായക അടിസ്ഥാന സൗകര്യങ്ങളിലും ആക്രമണത്തിന് തയ്യാറെടുക്കുകയാണെന്നും മുന്നറിയിപ്പ് നൽകുന്നു. യുഎസ് പ്രദേശമായ ഈ ദ്വീപ് ഷാങ്ഹായ്ക്ക് അടുത്താണ്.

## റീ...പോളിംഗ്





# വേൾഡ് മലയാളി കൗൺസിൽ ഷിക്കാഗോ പ്രൊവിൻസ് ക്രിസ്തുമസ് നവവത്സരം സമുചിതമായി ആഘോഷിച്ചു

ഷിക്കാഗോ: വേൾഡ് മലയാളി കൗൺസിൽ ഷിക്കാഗോ പ്രൊവിൻസ് ക്രിസ്തുമസ് നവവത്സരം സമുചിതമായിഡിസംബർ29-ാം തീയതിഞായറാഴ്ച ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് ബഞ്ചമിൻ തോമസ് അധ്യക്ഷതയിൽ ആഘോഷിച്ചു. ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട് ഡബ്ല്യൂ.എം.സി ഗ്ലോബൽ പ്രസിഡന്റും അമേരിക്കയിലെ പ്രമുഖ വ്യവസായിയുമായ തോമസ് മൊട്ടക്കൽ മുഖ്യപ്രഭാഷണം നടത്തി.

മാത്യൂസ് അബ്രഹാം ഗ്ലോബൽ പ്രസിഡന്റിനെ സദസ്സിന് പരിചയപ്പെടുത്തി. ഡബ്ല്യു.എം.സി ഇതര സാമൂഹിക സംഘടനകളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത് ലോകമലയാളികളുടെ ഏറ്റവും വലിയ ആഗോള ശൃംഖല എന്ന നിലയിലാണെന്ന് ഗ്ലോബൽ പ്രസിഡന്റ് പറഞ്ഞു. ജീവകാരുണ്യ പ്രവർത്തങ്ങൾക്ക് മാത്രം മുൻഗണന നൽകുന്ന ദർശനത്തിൽ പ്രവർത്തനനിരതമായിരിക്കുന്ന ഡബ്ല്യു.എം.സി, അടിയന്തര സന്ദർഭങ്ങളിൽ ഏതൊരു മലയാളിക്കും ലോകത്തിലെ വിവിധ ഇടങ്ങളിലുള്ള പ്രമുഖ മലയാളികളുമായി ബന്ധപ്പെട്ടുകൊണ്ട് നാനാ തരത്തിലുള്ള സഹായങ്ങളും തേടാൻ കഴിയുംവിധം സംഘടനാപരമായി പ്രാപ്തമാണ്.

ഭാവനരഹിതരായ നിർധന കുടുംബങ്ങൾക്ക് വേണ്ടി ഷിക്കാഗോ പ്രൊവിൻസ് നിർമിച്ചു നൽകിയ പന്ത്രണ്ട് ഭവനങ്ങൾ സംഘടനയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഉദാഹരണമാണെന്നും ഗ്ലോബൽ പ്രസിഡന്റ് പറഞ്ഞു. ഡബ്ല്യു.എം.സി. ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. തങ്കം അരവിന്ദ് (ന്യൂജേഴ്സി) സ്ത്രീശാക്തീകരണത്തെക്കുറിച്ചു പ്രഭാഷണം നടത്തി. ആഗ്നസ് തെങ്ങുംമൂട്ടിൽ ഗ്ലോബൽ വൈസ് പ്രസിഡന്റിനെ സദസ്സിന് പരിചയപ്പെടുത്തി.

ഷിക്കാഗോയിലെ സാമൂഹ്യ സാംസ്കാരിക രംഗത്തുനിന്ന് നിരവധി പ്രമുഖ വ്യക്തികൾ ആഘോഷങ്ങളിൽ പങ്കെടുത്തു. ഫോമാ സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ, ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി, കേരള അസോസിയേഷൻ ഓഫ് ഷിക്കാഗോ പ്രസിഡന്റ് ആന്റോ കവലക്കൽ, ഇന്ത്യൻ സോഷ്യൽവർക്കേഴ്സ് അസോസിയേഷൻ സെക്രട്ടറി ജോസ് കോലഞ്ചേരി, ഷിക്കാഗോ സോഷ്യൽ ക്ലബ്ബിനെ പ്രതിനിധീകരിച്ചു ജോസ് മണക്കാട്ട്, മുൻ ഫോമാ എസ്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം എന്നിവർ ചടങ്ങിന് ആശംസകളർപ്പിച്ചു സംസാരിച്ചു.

ചെയർമാൻ മാത്തുക്കുട്ടി ആലുംപറമ്പിൽ സ്വാഗതം പറഞ്ഞു, സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി രേഖപ്പെടുത്തി. ഡബ്ല്യു.എം.സി ഷിക്കാഗോ പ്രൊവിൻസ് ഭാരവാഹികളായ കോശി ജോർജ്ജ്, സാബി കോലത്ത്, തോമസ് വർഗീസ് (വിൽസൺ), ജോർജ്ജ് മാത്യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ബീന ജോർജ്ജ് എംസി ആയിരുന്നു. കലാപരിപാടികളെ തുടർന്ന് ക്രിസ്മസ് ഡിന്നറോടുകൂടി ആഘോഷങ്ങൾക്ക് സമാപനമായി.

# റവ. ഫാ. റെജി പ്ലാത്തോട്ടം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി

ഷിക്കാഗോ: സീറോ മലബാർ സഭയുടെ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ പുതിയ സെക്രട്ടറിയായി റവ. ഡോ. റെജി പി. കുര്യൻ പ്ലാത്തോട്ടത്തിനെ നിയമിച്ചു. ചങ്ങനാശ്ശേരി അതിരൂപതാംഗമായ റവ. ഡോ. റെജി പ്ലാത്തോട്ടം ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസ് കോളേജിന്റെ പ്രിൻസിപ്പലായും സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്.



കഴിഞ്ഞ അദ്ധ്യയന വർഷം നാലുവർഷത്തെ ഡിഗ്രി കോഴ്സ് തുടങ്ങുന്നതിന് റവ. ഫാ. റെജി പ്ലാത്തോട്ടം നേതൃത്വം നൽകി. ഈ നിയമത്തോടുകൂടി ഉന്നത വിദ്യാഭ്യാസ മേഖലയിലെ തന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ തലപ്പാവിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിയിരിക്കുന്നു.

സീറോ മലബാർ സഭയുടെ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സിനഡൽ കമ്മിറ്റിയുടെ കൺവീനർ അഭിവന്ദ്യ മാർ ജോസഫ് കല്ലങ്ങൊട്ട് പിതാവാണ് പെർമെനന്റ് സിനഡിന്റെ അംഗീകാരത്തോടെ ഈ നിയമനം നടത്തിയത്. റവ. ഫാ. റെജി പ്ലാത്തോട്ടത്തിന് അമേരിക്കൻ ഐക്യനാട്ടുകളിലെ എസ്ബി അലുംമ്നികളുടെ സ്നേഹാദരവുകളും അഭിനന്ദനങ്ങളും ഇതോടൊപ്പം നേരുന്നു.

*ആന്റണി ഫ്രാൻസിസ്*

# ഷിക്കാഗോ മലയാളി അസോസിയേഷന്റെ ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവിൽ കെ. ജയകുമാറിനെ ആദരിക്കും

തിരുവനന്തപുരം: നോർത്ത് അമേരിക്കയിലെ ഏറ്റവും പ്രബലമായ മലയാളി സംഘടനകളിലൊന്നായ ഷിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവിൽ മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാറിനെ ആദരിക്കുമെന്ന് ഇവന്റ് ഓർഗനൈസർ ജോസ് മണക്കാട്ട് അറിയിച്ചു.



നാളെ (2025 ജനുവരി 7-ാം തിയതി ചൊവ്വ) തിരുവനന്തപുരത്തെ കെ.ടി.ഡി.സി മാസ്കോട്ട് ഹോട്ടലിലെ സിംഫണി ഹാളിലാണ് കോൺക്ലേവ്. കവി, ഗാനരചയിതാവ്, വിവർത്തകൻ, ചിത്രകാരൻ, തിരക്കഥാകൃത്ത്, വാഗ്മി എന്നീ നിലകളിൽ കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാഹിത്യ മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കെ. ജയകുമാറിന് ഇത്തവണത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിരുന്നു. നോർത്ത് അമേരിക്കയിലെ വിവിധ സംഘടനാ പ്രതിനിധികളും കേരളത്തിലെ കലാസാംസ്കാരികരാഷ്ട്രീയം ഉൾപ്പെടെയുള്ള പല രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളും തമ്മിൽ ആരോഗ്യകരമായ ആശയവിനിമയം നടത്തി പരസ്പരം വിവരങ്ങൾ കൈമാറുകയെന്നതാണ് ഈ കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്.

*ജോസ് മണക്കാട്ട്*

# ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് അനുശോചിച്ചു

ഷിക്കാഗോ: ഇന്ത്യയിൽ സാമ്പത്തിക ഉദാരവത്കരണത്തിനു വാതിൽ തുറന്ന ധനകാര്യ വിദഗ്ദ്ധനും മുൻ പ്രധാനമന്ത്രിയും കോൺഗ്രസ് നേതാവുവായിരുന്ന ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എ കേരളാ ഘടകം അനുശോചനം അറിയിച്ചു. പ്രസിഡന്റ് സതീശൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചന യോഗത്തിൽ ഐ.ഒ.സി ഭാരവാഹികളും അനുഭാവികളും പങ്കെടുത്തു.






നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരുന്ന മൻമോഹൻ സിങ്ങ് സാമ്പത്തിക ഉദാരീകരണം, സ്വകാര്യവത്കരണം തുടങ്ങിയ പരിഷ്കാരങ്ങളിലൂടെ രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ തന്നെ മാറ്റിമറിച്ചെന്ന് പ്രസിഡന്റ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ എടുത്തു പറഞ്ഞു. സാമ്പത്തിക വിദഗ്ദ്ധനിൽ നിന്നും രാഷ്ട്രീയ നേതാവായുള്ള ഡോ. മൻമോഹൻസിങ്ങിന്റെ വളർച്ചയും വഴിമാറ്റവും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ നാഴികക്കല്ലായിരുന്നുവെന്ന് ചെയർമാൻ തോമസ് മാത്യു പറഞ്ഞു. കൂടാതെ തദവസരത്തിൽ മുൻ പ്രസിഡന്റ് ലീലാ മാരേറ്റ്, മറ്റു ഭാരവാഹിക്കും അനുഭാവികളുമായ ഡോ. ഈപ്പൻ ജേക്കബ്, ഉഷാ ജോർജ്, എം.വി. ജോർജ്, സന്തോഷ് കാപ്പിൽ, സതീഷ് നൈനാൻ, സജീവ് ജോർജ് കുട്ടി, ജോഫി മാത്യു, ചെറിയാൻ കോശി, ഏലിയാസ് ജസ്റ്റിൻ ജേക്കബ്, ബാബു ചാക്കോ തുടങ്ങി നിരവധിപേർ അനുശോചനം അറിയിച്ചു. ചടങ്ങിൽ ജനറൽ സെക്രട്ടറി സജി കരിമ്പന്നൂർ യോഗ നടപടികൾ ക്രമീകരിക്കുകയും ഏവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# പിസിനാക്ക് പ്രയർലൈൻ ഉദ്ഘാടനവും ലോഗോ പ്രകാശനവും ജനുവരി 19 ന്

ഷിക്കാഗോ: നാല്പതാമത് പെന്തക്കോസ്റ്റൽ കോൺഫ്രൻസ് ഓഫ് നോർത്ത് അമേരിക്കയുടെ ഒന്നര വർഷം നീണ്ടുനിൽക്കുന്ന ആഗോള വ്യാപകമായ ഓൺലൈൻ പ്രാർത്ഥനയ്ക്ക് ജനുവരി 19ന് സെലിബ്രേഷൻ ചർച്ചിൽ വച്ച് ആരംഭം കുറിക്കും. വൈകിട്ട് അഞ്ചരമണിക്ക് ആരംഭിക്കുന്ന സമ്മേളനം നാഷണൽ കൺവീനർ ജോർജ് കെ. സ്റ്റീഫൻസൺ ഉദ്ഘാടനം ചെയ്യും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികൾ സൂം പ്ലാറ്റ്ഫോമിലൂടെ പ്രാർത്ഥനയിൽ പങ്കുചേരും. നാഷണൽ പ്രയർ കോർഡിനേറ്റർ പാസ്റ്റർ പി.വി. മാമൻ ലോക്കൽ പ്രയർ കമ്മിറ്റിയോട് ചേർന്ന് തുടർ പദ്ധതികൾ ആവിഷ്കരിക്കും. 2026ൽ ഷിക്കാഗോയിൽ വച്ച് നടക്കുന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന്റെ ലോഗോയുടെ ഔദ്യോഗിക പ്രകാശനവും വെബ്സൈറ്റിന്റെ ഉദ്ഘാടനവും കൺവീനർ നിർവഹിക്കും. ഇതോടനുബന്ധിച്ച് കേരള ക്രൈസ്തവ സാഹിത്യ അക്കാദമി പ്രഖ്യാപിച്ച വിനാഗൽ കീർത്തന അവാർഡിന് അർഹനായ പാസ്റ്റർ സാംകുട്ടി മത്തായിക്കുള്ള അവാർഡ് വിതരണവും ഷിക്കാഗോയിലെ സീനിയർ മിനിസ്റ്റേഴ്സായ പാസ്റ്റർ ജോസഫ് കെ. ജോസഫ്, പാസ്റ്റർ പി.സി. മാമ്മൻ, പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, പാസ്റ്റർ പി.വി. കുരുവിള എന്നിവരെ ആദരിക്കുന്നതിനുള്ള ചടങ്ങും ഉണ്ടായിരിക്കും. പ്രശസ്ത ക്രൈസ്തവ സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യ അതിഥി ആയിരിക്കും.

*കുര്യൻ ഫിലിപ്പ്*






# ഡാളസ് ക്നാനായ കത്തോലിക് അസോസിയേഷന്റെ പുതിയ നേതൃത്വം

ഡാളസ്: ക്നാനായ കത്തോലിക് അസോസിയേഷൻ ഓഫ് ഡാളസ് ഫോർട്ട് വർത്തിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള ബോർഡ് ഓഫ് ഡയറക്ടർസും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഡിസംബർ 31ലെ പുതുവത്സരാഘോഷത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ബൈജു ആലപ്പാട്ട് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജോബി പഴുക്കായിൽ സെക്രട്ടറി, ബിനോയി പുത്തൻമഠത്തിൽ ജോയിന്റ് സെക്രട്ടറി, അജീഷ് മുളവിനാൽ ട്രഷറർ, ഷോൺ ഏലൂർ എന്നിവരാണ് ബോർഡ് ഡയറക്ടേർസ്. ഇവരെ കൂടാതെ 9 നാഷണൽ കൗൺസിൽ അംഗങ്ങളും സബ് ഓർഗനൈസേഷൻ പ്രസിഡന്റ്മാരും ഉൾപ്പെടെ 17 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി അധികാരമേറ്റു.

അഡ്വൈസറി കൗൺസിൽ ചെയർപേഴ്സണും മുൻ പ്രസിഡന്റുമായ ടെറി വളച്ചേരിയിൽ സത്യപ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. ഇലക്ഷൻ ബോർഡ് അംഗങ്ങളും കെ.സി.എ.ഡി.എഫ്.ഡബ്ല്യു.യുടെ മുൻ പ്രസിഡന്റുമാരായ ഡെന്നീസ് നടക്കുഴക്കൽ, സുജിത്ത് ചേന്നങ്ങാട്ട് എന്നിവരാണ് പുതിയ ടീമിനെ പരിചയപ്പെടുത്തിയത്. അഡ്വൈസറി കൗൺസിൽ അംഗങ്ങളായ ബിനു വണ്ടന്നൂർ, ജോൺസ് ചോരത്ത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ലിബി എരിക്കാട്ടുപറമ്പിലിന്റെ നേതൃത്വത്തിലുള്ള പുതിയ വിമൻസ് ഫോറം ടീമും സത്യപ്രതിഞ്ജ ചെയ്തു. സ്ഥാനം ഒഴിയുന്ന വിമൻസ് ഫോറം പ്രസിഡന്റ് പ്രിയ കാരക്കാട്ടിൽ സത്യവാചകം ചൊല്ലിക്കൊടുത്തു.

ന്യൂഇയർ ആഘോഷ ചടങ്ങിൽ കെ.സി.എ.ഡി.എഫ്.ഡബ്ല്യു. പ്രസിഡന്റ് വിനീത് കടുതോടിയലിന്റെ അധ്യക്ഷത്തിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക വികാരി റവ.ഫാ. അബ്രഹാം കളരിക്കൽ ന്യൂഇയർ സന്ദേശം നൽകി.

കുറേയേറെ നല്ലകാര്യങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്യുവാൻ സാധിച്ചതിൽ അഭിമാനിക്കുന്നുവെന്നും എല്ലാ പിന്തുണയും സഹകരണവും നൽകിയ എക്സിക്യൂട്ടീവ് കമ്മിറ്റിക്കും കെ.സി.എ.ഡി.എഫ്.ഡബ്ല്യു. കമ്മ്യൂണിറ്റിക്കും പ്രസിഡന്റ് വിനീത് കടുതോടിയൽ നന്ദി പറഞ്ഞു. സെക്രട്ടറി ജിസ് കളപ്പുരയിൽ എംസി ആയിരുന്നു.

കെ.സി.എ.ഡി.എഫ്.ഡബ്ല്യു.വിന്റെ 21–ാമത് പ്രസിഡന്റായാണ് ബൈജു ആലപ്പാട്ട് സ്ഥാനമേറ്റത്. സ്ഥാനമൊഴിയുന്ന ഭരണസമിതിയുടെ മികച്ച പ്രവർത്തനങ്ങൾക്കും തന്നിൽ വിശ്വാസം അർപ്പിച്ച എല്ലാ ഇലക്ഷൻ ബോർഡിനും മറ്റു ടീമംഗങ്ങൾക്കും ബൈജു ആലപ്പാട്ട് നന്ദി അർപ്പിച്ചു.

തുറന്ന മനസ്സോടെയാണ് തങ്ങൾ നേതൃത്വം ഏറ്റെടുക്കുന്നതെന്നും ഡി.എഫ്.ഡബ്ല്യുലുള്ള എല്ലാ ക്നാനായ കുടുംബങ്ങളെയും കെ.സി.എ.ഡി.എഫ്.ഡബ്ല്യു.ന്റെ അംഗങ്ങൾ ആക്കുക എന്നതാണ് തങ്ങളുടെ പ്രാഥമിക ലക്ഷ്യം എന്നും കമ്മ്യൂണിറ്റി സെന്റർ റീ മോഡൽ പ്രൊജക്ട് എത്രയും വേഗം പൂർത്തിയാക്കുവാൻ എല്ലാ പിന്തുണയും സഹകരണവും നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. വൈസ് പ്രസിഡന്റ് ജ്യോതിഷ് കണ്ടത്തിൽ നന്ദി അറിയിച്ചു. വിവിധ കലാപരിപാടികളും ഡിജെയുമായി പുതുവത്സരാഘോഷം സമാപിച്ചു.



# കേരളാ എൻജിനീയറിങ് ഗ്രാജുവേറ്റ്സ് അസോ. ഓഫ് നോർത്ത് അമേരിക്കയുടെ (കീൻ) 2025ലെ ഭരണ സമിതിയെ തിരഞ്ഞെടുത്തു

ന്യൂയോർക്ക്: കഴിഞ്ഞ 16 വർഷമായി നോർത്ത് അമേരിക്കയിലെ മലയാളി എൻജിനീയേഴ്സിന്റെ ഇടയിൽ സ്ത്യുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന കേരളാ എൻജിനീയറിങ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കീൻ) 2025ലെ ഭരണ സമിതിയെ ഡിസംബർ 28ന് ഓറഞ്ച് ബെർഗിലെ സിതാർപാലസിൽ നടന്ന ജനറൽ ബോഡി മീറ്റിംഗിൽ വച്ച് തിരഞ്ഞെടുത്തു.

നീന സുധിർ സംഘടനയുടെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികളായി ജേക്കബ് ജോസഫ് (വൈസ് പ്രസിഡന്റ്), സജിത ഫാമി (ജനറൽ സെക്രട്ടറി), ബിജു പുതുശ്ശേരി (ട്രഷറർ), സോബി സുരേന്ദ്രൻ (ജോയിന്റ് സെക്രട്ടറി), ഗിൽസ് ജോസഫ് (ജോയിന്റ് ട്രഷറർ), സോജിമോൻ ജെയിംസ് (എക്സ് ഒഫീഷ്യോ), കോശി പ്രകാശ് (ചാരിറ്റി ആൻഡ് സ്കോളർഷിപ്), മനേഷ് നായർ (പ്രഫഷനൽ അഫെയേഴ്സ്), സിന്ധു സുരേഷ് (സ്റ്റുഡന്റ് ഔട്ട് റീച്), മാലിനി നായർ (സോഷ്യൽ & കൾച്ചറൽ അഫയേഴ്സ്), ബിജു ജോൺ (ന്യൂസ് ലെറ്റർ & പബ്ലിക്കേഷൻ), ജെയ്സൺ അലക്സ് (ജനറൽ അഫയേഴ്സ്), ഫിലിപ്പോസ് ഫിലിപ്പ് (പബ്ലിക് റിലേഷൻസ്) എന്നിവരും റീജനൽ വൈസ് പ്രസിഡന്റുമാരായി ജേക്കബ് ഫിലിപ്പ് (റോക്ക്ലാൻഡ് വെസ്റ്റ്ചെസ്റ്റർ റീജിയൺ), ദയ ശ്യാം (ന്യൂ ജേഴ്സി), പ്രേമ ആന്ദ്രപള്ളിയിൽ (ഇന്റേർണൽ ഓഡിറ്റർ) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. മെറി ജേക്കബ് ആണ് ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർ ഷാജി കുരിയാക്കോസ്, ജേക്കബ് തോമസ്, അജിത് ചെറയിൽ, റെജിമോൻ എബ്രഹാം, ഷിജിമോൻ മാത്യു, ലിസി ഫിലിപ്പ് എന്നിവരാണ് മറ്റു ട്രസ്റ്റീ ബോർഡ് അംഗങ്ങൾ.

ജനറൽ ബോഡിയിൽ മുൻ പ്രസിഡന്റ് സജിമോൻ ജെയിംസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജേക്കബ് ജോസഫ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കീൻന്റെ 2024ലെ പ്രവർത്തനങ്ങളെ ഏവരും മുക്തകണ്ഠം പ്രശംസിച്ചു. 2024ലെ കണക്കും സ്കോളർഷിപ് അക്കൗണ്ട്സും അവതരിപ്പിച്ചത് ജനറൽ ബോഡി അംഗീകരിച്ചു. തുടർന്ന് ബോർഡ് ഓഫ് ട്രസ്റ്റി ചെയർ ലിസ്സി ഫിലിപ്പ്, മെറി ജേക്കബ്, കെ.ജെ. ഗ്രിഗറി എന്നിവരുടെ നേതൃത്തത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

കീൻന്റെ പ്രവർത്തനങ്ങൾ കൂടുതൽ എഞ്ചിനീർസിലേക്ക് എത്തിക്കാൻ ഉള്ള തയ്യാറെടുപ്പിലാണ് പുതിയ ഭരണസമിതി.

◗ ഫിലിപ്പോസ് ഫിലിപ്

# KAGW ന്റെ സുവർണ്ണ ജൂബിലി ആഘോഷ പരിപാടികൾക്ക് വർണ്ണാഭമായ തുടക്കം

വാഷിംഗ്ടൻ ഡിസി: മലയാളികളുടെ ആദ്യ സംഘടനയായ KAGW (Kerala Association of Greater washington) അൻപതിന്റെ നിറവിൽ സുവർണ്ണ ജൂബിലി വർഷത്തെ പരിപാടികൾക്ക് വർണ്ണാഭമായ തുടക്കം. അമേരിക്കൻ മലയാളികളുടെ ആദ്യകാല സംഘടനകളിൽ പ്രധാനപ്പെട്ടതും വാഷിങ്ഡൺ ഡിസി മലയാളികളുടെ പ്രഥമ സംഘടനയുമായ KAGWന്റെ സുവർണ്ണ ജൂബിലി വർഷത്തിലെ പ്രവർത്തന പരിപാടികളുടെ ഉദ്ഘാടനം 2024 ഡിസംബർ 15ന് ക്രിസ്തുമസ് നവവത്സര പരിപാടിയോടൊപ്പം തുടക്കം കുറിച്ചു.

ക്രിസ്തുമസിന്റെ വരവറിയിച്ച് കുട്ടികൾ നടത്തിയ തിരുപ്പിറവിയുടെ ദൃശ്യാവിഷ്കാരത്തോടെ തുടങ്ങിയ ആഘോഷങ്ങൾ നിരവധി സംഗീത നൃത്ത പരിപാടികളോടെ സമാപിച്ചു. സമാപന സമ്മേളനത്തിൽ 2025 ലെ പുതിയ കമ്മിറ്റിയെ പ്രസിഡന്റ് ജെൻസൺ ജോസ് സദസിന് പരിചയപ്പെടുത്തി. ജൂബിലി വർഷത്തിൽ നടത്തുന്ന പരിപാടികളുടെ രൂപരേഖ പ്രസിഡന്റ് തന്റെ സന്ദേശത്തിൽ വിവരിച്ചു.

1975 തുടങ്ങിയ സംഘടനയുടെ മുൻ പ്രസിഡന്റുമാരെയും നേതാക്കളെയും അനുസ്മരിച്ചുകൊണ്ട് സന്നിഹിതരായിരുന്ന മുൻ പ്രസിഡന്റുമാരുടെ സാന്നിധ്യത്തിൽ രജത ജൂബിലി വർഷമായിരുന്ന 2001 ലെ പ്രസിഡന്റ് എബ്രഹാം സാമുവേലും 2025 ലെ പ്രസിഡന്റ് ജെൻസൺ ജോസും ചേർന്ന് ജൂബിലിയുടെ ലോഗോ പ്രകാശനം നടത്തി ഒരു വർഷം നീളുന്ന പരിപാടികൾക്ക് വർണാഭമായ തുടക്കം കുറിച്ചു.

തുടർന്ന് 2024ലെ പ്രസിഡന്റ് സുഷമ പ്രവീണിനും എല്ലാ കമ്മിറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി ഉപഹാരം നൽകി. കലയെയും കലാകാരേയും പ്രോത്സാഹിപ്പിക്കുന്ന ഗഅഏണ വർഷം തോറും നടത്തുന്ന ഓരോ പരിപാടികളും നടത്തിപ്പിന്റ സൂഷ്മത കൊണ്ടും കലാമേന്മകൊണ്ടും ഇതിനോടകം ഏവരുടെയും പ്രശംസ നേടിയിട്ടുണ്ട്.

കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി വർഷം തോറും നടത്തുന്ന ടാലെന്റ് ടൈം നൂറുകണക്കിന് കുട്ടികൾ പങ്കെടുക്കുന്ന ദിവസങ്ങൾ നീളുന്ന കലാമേള കേരളത്തിലെ സ്കൂൾ കലോത്സവത്തിന്റെ ഒരു നേർകാഴ്ച്ചയാണ്.

എല്ലാ പരിപാടികളിലും പുതുമ കണ്ടെത്തി നടത്തുന്നതിൽ ഗഅഏണ എന്നും മറ്റെല്ലാ സംഘടനകൾക്കും മാതൃകയാണ്. സാമൂഹിക സേവന പ്രവർത്തനങ്ങൾ, ധനസഹായ പ്രവർത്തനം തുടങ്ങി നിരവധി പരിപാടികളും ഇതോടൊപ്പം നടത്തി വരുന്നുണ്ട്. പുതിയ തലമുറയെ ഭാഷയും സംസ്കാരവും പരിചയപ്പെടുത്തി വളർത്താനും അതിന്റെ പവിത്രത കാത്തുസൂഷിക്കുന്നതിനുമായി നിരവധി കർമ്മ പരിപാടികൾ തുടർച്ചയായി എല്ലാ വർഷവും നടത്തിവരുന്നു.

യുവജനങ്ങളുടെ പരിപാടികൾ ഏകോപ്പിക്കാൻ വളരെ കർമ്മനിരതരായ ഒരു യൂത്ത് ക്ലബ് കാലാകാലങ്ങളായി പ്രവർത്തിക്കുന്നു. എല്ലാ പരിപാടികൾക്കും ഉള്ള യുവജന പങ്കാളിത്തം വളരെ ശ്രദ്ധേയമാണ്.

◗ മനോജ് മാത്യു





മാറുന്ന കാലം 8

# സമയരഥം ഉരുളുമ്പോൾ



സെർജി ആന്റണി

കടന്നു പോയ വർഷം കുറെ അനുഭവങ്ങളും വരുംവർഷം ചില പ്രതീക്ഷകളും നമുക്കു നൽകുന്നു. മാറുന്ന കാലത്തിന്റെ ഘടികാര സൂചി പിന്നെയും തിരിയും. 2024ലെ നഷ്ടങ്ങളും നേട്ടങ്ങളും വർഷാന്ത്യത്തിൽ വിശദമായി വിശകലനം ചെയ്യപ്പെട്ടു. ആഗോള തലത്തിലും ദേശീയ തലത്തിലും പ്രാദേശിക തലത്തിലുമൊക്കെ നടന്ന പ്രധാന സംഭവങ്ങൾ ഒരിക്കൽക്കൂടി അനുസ്മരിക്കപ്പെട്ടു. വയനാട് ദുരന്തവും ഗാസയിലെ സംഘർഷവും ഉക്രെയിനിലെ യുദ്ധവുമൊക്കെ വിശകലനം ചെയ്യുന്നവർ തങ്ങളുടെ ചുറ്റും നടന്ന കാര്യങ്ങൾ പലപ്പോഴും വിസ്മരിക്കുന്നു.

പുതിയ പ്രതീക്ഷകളും വാഗ്ദാനങ്ങളും തീരുമാനങ്ങളുമായി നാം 2025ലേക്കു കടന്നുകഴിഞ്ഞു. പുതുവർഷാഘോഷത്തിന്റെ ആഗോള ദൃശ്യങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ നാം നേരിട്ടു കണ്ടു. കേരളത്തിലും പ്രധാന നഗരങ്ങളിലെല്ലാം പാതിരായ്ക്ക് ആളുകൾ ഒത്തുകൂടി പുതുവത്സരാഘോഷം നടത്തി. ആഘോഷ പരിപാടികളെല്ലാം പൊതുവേ സമാധാനപരമായി കടന്നുപോയെങ്കിലും ദാരുണമായ ചില സംഭവങ്ങളും ഉണ്ടായി. തൃശൂർ തേക്കിൻകാട് മൈതാനത്തിന്റെ പടിഞ്ഞാറെ നടയ്ക്കു സമീപം പതിനാലു വയസുള്ള ഒരു കൗമാരക്കാരൻ മുപ്പതു വയസുള്ള യുവാവിനെ കുത്തിക്കൊലപ്പെടുത്തി. കൊച്ചിയിൽ പുതുവത്സരാഘോഷം കഴിഞ്ഞു മടങ്ങിയ രണ്ടു ചെറുപ്പക്കാർ ബൈക്കപകടത്തിൽ മരിച്ചു. കൗമാരക്കാരും യുവാക്കളും ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ പെരുകുന്നതു സമൂഹത്തിലെ മൂല്യച്യുതിയുടെ പ്രകടമായ ലക്ഷണം തന്നെ.

മറക്കാനും പൊറുക്കാനുമുള്ള ആഹ്വാനങ്ങളും തീരുമാനങ്ങളും വർഷാന്ത്യത്തിലും നാം കേട്ടു. അതു പ്രായോഗികമാക്കേണ്ട സമയം വരുകയാണ്. മണിപ്പൂരിലെ വംശീയ കലാപത്തിന്റെ പേരിൽ ഏറെ ആരോപണങ്ങൾ നേരിട്ട മുഖ്യമന്ത്രി ബിരേൻ സിംഗിന്റെ ക്ഷമാപണമാണ് ഏറെ ശ്രദ്ധേയമായത്. വാക്കുകളിൽ മാത്രം ഒതുങ്ങുന്ന പ്രഖ്യാപനങ്ങളും ക്ഷമാപണവും രാഷ്ട്രീയക്കാരുടെ പതിവുശൈലിയായി മാറിയിരിക്കുന്ന കാലത്ത് പ്രായോഗിക പരിഹാരങ്ങൾ മാത്രമേ ജനം കണക്കിലെടുക്കൂ.

പുതുവർഷത്തോടനുബന്ധിച്ചു ദേശീയ തലത്തിലും സംസ്ഥാനത്തും പല പുതിയ പദ്ധതികളും തുടങ്ങുന്നുണ്ട്. കേരളത്തിൽ പുതുവർഷദിനത്തിൽ ആരംഭിച്ച വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിൻവാരം പുതിയൊരു മാറ്റത്തിന്റെ തുടക്കമെന്നാണ് സർക്കാർ വിശേഷിപ്പിക്കുന്നത്. ‘നാടു സുന്ദരമാക്കാൻ കൂടെ നിൽക്കാം, മാലിന്യം വലിച്ചെറിയാതിരിക്കാം’ എന്ന സന്ദേശമാണ് ഇതിലൂടെ പ്രചരിപ്പിക്കുന്നത്. മാലിന്യം വഴിയിലും അയൽക്കാരന്റെ പറമ്പിലും നിക്ഷേപിക്കുന്നൊരു രീതി മലയാളിക്കുണ്ട്. വികസിത സമൂഹം ഇത് ഒരുതരത്തിലും സഹിക്കില്ല. ലോകം കണ്ടിട്ടുള്ള മലയാളി അത്തരം നല്ല മാതൃകകൾ നമ്മുടെ നാട്ടിൽ എത്തുമ്പോൾ മറക്കുന്നു.

പരിസരം മാത്രമല്ല മനുഷ്യമനസുകളും ശുചിയാക്കപ്പെടണം. അതിനുള്ള അവസരം കൂടിയാകണം പുതുവർഷാരംഭം. വ്യക്തിപരമായ തീരുമാനങ്ങൾപോലും സമൂഹജീവിതത്തെ സ്വാധീനിക്കും. അതിൽ പ്രധാനമാണ് ലഹരിക്കെതിരേയുള്ള പ്രവർത്തനം. പല കുറ്റകൃത്യങ്ങളുടെയും പിന്നാമ്പുറങ്ങളിൽ ലഹരിയുടെ ഗന്ധം ഉണ്ട്. ഈ പുതുവത്സരാഘോഷത്തിലും അതിന്റെ ചില പ്രത്യാഘാതങ്ങൾ നാം കണ്ടു.



അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെ നിഷ്പക്ഷവും നീതിപൂർവുമായ തീരുമാനങ്ങളും ഇടപെടലുകളും വളരെ പ്രധാനമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ അധികാര ദുർവിനിയോഗത്തിന്റെ അഭിശപ്ത വാർത്തകളാണ് നാം ഏറെയും കേൾക്കുന്നത്. ജനങ്ങളുടെ ക്ഷേമവും സമൂഹത്തിന്റെ സുരക്ഷയും ഉറപ്പാക്കാൻ ഉത്തരവാദിത്വമുള്ളവരിൽനിന്നു കൂടുതൽ ഉദാരവും ക്രിയാത്മകവുമായ നടപടികളാണ് പുതുവർഷം ആവശ്യപ്പെടുന്നത്.

രാജ്യത്തെ പ്രധാനമന്ത്രിയെന്ന നിലയിൽ പത്തു വർഷക്കാലവും അതിനു മുമ്പ് വ്യത്യസ്ത പദവികളിലും നിസ്തുല സംഭാവകൾ നൽകിയ ഡോ. മൻമോഹൻസിംഗ്, മലയാള സാഹിത്യത്തെയും സിനിമയെയും ലോകോത്തര നിലവാരത്തിലേക്കുയർത്തിയ എം.ടി. വാസുദേവൻ നായർ, ഇന്ത്യൻ സിനിമയിൽ പുതിയൊരു പാത തുറന്ന സംവിധായകൻ ശ്യാം ബെനഗൽ, തബലയിൽ മാന്ത്രിക സംഗീതം വിരിയിച്ച സക്കീർ ഹുസൈൻ എന്നിവർ കഴിഞ്ഞ ഡിസംബറിലാണു നമ്മെ വിട്ടു പിരിഞ്ഞത്.

പ്രഗത്ഭരും പ്രസിദ്ധരും വിട പറയുമ്പോഴുള്ള ശൂന്യത കൂടുതൽ ശ്രദ്ധിക്കപ്പെടുമെങ്കിലും എല്ലാ വിയോഗങ്ങളും ആരെയെങ്കിലുമൊക്കെ ബാധിക്കാം. അവയും ചെറുതായി കാണാനാവില്ല. സെക്യൂരിറ്റി ജോലി കഴിഞ്ഞു വൃദ്ധരായ മാതാപിതാക്കളുള്ള വീട്ടിലേക്കു മടങ്ങും വഴി കാട്ടാന ചവിട്ടിക്കൊന്ന കോതമംഗലം കോടിയാട്ട് എൽദോ വർഗീസും നിക്ഷേപത്തുക തിരികെ ലഭിക്കാഞ്ഞതിനെത്തുടർന്ന് ജീവനൊടുക്കിയ കട്ടപ്പനയിലെ സാബുവുമൊക്കെ ആ കുടുംബങ്ങളുടെ തീരാവേദനയാണ്. അതും ഡിസംബറിന്റെ നഷ്ടം തന്നെ.

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ ജോയി എന്ന ശുചീകരണ തൊഴിലാളി മുങ്ങിമരിക്കാനിടയായ സംഭവം നടന്നത് കഴിഞ്ഞ ജൂലൈ 13നായിരുന്നു. ശുചിത്വ കേരളത്തിന്റെ പൊയ്മുഖം അതു തുറന്നു കാട്ടി. അതേ മാസം തന്നെയാണ് കോഴിക്കോട്ട് ഒരു ഹോട്ടലിലെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ രണ്ടു തൊഴിലാളികൾ മരിച്ചതും. ഐടി, കോർപറേറ്റ് ലോകത്തെ ജോലി സംഘർഷത്തിന്റെ ബലിയാടായ അന്ന സെബാസ്റ്റിയൻ 2024ന്റെ മറ്റൊരു ദുഖസ്മരണയായി. ആലപ്പുഴയിൽ ആറു മെഡിക്കൽ വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ കാറപകടം അതിദാരുണമായി. നാല്പതിനായിരത്തിലേറെ വാഹനാപകടങ്ങളാണ് കേരളത്തിൽ 2024ൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. മൂവായിരത്തിലേറെപ്പേർ മരിച്ചു. വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ വർഷം കേരളത്തിൽ നിരവധി ജീവൻ നഷ്ടപ്പെട്ടു. കുവൈറ്റിൽ താമസസ്ഥലത്തുണ്ടായ തീപിടുത്തത്തിൽ 24 മലയാളികൾ ഉൾപ്പെടെ അമ്പതോളം പേർ മരിച്ച സംഭവവും 2024ലെ മറ്റൊരു കറുത്ത അധ്യായമായിരുന്നു.

കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട വിവാദക്കൊടുങ്കാറ്റ് ഈ വർഷവും ആഞ്ഞടിക്കും. മുനമ്പത്ത് പണം കൊടുത്തും കരം അടച്ചും സ്വന്തമാക്കിയ വസ്തുവിന്റെ ഉടമസ്ഥാവകാശത്തിനുവേണ്ടി അവിടുത്തെ അറുനൂറോളം കുടുംബങ്ങൾ നടത്തുന്ന പോരാട്ടം ഈ വർഷവും തുടരുകയാണ്.

വയനാട്ടിലെ മുണ്ടക്കൈചൂരൽമല പ്രദേശത്തുണ്ടായ വൻ ഉരുൾ പൊട്ടലാണ് 2024ൽ കേരളത്തെ ഗ്രസിച്ച ഏറ്റവും വലിയ ദുരന്തം. നാനൂറോളം പേർ മരിക്കുകയും നൂറിലേറെപ്പേരെ കാണാതാവുകയും ചെയ്തു. 2018ലെ മഹാപ്രളയത്തിനുശേഷം സംസ്ഥാനം നേരിട്ട വലിയ ദുരന്തമായി ഇത്. 2025 ഇവരുടെ പുനരധിവാസത്തിന്റെ പ്രശ്നസങ്കീർണമായ കാലമാകുമെന്ന ഭയമാണ് പുതുവത്സര നാളുകളിൽ കേരളം അഭിമുഖീകരിക്കുന്നത്. വീടും സ്ഥലവും എല്ലാം പൂർണമായി നഷ്ടപ്പെട്ടവരെപ്പോലും ഇതുവരെ പുനരധിവസിപ്പിച്ചിട്ടില്ല. യുദ്ധകാലാടിസ്ഥാനത്തിൽ പുനരധിവാസവും പുനർനിർമാണവും നടക്കേണ്ട മേഖലയിൽ ഇപ്പോഴും തർക്കവിതർക്കങ്ങളാണ്.

ഗിന്നസ് റിക്കാർഡ് തിരുത്താൻ നടത്തിയ വൻനൃത്ത പരിപാടിക്കെത്തിയ ഉമ തോമസ് എം.എൽ.എ എറണാകുളം കലൂർ സ്റ്റേഡിയത്തിലെ സ്റ്റേജിൽനിന്നു താഴെ വീണ് ഗുരുതരമായി പരിക്കേറ്റ സംഭവം കെടുകാര്യസ്ഥതയുടെ മകുടോദാഹരണമായി. സംഭവത്തിന്റെ വീഡിയോ ദൃശ്യങ്ങൾ അതു സാക്ഷ്യപ്പെടുത്തുന്നു. സർക്കാർ സംവിധാനങ്ങളുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയുമൊക്കെ ഗുരുതരമായ കൃത്യവിലോപം ഇവിടെയുണ്ടായി. അതൊക്കെ നിസാരവത്കരിക്കുന്ന രീതിയിലാണ് പലരുടെയും പ്രതികരണങ്ങൾ.

എല്ലാവരും വികസനത്തിന്റെ വായ്ത്താരികൾ മുഴക്കുമ്പോൾ പല കാര്യങ്ങളിലും നാം പ്രാകൃതരാണെന്ന കാര്യം വ്യക്തമാവുകയാണ്. രാഷ്ട്രീയ കൊലപാതകങ്ങളും കൊടും കുറ്റകൃത്യങ്ങളും വ്യക്തിഹത്യകളും വൻ തട്ടിപ്പുകളും അരങ്ങേറുന്ന സമൂഹത്തിൽ എങ്ങിനെയാണ് നന്മ വളരുക? വിവാദങ്ങളുയർത്തി വസ്തുതകൾക്കു മൂടാപ്പു ചമയക്കുന്നവർക്കു യാഥാർഥ്യങ്ങളെ തത്കാലത്തേക്കു മറച്ചുവയ്ക്കാനായേക്കും. പക്ഷേ സത്യത്തിന്റെ സൂര്യവെളിച്ചം എല്ലാ തമസിനെയും കീറിമുറിച്ചെത്തും.

ഭരണകൂടങ്ങളും സർക്കാർ സംവിധാനങ്ങളും വൻ പദ്ധതി നടത്തിപ്പുകാരുമൊക്കെ പാവപ്പെട്ടവരെ സഹായിക്കാനും അവർക്കു കൈത്താങ്ങാകാനും കണക്കുപറയുകയും തർക്കിച്ചു സമയം പാഴാക്കുകയും ചെയ്യുമ്പോൾ ചില ചെറിയ മനുഷ്യർ ചെയ്യുന്ന വലിയ കാര്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. അതു ഭക്ഷണപ്പൊതി മുതൽ ഭവനം വരെ ഉണ്ട്. പലരും ചെയ്യുന്നതു പുറംലോകം അറിയുന്നില്ലെന്നു മാത്രം. കാരണം അവർ അതിന്റെ പേരിൽ രാഷ്ട്രീയം കളിക്കാനോ സ്ഥാനാർത്ഥിയാകാനോ ആഗ്രഹിക്കുന്നല്ലെന്നതുതന്നെ.

വയനാട് മുണ്ടക്കൈയിലും ചൂരൽമലയിലും വീടും സ്ഥലവും ഒലിച്ചുപോയവരെ പുനരധിവസിപ്പിക്കുന്നതിന് ഇപ്പോഴും അലംഭാവം കാട്ടുന്നവർ പുതുവത്സരദിനത്തിലും അതിനടുത്ത ദിവസവും ഉദ്ഘാടനം ചെയ്യപ്പെട്ട രണ്ടു പദ്ധതികൾ കാണട്ടെ. പി.യു. തോമസിന്റെ നേതൃത്വത്തിലുള്ള ആർപ്പൂക്കര നവജീവൻ ട്രസ്റ്റിന്റെ സാന്ത്വന പരിപാലന കേന്ദ്രവും സാമൂഹിക പ്രവർത്തക ഡോ. എം.എസ് സുനിൽ പത്തനംതിട്ട പഴയരിക്കണ്ടത്തു നിർമിച്ചു നൽകിയ 337-ാമത്തെ ഭവനവും.

നവജീവൻ പി.യു. തോമസിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ സമാനതകളില്ലാത്തതാണ്. അര നൂറ്റാണ്ടിലേറെയായി എത്രയോ പേർക്കാണ് തോമസ് ചേട്ടന്റെ ആശ്വാസഹസ്തം ലഭിച്ചത്. തെരുവിൽ അലഞ്ഞു നടന്നവരും അനാഥരും മനോരോഗികളും മാറാവ്യാധിയുള്ളവരുമായ നാലായിരത്തോളം പേർക്കാണ് തോമസ് ചേട്ടന്റെ നവജീവൻ അഭയം നൽകിയത്.

വ്യക്തികളുടെ നല്ല മനസിനെ സർക്കാരിനും നന്നായി ഉപയോഗിക്കാനായാൽ എത്രയോ വലിയ കാര്യങ്ങൾ നിഷ്പ്രയാസം ചെയ്യാനാവും. ജീവകാരുണ്യരംഗത്തും പുനരധിവാസത്തിലുമെല്ലാം വിശ്വാസ്യത ഒരു പ്രധാന ഘടകംതന്നെ. എല്ലാ പ്രതിസന്ധികൾക്കിടയിലും ചില വ്യക്തികളും കൂട്ടായ്മകളും കൊളുത്തുന്ന മൺചിരാതുകളിൽ നിന്നുയരുന്ന പ്രകാശരേണുക്കളാണ് സമൂഹത്തിനു വഴികാട്ടികളാകുന്നത്.


Sunny E. Thomas
Licensed Agent - New York Life Insurance Company
847-370-9279 | thomasse@ft.nyl.com
www.newyorklife.com/agent/thomasse
• 30+ Years of Industry Experience
• Protection & Insurance Solutions
◦ Life Insurance
◦ Long Term Care Insurance
◦ Disability Income Insurance
• Fixed Immediate & Deferred Annuities

Proud to Offer
NEW YORK LIFE
"Helping you plan better, retire comfortably, protect your family, and create a legacy"
475 N Martingale Rd, Suite 1250, Schaumburg, IL 60173
Contact Us - Virtual Meetings Available
Free Consultation



SUNNY FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Adviser & Planner
847-414-9116 | tom@sunnyfinancial.com
• Comprehensive Financial Planning
• 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
• Professional Investment Management & Guidance
• Retirement Income/Retirement Savings
• Risk Management & Insurance
• Tax Planning Strategies
• Education Funds
• Estate Planning
• Business Plans/Employee Benefits/Medicare/Pension
www.sunnyfinancial.com

# ഓർമ ഇന്റർനാഷണലിന് നവ നേതൃത്വം



ഫിലാഡൽഫിയ: രണ്ടായിരത്തി ഒൻപതിൽ ഫിലാഡൽഫിയയിൽ തുടക്കം കുറിച്ച് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പന്തലിച്ചിരിക്കുന്ന ഓർമ ഇന്റർനാഷണലിന്റെ 2025-26ലേക്കുള്ള പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു.

ഓർമ അന്താരാഷ്ട്ര സംഗമസരത്തിലൂടെ ലോകമെമ്പാടുമുള്ള മലയാളികളുടെ മനസ്സിൽ കുടിയേറിയ ഒരു മലയാളി സംഘടനയാണ് ഓർമ ഇന്റർനാഷണൽ. സജി സെബാസ്റ്റ്യൻ പ്രസിഡന്റ്, ക്രിസ്റ്റി എബ്രഹാം സെക്രട്ടറി, റോഷൻ പ്ലാമൂട്ടിൽ ട്രഷറർ എന്നിവർ അടങ്ങുന്ന യുവ നേതൃത്വം ഐക്യകണ്ഠമായാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഓർമ ഇന്റർനാഷണൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സജി സെബാസ്റ്റ്യൻ ഓർമ ടാലന്റ് ഫോറം ഫിനാൻസ് ഓഫീസറായി പ്രവർത്തിച്ചുവരികയായിരുന്നു. ഫിലാഡൽഫിയ സെന്റ് തോമസ് കാത്തോലിക് ഫൊറാന പള്ളി ട്രസ്റ്റി ആയി രണ്ടാം തവണ പ്രവർത്തിച്ചുവരുന്നു. ഒപ്പം ഇരുപതുവർഷമായി അമേരിക്കൻ മലയാളി പോസ്റ്റൽ എംപ്ലോയീസ് അസോസിയേഷൻ ജനറൽ കോ-ഓർഡിനേറ്റർ ആയും സ്തുത്യർഹമായ നേതൃത്വം നൽകിവരുന്നു. ജനറൽ സെക്രട്ടറി ആയി ചുമതല ഏറ്റെടുത്തിരിക്കുന്ന ക്രിസ്റ്റി എബ്രഹാം കഴിഞ്ഞ 35 വർഷമായി ഫിലാഡെൽഫിയ സ്വദേശിനിയും മലയാള സാമൂഹിക സംസ്കാരിക വേദികളിൽ ഒരു യുവ സാനിധ്യവുമാണ്. റോഷൻ പ്ലാമൂട്ടിൽ നാടക നടൻ, സംഘാടകൻ, വിവിധ സംഘടനകളിലെ ഭാരവാഹി എന്നീ നിലകളിൽ പ്രസിദ്ധനാണ്.

ജോസ് ആറ്റുപുറം ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, ജോസ് തോമസ് ടാലന്റ് ഫോറം, അറ്റോർണി ജോസ് കുന്നേൽ ലീഗൽ ഫോറം, വിൻസെന്റ് ഇമ്മാനുവേൽ, പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫേഴ്സ് ഫോറം, അരുൺ കോവാട്ട് മീഡിയ ഫോറം എന്നിവർ ഫോറം ചെയർമാൻമാരായി തുടരും. ജോർജ് നടവയൽ, ഷാജി അഗസ്റ്റിൻ എന്നിവർ എക്സ് ഒഫീഷ്യൽസുമായി തെരഞ്ഞെടുക്കപ്പെട്ടു. വിവിധ ഓർമ ചാപ്റ്ററുകളുടെയും, റീജിയണുകളുടെയും നിലവിലുള്ള ഭാരവാഹികൾ തുടർന്നും നേതൃത്വം നൽകുന്നതാണ്.



# ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണ് നവ നേതൃത്വം

ഹൂസ്റ്റൺ: ഹൂസ്റ്റണിലെ ഇരുപതു ഇടവകകളുടെ സംയുക്ത വേദിയായ ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണിനു (ICECH) 2025ൽ ശക്തമായ നേതൃത്വം നൽകുന്നതിന് പുതിയ നേതൃനിരയെ തെരഞ്ഞെടുത്തു. ഡിസംബർ 30ന് സെന്റ് പോൾസ് ആൻഡ് സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ നടന്ന വാർഷിക പൊതുയോഗത്തിൽ വച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്.

പുതിയ ഭാരവാഹികൾ: പ്രസിഡന്റ് - റവ. ഫാ. ഡോ. ഐസക്ക് ബി. പ്രകാശ് (വികാരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ചർച്ച്, ഹൂസ്റ്റൻ), വൈസ് പ്രസിഡന്റ് - റവ. ഫാ. രജേഷ് കെ. ജോൺ (സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്, ഹൂസ്റ്റൻ), സെക്രട്ടറി - ഷാജൻ ജോർജ് (ട്രിനിറ്റി മാർത്തോമാ ഇടവക), ട്രഷറർ - രാജൻ അങ്ങാടിയിൽ (സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക് ചർച്ച്), പ്രോഗ്രാം കോ-ഓർഡിനേറ്റർ - ഫാൻസി മോൾ പള്ളാത്തു മഠം, പബ്ലിക് റിലേഷൻസ് ഓഫീസർ - ജോൺസൻ ഉമ്മൻ, വോളണ്ടിയർ ക്യാപ്ടൻ - നൈനാൻ വീട്ടീനാൽ, മിൽറ്റ മാത്യു, ഓഡിറ്റർ - ജിനോ ജേക്കബ്, സ്പോർട്സ് കോർഡിനേറ്റർമാർ - റെജി കോട്ടയം, ബിജു ചാലക്കൽ, ഐ.സി.ഇ.സി.എച്ച്, ക്വയർ കോർഡിനേറ്റർ - ഡോ. അന്ന. കെ. ഫിലിപ്പ്, സ്പോർട്സ് കമ്മിറ്റി അംഗങ്ങളായി ജോജി ജോസഫ്, നൈനാൻ വീട്ടീനാൽ, സാബു മത്തായി, നവീൻ ജയൻ, ജോൺസൻ ഉമ്മൻ, മിൽറ്റ മാത്യു, രെഞ്ചു രാജ്, വിനോദ് ചെറിയാൻ, അനിത് ഫിലിപ് , മെവിൻ മാത്യു, സുബിൻ ജോൺ, ജോൺ വർഗീസ്, ഷൈജു മാത്യു എന്നിവരെയും തെരഞ്ഞെടുത്തു.

യോഗത്തിൽ സിമി തോമസ് സ്വാഗത പ്രസംഗവും സെക്രട്ടറി റെജി ജോർജ് വാർഷിക റിപ്പോർട്ടും രാജൻ അങ്ങാടിയിൽ നന്ദിയും പ്രകാശിപ്പിച്ചു.

◗ *ജീമോൻ റാന്നി*

# കാപ്പിറ്റോൾ വിസിറ്റർ സെന്ററിലേക്ക് ട്രംപ് എത്തുന്നതിന് മുമ്പായി വെട്ടുകത്തിയുമായി നുഴഞ്ഞുകയറാൻ ശ്രമിച്ചു യുവാവ്

നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എത്തുന്നതിന് മണിക്കൂറുകൾക്ക് മുമ്പ് യുഎസ് കാപ്പിറ്റോൾ വിസിറ്റർ സെന്ററിലേക്ക് ഒരു വടിവാളും മൂന്ന് കത്തികളും എത്തിക്കാൻ ശ്രമിച്ചുവെന്നാരോപിച്ച് വാഷിംഗ്ടൺ ഡിസിയിലെ ഒരു മനുഷ്യനെ ബുധനാഴ്ച കസ്റ്റഡിയിലെടുത്തതായി റിപ്പോർട്ട്.

നിയമനിർമ്മാണ സമുച്ചയത്തിന്റെ പ്രവേശന കവാടത്തിലെ എക്സ്റേസ്കാനറിൽ തടഞ്ഞുനിർത്തിയ മെൽ ജെ. ഹോണിനെതിരെ (44) അപകടകരമായ ആയുധം കൈവശം വച്ചതിന് അടക്കം ഒന്നിലധികം കുറ്റങ്ങൾ ചുമത്താൻ പദ്ധതിയിടുന്നതായി യുഎസ് കാപ്പിറ്റോൾ പോലീസ് പറഞ്ഞു.

ക്യാപിറ്റൽ വിസിറ്റർ സെന്ററിന്റെ വടക്കൻ വാതിലുകളിൽ സുരക്ഷാ സ്ക്രീനിംഗ് സമയത്ത്, ഞങ്ങളുടെ ഉദ്യോഗസ്ഥർ ഒരു മനുഷ്യന്റെ ബാഗിൽ ഒരു വെട്ടുകത്തി കണ്ടു, തുടർന്ന് ആളെ അറസ്റ്റുചെയ്ത്, വടിവാൾ കണ്ടുകെട്ടി' എന്നാണ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പ്രസ്താവന.

ബാഗിൽ നിന്ന് മൂന്ന് കത്തികളും വെട്ടുകത്തിയും കണ്ടെടുത്തു. ഉച്ചയ്ക്ക് രണ്ട് മണിയോടെയാണ് സംഭവം. സുരക്ഷയെ മറികടന്ന് ആയുധങ്ങൾ സ്വന്തമാക്കാൻ ശ്രമിച്ചതിന് സംശയിക്കപ്പെടുന്ന വ്യക്തിയുടെ ഉദ്ദേശം എന്തായിരുന്നു എന്ന് ഇതുവരെ വ്യക്തമല്ല. അപകടകരമായ ആയുധം കൈവശം വച്ചതിനും നിരോധിത ആയുധം കൈവശം വച്ചതിനും പ്രതിക്കെതിരെ കേസെടുത്തിട്ടുണ്ട്.

## ഫൊക്കാനയുടെ കൺവെൻഷൻ കോ-ചെയേർസായി

# സ്കറിയ പെരിയാപ്പുറം, രാജൻ സാമുവൽ, അലക്സ് എബ്രഹാം, ദേവസി പാലാട്ടി



ന്യൂയോർക്ക്: ഫൊക്കാന കൺവെൻഷൻ കോ-ചെയേർസായി സ്കറിയ പെരിയാപ്പുറം, രാജൻ സാമുവൽ, അലക്സ് എബ്രഹാം, ദേവസി പാലാട്ടി എന്നിവരെ നിയമിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

സ്കറിയ പെരിയാപ്പുറം അമേരിക്കയിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിദ്യമാണ്. ഡെൽവെയർ മലയാളി അസോസിയേഷന്റെ സ്ഥാപകനും ആദ്യത്തെ പ്രസിഡന്റും ആണ്. കെ.എസ്.സിയുടെ ജില്ലാ സെക്രട്ടറി, കേരളാ യൂത്ത് ഫ്രണ്ടിന്റെ നിയോജക മണ്ഡലം പ്രസിഡന്റ്, കേരളാ കോൺഗ്രസിന്റെ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ കേരളാ രാഷ്ട്രീയത്തിൽ നിറഞ്ഞു നിൽക്കുമ്പോഴാണ് അദ്ദേഹം അമേരിക്കയിലേക്ക് കുടിയേറുന്നത്.

ഫിലാഡൽഫിയായിലെ സാമൂഹ്യ, സാംസ്കാരിക രംഗത്തും, ബിസിനസ് രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച രാജൻ സാമുവൽ. 2016ൽ പെൻസിൽവാനിയായിലെ സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ചർച്ചിന്റെ സ്ഥാപകാംഗം, ട്രഷറർ എന്നീ നിലകളിലും, പമ്പാ മലയാളി അസോസിയേഷന്റെ പ്രസിഡന്റ് തുടങ്ങി മിക്ക സ്ഥാനങ്ങളും വഹിച്ചിട്ടുള്ള അദ്ദേഹം ഫൊക്കാനയിലെ 2008ലെ ഓഡിറ്ററാണ്.

ന്യൂയോർക്കിലെ സാമൂഹ്യ സംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്യമാണ് അലക്സ് എബ്രഹാം, 2012 മുതൽ ഹഡ്സൺവാലി മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകൻ ആയ അലക്സ് കമ്മറ്റി അംഗമായും, ജോയിന്റ് സെക്രട്ടറിയായും, സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. കേരള ബി.എസ്സി നഴ്സിംഗ് അസോസിയേഷൻ (കെ.ബി.എസ്.എൻ.എ)സംസ്ഥാന സെക്രട്ടറി ആയിരുന്ന അലക്സ് 1995ൽ ബി.എസ്സി നഴ്സിംഗിൽ ബിരുദം നേടിയ ശേഷം മംഗലാപുരം എൻ.വി. ഷെട്ടി നഴ്സിംഗ് കോളേജിൽ അസിസ്റ്റന്റ് ലക്ച്ചറർ ആയി മൂന്ന് വർഷം അധ്യാപകനായിരുന്നു. നേഴ്സായി ജോലി ചെയ്യുന്നു.

അമേരിക്കയിലെ അറിയപ്പെടുന്ന കലാകാരനായ ദേവസി പാലാട്ടി, ഫൊക്കാനയുടെ തുടക്കം മുതൽ സംഘടനയ്ക്കൊപ്പം സഞ്ചരിച്ച അപൂർവ്വ വ്യക്തികളിൽ ഒരാളാണ്. ഫൊക്കാനയിൽ നാഷണൽ കമ്മിറ്റി മെംബർ ആയും, റീജണൽ വൈസ് പ്രസിഡന്റ് ആയും പ്രവർത്തിച്ചിട്ടുണ്ട്. കേരള കൾച്ചറൽ ഫോറത്തിന്റെ സജീവ പ്രവർത്തകനായ അദ്ദേഹം രണ്ടു തവണ ന്യൂജേഴ്സി കേരള കൾച്ചറൽ ഫോറം പ്രസിഡന്റായും സെക്രട്ടറിയായും പ്രവർത്തിച്ചു. ന്യൂജേഴ്സിലെ ഫാമിലി ക്ലബ്ബായ നാട്ടുകൂട്ടത്തിന്റെ സ്ഥാപക നേതാവ് കൂടിയാണ് അദ്ദേഹം.

# കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാൻജ്) ന് പുതിയ നേതൃത്വം




ന്യൂജേഴ്സി: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാൻജ്) യുടെ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. സോഫിയ മാത്യു പ്രസിഡന്റ് 2024 ഡിസംബർ പതിനാലിന് ന്യൂജേഴ്സി ടാഗോർ ഹാളിൽ ട്രസ്റ്റീ ബോർഡ് ചെയർ ദീപ്തി നായരുടെ അധ്യക്ഷതയിൽ ചേർന്ന ആനുവൽ ജനറൽ ബോഡിയിൽ ഇലക്ഷൻ കമ്മീഷൻ സ്വപ്ന രാജേഷാണ് 2025 ലേക്കുള്ള പുതിയ കമ്മറ്റി അംഗങ്ങളെ പ്രഖ്യാപിച്ചത്.

വിജയ് നമ്പ്യാർ (വൈസ് പ്രസിഡന്റ്), ഖുർഷിദ് ബഷീർ (ജനറൽ സെക്രട്ടറി), ജോർജി സാമുവൽ (ട്രഷറർ), ദയ ശ്യാം (ജോയിന്റ് സെക്രട്ടറി), കൃഷ്ണ പ്രസാദ് (ജോയിന്റ് ട്രഷറർ),സൂരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്സ്), അസ്‌ലം ഹമീദ് (സ്പോർട്സ് അഫയേഴ്സ്), നിധിൻ ജോയ് ആലപ്പാട്ട് (ഐ ടി ഓഫീസർ), അനൂപ് മാത്യൂസ് രാജു (മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ), ജയകൃഷ്ണൻ എം മേനോൻ (ചാരിറ്റി അഫയേഴ്സ്), ടോണി മാങ്ങൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ്), രേഖ നായർ (യൂത്ത് അഫയേഴ്സ്) എന്നിവരാണ് മറ്റു പുതിയ ഭാരവാഹികൾ.

സ്വപ്ന രാജേഷാണ് പുതിയ ട്രസ്റ്റീ ബോർഡ് ചെയർ, കാൻജിന്റെ വിവിധ സ്ഥാനങ്ങൾ വഹിച്ചു നേതൃപാടവം തെളിയിച്ചിട്ടുള്ള സ്വപ്ന രാജേഷ് കാൻജിന്റെ മുൻ പ്രസിഡന്റ് കൂടിയാണ്, ജോൺ ജോർജ്, ജോസഫ് ഇടിക്കുള, വിജേഷ് കാരാട്ട്, സണ്ണി വാലിപ്ലാക്കൽ എന്നിവരാണ് ട്രസ്റ്റീ ബോർഡ് അംഗങ്ങൾ. ബൈജു വർഗീസ് എക്സ് ഓഫീഷ്യോ.

◗ *ജോസഫ് ഇടിക്കുള*



# കാനഡ – അമേരിക്ക ലയനം: ട്രംപ് നിരത്തുന്ന നേട്ടങ്ങൾ എന്തൊക്കെ?




നിയുക്തഅമേരിക്കൻപ്രസിഡന്റ്ഡൊണാൾഡ് ട്രംപിന്റെ ആവശ്യമാണ് ഇപ്പോൾ ഏറെ ചർച്ചയാകുന്നത്. അത് മറ്റൊന്നുമല്ല അയൽരാജ്യമായ കാനഡ അമേരിക്കയിൽ ലയിക്കണമെന്നാണ് അദ്ദേഹത്തിന്റെ ആവശ്യം. കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ രാജി പ്രഖ്യാപിച്ച ഉടനെ ട്രംപ് തന്റെ ഓഫർ ആവർത്തിക്കുകയായിരുന്നു. കാനഡ അമേരിക്കയിൽ ലയിച്ചാൽ ലഭിക്കുന്ന നേട്ടങ്ങളും അദ്ദേഹം വിശദീകരിക്കുന്നുണ്ട്.

ട്രംപ് പ്രസിഡന്റായി ചുമതലയേറ്റെടുക്കുന്നത് ജനുവരി 20 നാണ്. ഇതിന് മുമ്പ് അദ്ദേഹം നടത്തുന്ന പല പ്രസ്താവനകളും ആഗോള തലത്തിൽ ചർച്ചയായിരിക്കുകയാണ്. ഇങ്ങനെയൊക്കെ പറയാൻ ഒരു രാഷ്ട്ര നേതാവിന് സാധിക്കമോ എന്ന ചോദ്യവും പലരും ഉന്നയിക്കുന്നുണ്ട്. ഒരുവേള ഇന്ത്യയ്ക്കെതിരെ നികുതി ഭീഷണിയും അദ്ദേഹം മുഴക്കി. യുദ്ധങ്ങളെല്ലാം ഒറ്റയടിക്ക് നിർത്തുമെന്നും ട്രംപ് പറയുന്നു. എന്താണ് കാനഡ വിഷയത്തിൽ ട്രംപിന് പറയാനുള്ളതെന്ന് നോക്കാം.

തിങ്കളാഴ്ചയാണ് ട്രൂഡോ കനേഡിയൻ പ്രധാനമന്ത്രി പദത്തിൽ നിന്ന് രാജി പ്രഖ്യാപിച്ചത്. 53 കാരനായ അദ്ദേഹത്തിന്റെ ജനകീയത കുറഞ്ഞുവെന്ന് വിലയിരുത്തിയാണ് പാർട്ടി ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിയത്. അടുത്ത പ്രധാനമന്ത്രി ചുമതലയേൽക്കും വരെ പദവിയിൽ തുടരുമെന്നും ട്രൂഡോ വ്യക്തമാക്കിയിട്ടുണ്ട്. കാനഡയിൽ ഈ വർഷമാണ് പൊതു തിരഞ്ഞെടുപ്പ്.

ട്രൂഡോയുടെ രാജി പ്രഖ്യാപനത്തിന് പിന്നാലെ സോഷ്യൽ മീഡിയയിൽ ട്രംപ് ലയന ആവശ്യം ഉന്നയിക്കുകയായിരുന്നു. കാനഡ അമേരിക്കയിൽ ലയിക്കണമെന്നും അമേരിക്കയുടെ 51-ാമത്തെ സംസ്ഥാനമായി മാറണമെന്നുമായിരുന്നു ട്രംപിന്റെ ആവശ്യം. ഇത് മുമ്പും ട്രംപ് ആവശ്യപ്പെട്ടിരുന്നെങ്കിലും നിയുക്ത പ്രസിഡന്റിന്റെ പുതിയ ആവശ്യം പലവിധ ചർച്ചകൾക്ക് ഇടയാക്കിയിരിക്കുകയാണ്.

78കാരനായ ട്രംപ് 2017–21 കാലത്ത് അമേരിക്കൻ പ്രസിഡന്റായിരിക്കെ ട്രൂഡോയുമായി നല്ല ബന്ധമായിരുന്നില്ല. പലപ്പോഴും ട്രൂഡോയെ കളിയാക്കുകയും ചെയ്തിരുന്നു. ഇക്കഴിഞ്ഞ നവംബർ അഞ്ചിന് അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഫലം വന്ന പിന്നാലെ ഫ്ളോറിഡയിലെ മാര ലാഗോയിൽ വച്ച് ട്രംപ് ട്രൂഡോയുമായി ചർച്ച നടത്തിയപ്പോഴും ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. ട്രംപ് തന്നെയാണ് സോഷ്യൽ മീഡിയ വഴി വിഷയം പരസ്യമാക്കിയത്.

കാനഡയിലെ വലിയൊരു ഭാഗം ജനങ്ങൾ അമേരിക്കയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നുണ്ട് എന്നാണ് ട്രംപ് പറയുന്നത്. കാനഡയുമായുള്ള വ്യാപാര കമ്മി അമേരിക്കക്ക് ഏറെ കാലം സഹിക്കാൻ സാധിക്കില്ല. കാനഡയ്ക്ക് ഇളവുകൾ ആവശ്യമാണ്. ട്രൂഡോയ്ക്ക് ഇക്കാര്യം അറിയാം. അദ്ദേഹം രാജിവച്ചു. കാനഡ അമേരിക്കയിൽ ലയിച്ചാൽ ഇറക്കുമതി നികുതിയുണ്ടാകില്ല. മറ്റു നികുതികൾ കുറയും. ചൈനയുടെയും റഷ്യയുടെയും യുദ്ധക്കപ്പലുകളുടെ ഭീഷണിയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും. ഒന്നിച്ചാൽ മഹത്തായ രാഷ്ട്രമാകുമെന്നും ട്രംപ് പറയുന്നു.

കാനഡ ഔദ്യോഗികമായി വിഷയത്തിൽപ്രതികരിച്ചിട്ടില്ല.കാനഡയിൽനിന്ന് മയക്കുമരുന്നും കുടിയേറ്റക്കാരും അമേരിക്കയിൽ എത്തുന്നു എന്നാണ് ട്രംപിന്റെ ആരോപണം. ഇത് തടഞ്ഞില്ലെങ്കിൽ 25 ശതമാനം നികുതി ചുമത്തുമെന്നും ട്രംപ് ഭീഷണി മുഴക്കിയിട്ടുണ്ട്. മാത്രമല്ല കാനഡ സംസ്ഥാനത്തിന്റെ ഗവർണറാണ് ട്രൂഡോ എന്നുവരെ മുമ്പ് ട്രംപ് പരിഹസിച്ചിരുന്നു.

## ട്രംപിന്റെ നയം: പണപ്പെരുപ്പ പ്രത്യാഘാതങ്ങളെക്കുറിച്ച് ഫെഡ് ഉദ്യോഗസ്ഥർ ആശങ്കാകുലർ

വാഷിംഗ്ടൺ: ഡിസംബറിലെ ഫെഡ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഫെഡറൽ റിസർവ് ഉദ്യോഗസ്ഥർ പണപ്പെരുപ്പത്തെക്കുറിച്ചും നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ആഘാതത്തെക്കുറിച്ചും ആശങ്ക പ്രകടിപ്പിച്ചു. ബുധനാഴ്ച പുറത്തിറക്കിയ മിനിറ്റ്സ് കാണിക്കുന്നത് അനിശ്ചിതത്വം കാരണം പലിശ നിരക്ക് കുറയ്ക്കുന്നത് ഇനിയും വൈകുമെന്നാണ്.

ട്രംപിനെപേരെടുത്ത്‌വിളിക്കാതെ,കുടിയേറ്റ, വ്യാപാര നയങ്ങളിലെ മാറ്റങ്ങൾ യുഎസ് സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയേക്കാവുന്ന ഫലത്തെക്കുറിച്ച് കുറഞ്ഞത് നാല് പരാമർശങ്ങളെങ്കിലും മീറ്റിംഗ് സംഗ്രഹത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രംപിന്റെ നവംബറിലെ തിരഞ്ഞെടുപ്പ് വിജയത്തിനുശേഷം, ചൈന, മെക്സിക്കോ, കാനഡ, മറ്റ് യുഎസ് വ്യാപാര പങ്കാളികൾ എന്നിവർക്കെതിരെ ആക്രമണാത്മക താരിഫുകൾക്കുള്ള പദ്ധതികൾ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ, കൂടുതൽ നിയന്ത്രണങ്ങൾ ഒഴിവാക്കലും കൂട്ട നാടുകടത്തലും പിന്തുടരാൻ അദ്ദേഹം ഉദ്ദേശിക്കുന്നു. എന്നിരുന്നാലും, ട്രംപിന്റെ നടപടികളുടെ വ്യാപ്തിയും പ്രത്യേകിച്ച് അവ എങ്ങനെ നയിക്കപ്പെടും എന്നതും വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അവ്യക്തതയുടെ ഒരു നീണ്ടനിര തന്നെ സൃഷ്ടിക്കുന്നു. ഇക്കാര്യത്തിൽ ഫെഡറൽ ഓപ്പൺ മാർക്കറ്റ് കമ്മിറ്റി അംഗങ്ങൾ ജാഗ്രത ആവശ്യമാണെന്ന് വ്യക്തമാക്കുന്നു.

## ലോസ് ആഞ്ചൽസിനെ വിഴുങ്ങി കാട്ടുതീ; രണ്ട് മരണം; കമലാ ഹാരിസിന്റെ വീടും ഒഴിപ്പിച്ചു




ലോസ് ഏഞ്ചൽസ്: ന്യൂഇയർ ദിനം മുതൽ അമേരിക്കയെ വിടാതെ പിന്തുടരുകയാണ് ദുരന്തങ്ങൾ. ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ ഏവരും കിടപ്പാടം ഉപേക്ഷിച്ച് ഓടുന്ന കാഴ്ചയാണ് ലോസ് ഏഞ്ചൽസിൽ. ജീവഭയത്താൽ 30,000 പേരാണ് ഇതിനോടകം വീടുവിട്ട് ഓടിപ്പോയതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ചിലർ തങ്ങളുടെ കാറിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ മറ്റുചിലർ നഗ്നപാദങ്ങളാൽ ജീവനും കൊണ്ടോടുന്നതായിരുന്നു കാഴ്ച. ഹോളിവുഡ് സെലിബ്രിറ്റികളടക്കം ഇതിൽ ഉൾപ്പെടുന്നു.

കാട്ടുതീയെ തുടർന്ന് പസിഫിക് പാലിസേഡ്സിലെ 1,200 ഹെക്ടർ ഭൂമിയാണ് കത്തിയെരിഞ്ഞത്. നിരവധി കെട്ടിടങ്ങളും നശിച്ചു. സാന്റാമോണിക്ക, മാലിബു എന്നീ ബീച്ച് ടൗണുകൾക്കിടയിലാണ് പസിഫിക് പാലിസേഡ്സ് സ്ഥിതിചെയ്യുന്നത്. നിരവധി സിനിമാ താരങ്ങളുടെയും പ്രമുഖ ഗായകരുടെയും വസതികൾ ഇവിടെയുണ്ട്. കാട്ടുതീ വ്യാപിച്ചത് മുതൽ തീയണയ്ക്കാനുള്ള തീവ്രശ്രമത്തിലാണ് ദൗത്യസംഘം.

രണ്ട് പേരുടെ മരണവും സ്ഥിരീകരിച്ചിട്ടുണ്ട്. ആയിരത്തോളം വീടുകൾ കത്തിയെരിഞ്ഞെന്നാണ് പ്രാഥമിക വിവരം. ലോസ് ഏഞ്ചൽസിലെ രണ്ട് ലക്ഷത്തിലധികം വീടുകളിൽ വൈദ്യുതിയുമില്ല. കാലിഫോർണിയ ഗവർണർ ചൊവ്വാഴ്ചയോടെ സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു.

നിങ്ങളുടെ ജീവനാണ് പ്രഥമ പരിഗണന നൽകേണ്ടതെന്നും പ്രിയപ്പെട്ടവരോടൊപ്പം വീടുകളിൽ നിന്ന് വേഗമിറങ്ങാനും ലോസ് ഏഞ്ചൽസ് കൗണ്ടി ഷെരിഫ് ഉത്തരവിട്ടു. വീടൊഴിഞ്ഞ് ഇറങ്ങാൻ നിർദേശം ലഭിച്ചതിൽ കമലാ ഹാരിസിന്റെ വസതിയുമുണ്ടെന്നാണ് റിപ്പോർട്ട്.

## സ്ക്രീൻ ആക്ടേഴ്സ് ഗിൽഡ് അവാർഡ് നോമിനേഷൻ പരിപാടി റദ്ദ് ചെയ്തു



ലോസ് ആഞ്ചൽസ്: ലോസ് ആഞ്ചൽസ് ഏരിയയിലെ ശക്തമായ കാട്ടുതീയും ശക്തമായ കാറ്റും കാരണം സ്ക്രീൻ ആക്ടേഴ്സ് ഗിൽഡ് അവാർഡ് നോമിനേഷൻ പരിപാടി റദ്ദ് ചെയ്തു. ബുധനാഴ്ച രാവിലെയായിരുന്നു പരിപാടി നടക്കേണ്ടിയിരുന്നത്. സിനിമയിലെയും ടെലിവിഷനിലെയും മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നവർക്കാണ് സ്ക്രീൻ ആക്ടേഴ്സ് ഗിൽഡ് അവാർഡ്. ഇതിന്റ നോമിനേഷനുകൾ നടന്മാരായ ജോയി കിംഗും കൂപ്പർ കോച്ചും ആതിഥേയത്വം വഹിക്കുന്ന ലൈവ് ഇവന്റിനിൽ പ്രഖ്യാപിക്കാനായിരുന്നു തീരുമാനം. എന്നാൽ നോമിനേഷനുകൾ പത്രക്കുറിപ്പിലൂടെ പ്രഖ്യാപിക്കും.

ലോസ് ആഞ്ചൽസിലെ പസഫിക് പാലിസേഡ്സ് പരിസരങ്ങളിലും കാലിഫോർണിയയിലെ പസഡെനയ്ക്ക് സമീപമുള്ള അൽതാഡെനയിലും കാട്ടുതീ കനത്ത നാശനഷ്ടമാണ് വരുത്തിയത്. വീടുകളും കെട്ടിടങ്ങളും അഗ്നിക്കിരയായി. അതേസമയം ക്രിസ്റ്റൻ ബെൽ 31-ാമത് വാർഷിക അവാർഡ് ചടങ്ങിന് ആതിഥേയത്വം വഹിക്കാൻ ഒരുങ്ങുകയാണ്. ഫെബ്രുവരി 23 ന് 8 മണിക്ക് ലോസ് ആഞ്ചൽസിലെ ഷ്രൈൻ ഓഡിറ്റോറിയം ആന്റ് എക്സ്പോ ഹാളിൽ നിന്ന് നെറ്റ്ഫ്ലിക്സ് തത്സമയം സംപ്രേക്ഷണം ചെയ്യും. കഴിഞ്ഞ വർഷത്തെ ചടങ്ങ് ഇദ്രിസ് എൽബയാണ് നടത്തിയത്.

RELIABLE TAX & ACCOUNTING INC.

REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING

THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260



tomvo99@comcast.net | www.CPATaxFiling.com

# മസ്ക് സ്വയം ഒരു ആഗോള സ്വേച്ഛാധിപതിയാകാൻ ശ്രമിക്കുന്നു; എലാഡ് നെഹോറായിയയുടെ ലേഖനം ചർച്ചയാകുമ്പോൾ



എലോൺ മസ്ക് സ്വയം ഒരു ആഗോള സ്വേച്ഛാധിപതിയായി സ്ഥാപിക്കാൻ ശ്രമിക്കുന്നുവെന്ന് രാഷ്ട്രീയ നിരൂപകനായ എലാഡ് നെഹോറായി. ഇതുവരെ ഉള്ള പ്രവർത്തിയും അങ്ങനെ തന്നെയാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. വിശകലനം അനുസരിച്ച്, ദേശീയ രാഷ്ട്രങ്ങൾക്ക് മുകളിൽ നിന്ന് ആഗോള രാഷ്ട്രീയ ക്രമത്തിൽ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് എലോൺ മസ്ക് നിർമ്മിക്കുകയാണ്.

ടെക് മുതലാളിയും ലോകത്തിലെ ഏറ്റവും ധനികനുമായ ഈ വ്യക്തി ഡൊണാൾഡ് ട്രംപിന്റെ രണ്ടാം തിരഞ്ഞെടുപ്പ് പ്രചാരണത്തിലേക്ക് കോടിക്കണക്കിന് ഡോളർ നിക്ഷേപിക്കുകയും തിരഞ്ഞെടുക്കപ്പെടാത്ത ഒരു സഹ പ്രസിഡന്റിനെപ്പോലെ അദ്ദേഹത്തിന്റെ ഒപ്പം ഇരിക്കുകയും ചെയ്യുന്നുവെന്ന് പറയപ്പെടുന്നു. രാഷ്ട്രീയ നിരൂപകനായ എലാഡ് നെഹോറായി എംഎസ്എൻബിസിക്ക് വേണ്ടി പ്രസിദ്ധീകരിച്ച ഒരു കോളത്തിലാണ് കോടീശ്വരന്റെ സ്വേച്ഛാധിപത്യ അഭിലാഷങ്ങൾ വിശകലനം ചെയ്യുന്നത്.

തീവ്ര വലതുപക്ഷത്തെ മസ്ക് സ്വീകരിച്ചതിന്റെ അർത്ഥം ജർമ്മനിയുടെ എഎഫ്ഡി ഉൾപ്പെടെയുള്ള സ്വേച്ഛാധിപത്യ ചായ്‌വുള്ള പാർട്ടികളെ പിന്തുണയ്ക്കുക എന്നതാണെന്ന് നെഹോറായി എഴുതി. എന്നാൽ സത്യത്തിൽ, ഫാസിസം പോലുള്ള ഒരു സർക്കാർ കേന്ദ്രീകൃത സ്വേച്ഛാധിപത്യം മസ്കിന് വേണ്ട. ബിസിനസുകൾ സർക്കാരിനെ വിഴുങ്ങുകയും യഥാർത്ഥ ഭരണ വർഗമായി മാറുകയും ചെയ്യുന്ന ഒരു ലോകത്തെയാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. വിശാലമായ ആഖ്യാനം മനസ്സിലാക്കാൻ, യുണൈറ്റഡ് സ്റ്റേറ്റ്സിൽ അദ്ദേഹം സ്വീകരിച്ച തന്ത്രം നാം പരിശോധിക്കേണ്ടതുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

ട്രംപിനെപ്പോലെ, ദക്ഷിണാഫ്രിക്കയിൽ ജനിച്ച ടെസ്ല സിഇഒയും യുഎസ് ലിബറൽ സ്ഥാപനത്തെ താഴെയിറക്കാനും ഫെഡറൽ സർക്കാരിനെ പൊളിക്കാനും ശ്രമിക്കുകയാണ്. വോട്ടർമാരെ നേരിടാതെ തന്നെ മസ്കിന് രാജ്യത്ത് ശക്തമായ സ്വാധീനം നൽകാനാണ് ഉദ്ദേശിച്ചതെന്ന് നെഹോറായി പറഞ്ഞു. കാരണം പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നതിൽ നിന്ന് ഭരണഘടനാപരമായി അദ്ദേഹത്തെ വിലക്കിയിരിക്കുന്നു.

പുതിയ ഗവൺമെന്റിൽ കാര്യക്ഷമതാ വകുപ്പിന്റെ സഹതലവനായി നിയമിതനായ അദ്ദേഹം, ഫെഡറൽ ഗവൺമെന്റിന്റെ ബജറ്റും തൊഴിൽ ശക്തിയും വൻതോതിൽ വെട്ടിക്കുറയ്ക്കാൻ ആഗ്രഹിക്കുന്നുവെന്ന് നെഹോറായി എഴുതി. ഇത് കാര്യക്ഷമമാകാനുള്ള ശ്രമമല്ല; സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിന് തടസ്സമാകുന്ന നിയന്ത്രണ സ്ഥാപനങ്ങളെയും ബ്യൂറോക്രസികളെയും നശിപ്പിക്കാനുള്ള ശ്രമമാണെന്നും അദ്ദേഹം പറയുന്നു.

കഴിഞ്ഞ മാസം, ബില്ലിനെക്കുറിച്ച് നിരവധി തെറ്റായ അവകാശവാദങ്ങൾ പോസ്റ്റ് ചെയ്തുകൊണ്ട് ഒരു ദ്വികക്ഷി സർക്കാർ ഫണ്ടിംഗ് കരാറിനെ ഫലപ്രദമായി ഇല്ലാതാക്കിയപ്പോൾ, മസ്ക് തന്റെ പുതിയ രാഷ്ട്രീയ ശക്തിയെ വളച്ചൊടിക്കുന്നത് അമേരിക്കക്കാർ കണ്ടു കരാർ ടെസ്ലയെ ചൈനയിലേക്ക് വ്യാപിപ്പിക്കുന്നത് ബുദ്ധിമുട്ടാക്കുമായിരുന്നു, ഒടുവിൽ പാസാക്കിയ ബില്ലിൽ ചൈനയിൽ നിക്ഷേപിക്കുന്ന യുഎസ് കമ്പനികൾക്ക് ഇനി ആ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നില്ലെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

അമേരിക്കൻ ഗവൺമെന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കുക മാത്രമല്ല മസ്ക് ആഗ്രഹം. സർക്കാരിനെക്കാൾ ശക്തനാകാൻ അദ്ദേഹം ആഗ്രഹിക്കുന്നു. തന്റെ ലക്ഷ്യം നേടാനുള്ള പാതയിലാണ് അദ്ദേഹം. ഡൊണാൾഡ് ട്രംപ് ജനാധിപത്യത്തിന് വരുത്തിവയ്ക്കുന്ന നാശത്തെക്കുറിച്ച് പലരും ന്യായമായും ആശങ്കാകുലരാണെങ്കിലും, മസ്കിന്റെ അഭിലാഷങ്ങൾ അതിനപ്പുറത്തേക്ക് വ്യാപിക്കുന്നു. കോർപ്പറേറ്റ് ശക്തി ട്രംപിനെയും സർക്കാരിനെയും മറയ്ക്കുന്ന ഒരു സംവിധാനം സൃഷ്ടിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്ന് നെഹോറായി എഴുതിതന്റെ ലേഖനത്തിൽ പറയുന്നു.

ജോൺ ഡി. റോക്ക്ഫെല്ലർ, ആൻഡ്രൂ കാർണഗീ തുടങ്ങിയ മുതലാളിമാരോടാണ് നെഹൊറായി മസ്കിനെ താരതമ്യം ചെയ്തത്. എന്നാൽ ആധുനിക ദേശീയ സുരക്ഷയുടെ അടിത്തറയായ ബഹിരാകാശ പര്യവേക്ഷണം, ഊർജ്ജം, ആഗോള ആശയവിനിമയം തുടങ്ങിയ സാങ്കേതിക വിദ്യകൾ മസ്ക് നിയന്ത്രിക്കുന്നുണ്ടെന്നും തന്റെ അഭിലാഷങ്ങൾ തന്റെ വ്യക്തിപരമായ നേട്ടത്തിനായി യുഎസ് സർക്കാരിനെ സ്വാധീനിക്കുക മാത്രമല്ല അതിനും അപ്പുറത്തേക്ക് കടക്കുമെന്നും അദ്ദേഹം പറഞ്ഞു.

ബഹിരാകാശത്ത് പോയി ചൊവ്വയിൽ വസിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വെറുമൊരു സ്വപ്നമല്ല. അത് സാധ്യമാക്കുന്നതിനായി അദ്ദേഹം അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയാണ്. അമേരിക്കയിലെ മസ്കിന്റെ അഭിലാഷങ്ങളെക്കുറിച്ചും പറയാനുള്ളത് ഇത് തന്നെയാണ്. പ്രസിഡന്റിനേക്കാൾ ശക്തനാകാൻ അദ്ദേഹം ആഗ്രഹിക്കുന്നു. ഇത് അദ്ദേഹത്തെ തിരഞ്ഞെടുക്കപ്പെടാത്ത, സാങ്കേതിക വിദഗ്ദ്ധനായ ഏകാധിപതിയാക്കും. ജനാധിപത്യ മേൽനോട്ടത്തിന്റെ ഉത്തരവാദിത്തമില്ലാതെ വലിയഅധികാരം പ്രയോഗിക്കുന്ന ഒരു വ്യക്തിയാക്കും നെഹൊറായി എഴുതി.

സോഷ്യൽ മീഡിയ നെറ്റ്‌വർക്ക് എക്സിന്റെ ഉടമ എന്ന നിലയിൽ ബ്രിട്ടനിലെയും ജർമ്മനിയിലെയും രാഷ്ട്രീയത്തെ സ്വാധീനിക്കാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ലോക സ്വേച്ഛാധിപതിയാകാനാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നും നെഹോറായി തന്റെ ലേഖനത്തിൽ പറയുന്നു.

## താലിബാനുമായി യുഎസ് ചർച്ച നടത്തുന്നു

(ഒന്നാം പേജ് തുടർച്ച)

ങ്കിലും ഇതുവരെ ഒരു കരാറിലെത്താൻ കഴിഞ്ഞിട്ടില്ലെന്ന് മുതിർന്ന താലിബാൻ നേതാവ് വ്യക്തമാക്കി. വിഷയം പരസ്യമായി ചർച്ച ചെയ്യാൻ തനിക്ക് അധികാരമില്ലാത്തതിനാൽ പേര് വെളിപ്പെടുത്തുന്നില്ലെന്ന വ്യവസ്ഥയിലാണ് ഇയാൾ വെളിപ്പെടുത്തൽ നടത്തിയത്. ക്യൂബയിലെ തടങ്കൽ സ്ഥലമായ ഗ്വാണ്ടനാമോ ബേയിൽ അവശേഷിക്കുന്ന ഏക അഫ്ഗാൻ തടവുകാരൻ മുഹമ്മദ് റഹീം ഉൾപ്പെടെ മൂന്ന് അഫ്ഗാൻ പൗരന്മാരെ വിട്ടുകിട്ടാൻ താലിബാൻ ആവശ്യപ്പെട്ടതായും താലിബാൻ നേതാവ് വ്യക്തമാക്കി.

2008 മുതൽ തടവിലാക്കപ്പെട്ട റഹീം 2001 സെപ്തംബർ 11 ആക്രമണം നടത്തിയ ഒസാമ ബിൻലാദന്റെ നേതൃത്വത്തിലുള്ള ഭീകര സംഘടനയായ അൽ ഖയ്ദയുടെ മുതിർന്ന സഹായിയായിരുന്നുവെന്ന് യുഎസ് ഉദ്യോഗസ്ഥർ പറയുന്നു. യുഎസ് ഉദ്യോഗസ്ഥരുമായുള്ള ചില യോഗങ്ങളിൽ താൻ വ്യക്തിപരമായി പങ്കെടുത്തിട്ടുണ്ടെന്ന് പറഞ്ഞ താലിബാൻ നേതാവ് കഴിഞ്ഞ രണ്ട് വർഷത്തിനിടെ മൂന്ന് അമേരിക്കൻ പൗരന്മാരെ താലിബാൻ പിടികൂടിയതായും സ്ഥിരീകരിച്ചു.

നിലവിൽ അഫ്ഗാനിസ്ഥാനിൽ കഴിയുന്ന തങ്ങളുടെ മൂന്ന് പൗരന്മാരെ തിരികെ കൊണ്ടുവരാൻ അവർക്ക് താൽപ്പര്യമുള്ളതിനാൽ യുഎസ് ഭരണകൂടം അത് സാധ്യമാക്കുമെന്ന് തങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അഫ്ഗാനിസ്ഥാനിൽ ചാരവൃത്തി നടത്തുകയും ക്രിസ്തുമതം പ്രസംഗിക്കുകയും ചെയ്തുവെന്ന് ആരോപിക്കപ്പെട്ട മൂന്ന് അമേരിക്കക്കാരുടെ പേര് വെളിപ്പെടുത്താൻ താലിബാൻ നേതാവ് തയ്യാറായില്ല.

അതേസമയം റയാൻ കോർബറ്റിനെയും ജോർജ്ജ് ഗ്ലെസ്മാനെയും തങ്ങൾ കൈവശം വച്ചിരിക്കുന്നതായി താലിബാൻ നേരത്തെ സ്ഥിരീകരിച്ചിരുന്നു. ദീർഘകാലമായി അഫ്ഗാനിസ്ഥാനിൽ താമസിച്ചിരുന്ന കോർബറ്റ്, 2022 ഓഗസ്റ്റിൽ രാജ്യത്തേക്കുള്ള യാത്രയ്ക്കിടെയാണ് അറസ്റ്റിലായത്. ആ വർഷം ഡിസംബറിൽ അഫ്ഗാനിസ്ഥാനിലേക്കുള്ള ഒരു യാത്രയ്ക്കിടെ ഗ്ലെസ്മാൻ അറസ്റ്റിലായി. ഇരുവർക്കും തടങ്കലിൽ കഴിയുമ്പോൾ ആരോഗ്യനില വഷളായതായി പറയപ്പെടുന്നു. റഹീമിനെ കൂടാതെ, തീവ്രവാദവുമായോ രാഷ്ട്രീയവുമായോ യാതൊരു ബന്ധവുമില്ലാത്ത അമേരിക്കയിൽ തടവിലാക്കിയ മറ്റ് രണ്ട് അഫ്ഗാൻ പൗരന്മാരെയും മോചിപ്പിക്കണമെന്ന് അഫ്ഗാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതായി താലിബാൻ നേതാവ് പറഞ്ഞു. വിദേശത്തുള്ള അമേരിക്കക്കാരുടെ സുരക്ഷ ബൈഡൻഹാരിസ് അഡ്മിനിസ്ട്രേഷന്റെ മുൻഗണനകളിലൊന്നാണ്. ജോർജ്ജ്, റയാൻ, മഹ്മൂദ് എന്നിവരുടെ സുരക്ഷിതമായ തിരിച്ചുവരവ് ഉറപ്പാക്കാൻ തങ്ങൾ രാപ്പകലില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വൈറ്റ് ഹൗസ് നാഷണൽ സെക്യൂരിറ്റി കൗൺസിലിന്റെ വക്താവ് വ്യക്തമാക്കിയിരുന്നു.

കഴിഞ്ഞ നാല് വർഷത്തിനിടയിൽ ലോകമെമ്പാടുമുള്ള തടവിലാക്കപ്പെട്ട 75ലധികം അമേരിക്കൻ പൗരന്മാരെയും താമസക്കാരെയും ബൈഡൻ തിരികെ കൊണ്ടുവന്നിരുന്നു. തന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ഗ്വാണ്ടനാമോ ബേ അടയ്ക്കാൻ ബൈഡൻ തീരുമാനിച്ചതായി വൈറ്റ് ഹൗസ് അറിയിച്ചു. രണ്ട് പതിറ്റാണ്ടിലേറെയായി ഗ്വാണ്ടനാമോയിൽ കുറ്റപത്രം നൽകാതെ തടവിലാക്കിയ 11 യമൻ പൗരന്മാരെ ഈ ആഴ്ച ഒമാനിലേക്ക് മാറ്റിയതായി പെന്റഗണും തിങ്കളാഴ്ച അറിയിച്ചിരുന്നു. അവരുടെ മോചനത്തോടെ ഗ്വാണ്ടനാമോയിൽ ഇപ്പോൾ അവശേഷിക്കുന്ന തടവുകാരുടെ എണ്ണം 15 ആയി.

## ബൈഡന്റെ കാലാവധി അവസാനിക്കുമ്പോൾ കെയർ ആക്ട് ആരോഗ്യ ഇൻഷുറൻസിൽ എന്റോൾ ചെയ്തത് 24 ദശലക്ഷം പേർ

ബൈഡൻ അഡ്മിനിസ്ട്രേഷന്റെ അവസാന എന്റോൾമെന്റ് കാലയളവിൽ ഏകദേശം 24 ദശലക്ഷം അമേരിക്കക്കാർ കെയർ ആക്ട് ആരോഗ്യ ഇൻഷുറൻസിൽ എന്റോൾ ചെയ്തതായി റിപ്പോർട്ട്. വൈറ്റ് ഹൗസ് ആണ് ഇക്കാര്യം ബുധനാഴ്ച പ്രഖ്യാപിച്ചത്.

ഇത് മുൻ വർഷത്തേക്കാൾ 9% വർദ്ധനവ് ആണ് രേഖപ്പെടുത്തുന്നത്. കൂടുതൽ എന്റോൾ ചെയ്യാൻ ഒരാഴ്ച ശേഷിക്കുന്നു സമയത്താണ് ഈ കണക്കുകൾ പുറത്തു വരുന്നത്. 2025ലെ എന്റോൾമെന്റ് കണക്ക് അനുസരിച്ചു കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 3.2 മില്യൺ പുതിയ ഉപഭോക്താക്കൾ വർദ്ധിച്ചു. 2024ൽ ഇൻഷർ ചെയ്ത 20.4 ദശലക്ഷം ഉപഭോക്താക്കൾ പുതുവർഷത്തിനായി ഒരു പ്ലാൻ തിരഞ്ഞെടുക്കുകയോ സ്വയമേവ വീണ്ടും എന്റോൾ ചെയ്യുകയോ ചെയ്തതായി സെന്റർ ഫോർ മെഡികെയർ & മെഡികെയ്ഡ് സർവീസസ് പറഞ്ഞു. കണക്കുകൾ പ്രകാരം 900,000 പേർ 2024 നും 2025 നും ഇടയിൽ വീണ്ടും എന്റോൾ ചെയ്തിട്ടില്ല.






## വരനെ ആവശ്യമുണ്ട്

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നുംവിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786 – 868 – 7192, 786 – 825 – 5748**

#010825

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോയിലെ ഡെസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ബേബി സിറ്റിംഗ് നടത്തുന്നതിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 773 – 744 – 0046**
**224 – 258 – 2393**

#010125

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**മറിയാമ്മ തോമസ്**

#010825

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലിജ വർഗീസ്**

#010825

## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#121124



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#120424

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information

**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#010125

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
ബന്ധപ്പെടുക: 773 – 888 – 2242, 773 – 842 – 9149
vachakamonline@gmail.com
news@vachakam.com
For E-Paper reading visit Vachakam.com
Vachakam.com

# ‘ഞാൻ അധികാരത്തലേറും മുമ്പ് അവർ തിരിച്ചെത്തിയിരിക്കണം’; ബന്ദി മോചനത്തിൽ ഹമാസിന് ട്രംപിന്റെ മുന്നറിയിപ്പ്

വാഷിംഗ്ടൺ: ഈമാസം ഇരുപതിന് മുമ്പ് മുഴുവൻ ബന്ദികളെയും മോചിപ്പിച്ചില്ലെങ്കിൽ കനത്ത തിരിച്ചടിയുണ്ടാകുമെന്ന് ഹമാസിന് നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മുന്നറിയിപ്പ്. അമേരിക്കയുടെ 47-മത് പ്രസിഡന്റായി ട്രംപ് ചുമതലയേൽക്കുന്നത് ഈ മാസം ഇരുപതിനാണ്. ഇല്ലെങ്കിൽ പശ്ചിമേഷ്യയിലെ നിങ്ങളുടെ താവളങ്ങൾ മുഴുവൻ നശിപ്പിക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. ഫ്ളോറിഡയിലെ മാർ അ ലാ ഗോയിൽ വാർത്താലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബന്ദികളെ മോചിപ്പിച്ചില്ലെങ്കിൽ പൂർണ നാശമെന്നാണ് ഹമാസിന് ട്രംപ് നൽകിയിരിക്കുന്ന മുന്നറിയിപ്പ്. നിങ്ങളുടെ വിലപേശലിൽ ഇടപെടണമെന്ന് തനിക്ക് ആഗ്രഹമില്ല. എന്നാൽ താൻ അധികാരത്തിലേറുമ്പോൾ അവർ തിരിച്ചെത്തിയിരിക്കണമെന്നും ട്രംപ് വ്യക്തമാക്കി.



ഹമാസുമായുള്ള ചർച്ചകളുടെ സ്ഥിതിഗതികളെക്കുറിച്ച് ചോദിച്ചപ്പോഴായിരുന്നു ട്രംപിന്റെ ഈ മറുപടി. പശ്ചിമേഷ്യയിലെ ട്രംപിന്റെ പ്രത്യേക ദൂതൻ സ്റ്റീവൻ ചാൾസ് വിറ്റ്കോഫ് മടങ്ങിയെത്തിയിട്ടേയുള്ളൂ. ചർച്ചകൾ അന്തിമ ഘട്ടത്തിലാണെന്ന് അദ്ദേഹം വ്യക്തമാക്കി. അതേസമയം എന്ത് കൊണ്ടാണ് മോചനം വൈകുന്നത് എന്നതിനെക്കുറിച്ച് ഇപ്പോൾ ഏറെ പറയാൻ ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഒന്നും മോശമായി ബാധിക്കാൻ പാടില്ല. അതേസമയം പ്രസിഡന്റ് പറയുന്നത് അദ്ദേഹം പ്രതീക്ഷിക്കുന്ന കാര്യങ്ങളാണെന്നും വിറ്റ്കോഫ് ചൂണ്ടിക്കാട്ടി. ചർച്ചയിൽ വലിയ പുരോഗതിയുണ്ട്. വീണ്ടും ദോഹയിലേക്ക് പോകാറുണ്ട്. താൻ വളരെ പ്രതീക്ഷയിലാണ്. ട്രംപ് അധികാരത്തിലെത്തുന്ന വേളയിൽ തന്നെ ചില നല്ല വാർത്തകൾ പ്രഖ്യാപിക്കാനുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

താൻ ആരോടും മൃദുസമീപനം കൈക്കൊള്ളില്ലെന്നാണ് ട്രംപിന്റെ നിലപാട്. ഒരുപാട് സമയം ഹമാസിന് ഇതിനകം നൽകിക്കഴിഞ്ഞു. ഇനി കൂടുതലായി ഒരു നിമിഷം പോലും അനുവദിക്കാനാകില്ല. അമേരിക്കയിൽ നിന്നടക്കമുള്ളവരെ ബന്ദികളാക്കിയിട്ടുണ്ട്. തന്റെയടുക്കൽ അമ്മമാരും അച്ഛൻമാരും വന്ന് അവരുടെ മക്കളുടെ മൃതദേഹമെങ്കിലും കാട്ടിത്തരുമോയെന്നാണ് ചോദിക്കുന്നത്.

ചർച്ചകളെ തടസപ്പെടുത്താൻ താൻ ആഗ്രഹിക്കുന്നില്ല. എന്നാൽ താൻ അധികാരത്തിലേറാൻ ഇനിയും രണ്ടാഴ്ചയുണ്ട്. ഇതിനകം നടപടിയുണ്ടായില്ലെങ്കിൽ എല്ലാം തകർക്കുമെന്നും അദ്ദേഹം അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം വ്യക്തമാക്കി.




# അറിഞ്ഞില്ലേ ഈ സ്റ്റേഷനുകളിൽ നിന്ന് വിദേശത്തേക്ക് ട്രെയിനുണ്ട്!

അന്താരാഷ്ട്ര യാത്രകൾ നടത്താൻ ആഗ്രഹിക്കുന്നവരാണോ നിങ്ങൾ, എങ്കിൽ ഒട്ടും അമാന്തിക്കേണ്ട ഇന്ത്യൻ റെയിൽവേയെ തന്നെ ആശ്രയിച്ചോളൂ. ഇന്ത്യൻ അതിർത്തി കടന്ന് യാത്ര പോകാൻ വിമാന സർവീസുകളെയാണ് പൊതുവെ നാം ആശ്രയിക്കാറുള്ളത്.

ഇതിന് വൻ തുക ചെലവ് വരുമെന്നതിനാൽ ബജറ്റ് താറുമാറാവുകയും യാത്ര തന്നെ റദ്ദാക്കുകയും ചെയ്യേണ്ടി വരുന്ന സാഹചര്യവുമുണ്ട്. എന്നാൽ ട്രെയിൻ മാർഗം ചില അന്താരാഷ്ട്ര യാത്രകൾ നടത്താൻ സാധിക്കുമെന്ന് പലരും ഓർക്കാറില്ല.

ഇന്ത്യയിൽ നിന്ന് ട്രെയിൻ കയറി പോകാൻ സാധിക്കുന്ന വിദേശ രാജ്യങ്ങളും ഏതെല്ലാം റെയിൽവേ സ്റ്റേഷനുകളിൽ നിന്നാണ് ഇതിനായി സർവീസ് ഒരുക്കിയിട്ടുള്ളതെന്നും നോക്കാം. ഇന്ത്യയിൽ ഏഴ് അന്താരാഷ്ട്ര റെയിൽവേ സ്റ്റേഷനുകളാണുള്ളത്. അയൽ രാജ്യങ്ങളിലേക്ക് ട്രെയിൻ സർവീസ് നൽകുന്ന ഏഴ് സ്റ്റേഷനുകൾ.

### ഹൽദിബാരി സ്റ്റേഷൻ

പശ്ചിമ ബംഗാളിലെ കൂച്ച്ബെഹാർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേഷനാണിത്. ബംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വെറും നാല് കിലോമീറ്റർ അകലെയാണ് ഈ സ്റ്റേഷനുകൾ ഉള്ളത്. ഇവിടെ നിന്ന് ബംഗ്ലാദേശിലേക്ക് നിരവധി ട്രെയിൻ സർവീസുകൾ ലഭ്യമാണ്.

### ജയനഗർ സ്റ്റേഷൻ

നേപ്പാളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർ എത്തിപ്പെടേണ്ട സ്റ്റേഷനാണിത്. ബിഹാറിലെ മധുബാനി ജില്ലയിലാണ് ഈ സ്റ്റേഷനുള്ളത്.

### പെട്രാപോൾ സ്റ്റേഷൻ

ബംഗ്ലാദേശിലേക്ക് ട്രെയിൻ സർവീസ് നടത്തുന്ന മറ്റൊരു സ്റ്റേഷനാണിത്. പശ്ചിമ ബംഗാളിലെ നോർത്ത് 24 പർഗനാസ് ജില്ലയിലാണ് ഈ സ്റ്റേഷനുള്ളത്.

### സിംഗബാദ് സ്റ്റേഷൻ

പശ്ചിമ ബംഗാളിലെ മാൽഡ ജില്ലയിലുള്ള ഈ സ്റ്റേഷനിൽ നിന്നും ബംഗ്ലാദേശിലേക്ക് ട്രെയിൻ ലഭിക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധം ശക്തിപ്പെടുത്താൻ സഹായിക്കുന്നതിലും ഈ സ്റ്റേഷൻ മുഖ്യപങ്കുവഹിക്കുന്നു.

### ജോഗ്ബാനി

ബിഹാറിലെ ജോഗ്ബാനിയിലുള്ള ഈ സ്റ്റേഷനിൽ നിന്ന് നേപ്പാളിലേക്ക് പോകാൻ കഴിയും.

### രാധികാപൂർ സ്റ്റേഷൻ

പശ്ചിമ ബംഗാളിലെ നോർത്ത് ദിനജ്പൂർ ജില്ലയിലാണ് രാധികാപൂർ സ്റ്റേഷനുള്ളത്. ഇവിടെ നിന്ന് ബംഗ്ലാദേശിലേക്ക് ട്രെയിൻ ലഭിക്കും. ഇന്ത്യ ബംഗ്ലാദേശ് വ്യാപാര ബന്ധം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന സ്റ്റേഷനാണിത്.

### അട്ടാരി സ്റ്റേഷൻ

പഞ്ചാബിലാണ് ഇതുള്ളത്. പാകിസ്താനിലേക്ക് പോകുന്ന സംജൗത എക്സ്പ്രസ് ഇവിടെ നിന്നാണ് ആരംഭിക്കുക. എന്നാൽ 2019ൽ ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ശേഷം ഈ ട്രെയിൻ സർവീസ് റദ്ദാക്കി.

# ജസ്റ്റിൻ ട്രൂഡോയുടെ പകരക്കാരനാകാൻ പിയറി പൊയിലിവ്രെയും



കനേഡിയൻ പ്രധാനമന്ത്രിയായ ജസ്റ്റിൻ ട്രൂഡോ രാജിവച്ചതിന് പിന്നാലെ അദ്ദേഹത്തിന്റെ പകരക്കാർ ആരെന്ന ചോദ്യമാണ് ഉയരുന്നത്. കാനഡയിലെ കൺസർവേറ്റീവ് പാർട്ടി നേതാക്കൾ ഈയവസരം കാര്യമായി ഉപയോഗിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ട്രൂഡോ എത്രമാത്രം തളർന്നുവോ അത്രമാത്രം മുന്നോട്ട് കുതിക്കാനാണ് കൺസർവേറ്റീവ് പാർട്ടി ശ്രമിക്കുന്നത്. കാനഡയിലെ ഈ ചേരിപ്പോരിൽ ചർച്ചയാകുന്ന പേരാണ് കൺസർവേറ്റീവ് പാർട്ടിയിലെ നേതാവായ പിയറി പൊയിലിവ്രെയുടേത്. നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ ഓർമ്മിപ്പിക്കും വിധത്തിലാണ് പിയറിയുടെ രാഷ്ട്രീയ മുന്നേറ്റം.

### പിയറി പൊയിലിവ്രെ

കാനഡയിലെ കാലിഗറിയിലാണ് പിയറി പൊയിലിവ്രെ ജനിച്ചുവളർന്നത്. വളരെ ചെറിയ പ്രായത്തിൽ തന്നെ പിയറിയ്ക്ക് രാഷ്ട്രീയത്തിൽ താൽപ്പര്യമുണ്ടായിരുന്നു. കോളേജിൽ പഠിക്കുന്ന കാലത്ത് അദ്ദേഹം എഴുതിയ ഒരു ഉപന്യാസത്തിന് സമ്മാനം ലഭിക്കുകയും ചെയ്തു. കാനഡയുടെ പ്രധാനമന്ത്രിയാകാൻ അവസരം ലഭിച്ചാൽ രാജ്യത്ത് നടപ്പിലാക്കുന്ന പരിഷ്കാരങ്ങളെക്കുറിച്ചായിരുന്നു പിയറി ആ ഉപന്യാസത്തിൽ എഴുതിയിരുന്നത്.

കാനഡയ്ക്ക് ആയിരിക്കും താൻ എപ്പോഴും പ്രാധാന്യം കൊടുക്കുകയെന്ന് പിയറി ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ട്രംപിന്റെ 'ആദ്യം അമേരിക്ക' എന്ന മുദ്രാവാക്യത്തെ അനുസ്മരിപ്പിക്കുന്ന വാക്കുകളാണ് പിയറിയും ഉപയോഗിക്കുന്നത്. വരാനിരിക്കുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ ട്രൂഡോയെ പരാജയപ്പെടുത്താൻ കഴിവുള്ള നേതാവാണ് പിയറി എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കാനഡയുടെ സാമ്പത്തികരാഷ്ട്രീയ വികസനത്തിന് പ്രാധാന്യം നൽകുമെന്നും അദ്ദേഹം പറയുന്നു.

ജസ്റ്റിൻ ട്രൂഡോയെ ദുർബലൻ എന്നും മാനസികരോഗിയെന്നുമാണ് പിയറി വിശേഷിപ്പിച്ചത്. കൂടാതെ മോൺട്രിയൽ മേയറായ വലേറി പ്ലാന്റയെ കഴിവില്ലാത്തവളെന്നും ന്യൂ ഡെമോക്രാറ്റിക് പാർട്ടി നേതാവായ ജഗ്മീത് സിംഗിനെ സ്വന്തം നേട്ടത്തിനായി തത്വങ്ങളെ വഞ്ചിച്ചവൻ എന്നുമാണ് പിയറി വിശേഷിപ്പിക്കുന്നത്.

ട്രംപിനെ പോലെ ഹ്രസ്വശൈലികൾ ഉപയോഗിച്ച് രാഷ്ട്രീയ പ്രശ്നങ്ങളെ ചൂണ്ടിക്കാണിക്കാനും പിയറി ശ്രമിക്കുന്നു. ഉദാഹരണത്തിന് രാജ്യത്തിന്റെ പണപ്പെരുപ്പത്തിന് കാരണം ജസ്റ്റിൻ ട്രൂഡോയുടെ ഭരണമാണെന്ന് വിമർശിക്കുക ചെയ്തിരുന്നു പിയറി. കൂടാതെ ട്രംപിനെ പോലെ മാധ്യമങ്ങളുടെയും ഉന്നതവർഗത്തിന്റെയും മോശം പെരുമാറ്റത്തിന്റെ ഇരയാണ് താനെന്ന് ചിത്രീകരിക്കാനും പിയറി ശ്രമിക്കുന്നുണ്ട്.

ട്രംപിനെ പോലെ പിയറിയ്ക്കും സ്ത്രീകൾക്കിടയിൽ ജനപ്രീതി കുറവാണ്. എന്നാൽ 2022ൽ തിരഞ്ഞെടുപ്പിന്റെ ഭാഗമായി നടത്തിയ റാലികളിൽ ജനങ്ങളെ ആകർഷിക്കാൻ പിയറിയ്ക്ക് സാധിച്ചു. ഇദ്ദേഹത്തിന്റെ റാലികളിൽ വൻ ജനപങ്കാളിത്തമുണ്ടാകുകയും ചെയ്തു.

### ധ്രുവീകരിക്കുന്ന സന്ദേശങ്ങൾ

ജനങ്ങളിൽ ധ്രുവീകരണമുണ്ടാക്കുന്ന സന്ദേശങ്ങളാണ് പിയറി പൊയിലിവ്രെ പങ്കുവെയ്ക്കുന്നതെന്ന് ഒട്ടാവ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്സ് പ്രൊഫസറായ ജെനിവീവ് ടെല്ലിയർ എഎഫ്പിയോട് പറഞ്ഞു. ഒരു പിറ്റ്ബുള്ളിന്റെ സവിശേഷതകളടങ്ങിയ വ്യക്തിയാണ് പിയറി എന്നും അദ്ദേഹം പറഞ്ഞു. ലിബറൽ നേതാവായ ട്രൂഡോ പ്രധാന എതിരാളിയായ പിയറി പോയിലിവ്രെയേക്കാൾ 20 പോയിന്റ് പിന്നിലാണെന്ന് നാനോസ് റിസർച്ച് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. 2025 ഒക്ടോബറിലാണ് കാനഡയിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നത്.

പൊയിലിവ്രെയ്ക്കും ട്രംപിനും ഇടയിൽ ധാരാളം സമാനതകളുണ്ടെന്നും ഈ സമാനതകൾ ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണെന്നും യൂണിവേഴ്സിറ്റി ഓഫ് വിന്നിപെഗിലെ പൊളിറ്റിക്സ് പ്രൊഫസറായ ഫെലിക്സ് മാത്യു പറഞ്ഞു. "ട്രംപിനെ പോലെ പിയറി പൊയിലിവ്രെ യുക്തിചിന്തയെ ആശ്രയിക്കുന്നില്ല. പകരം മുദ്രാവാക്യങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആശയങ്ങളുടെ പിന്തുണയെക്കാൾ ജനകീയ ആവേശം സൃഷ്ടിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്," പ്രൊഫസർ ഫെലിക്സ് മാത്യു പറഞ്ഞു.

സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്ന വിവരങ്ങളുടെ ലിങ്കുകൾ പിയറി സോഷ്യൽ മീഡിയകളിൽ പങ്കുവെച്ചിട്ടുമുണ്ട്. കാനഡയിലെ വലതുപക്ഷത്തെ പ്രതിനിധീകരിക്കുന്ന പിയറി അമേരിക്കയിലെ യാഥാസ്ഥിതികരിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന വ്യക്തികൂടിയാണ്.






# ജസ്റ്റിൻ ട്രൂഡോയുടെ പതനത്തിന് കാരണം ഇതോ?

ദീർഘനാളായുള്ള രാഷ്ട്രീയ പ്രതിസന്ധികൾക്കും ആരോപണങ്ങൾക്കും ശേഷം കനേഡിയൻ പ്രധാനമന്ത്രി സ്ഥാനത്തുനിന്നും ലിബറൽ പാർട്ടി നേതൃസ്ഥാനത്തു നിന്നും ജസ്റ്റിൻ ട്രൂഡോ രാജിവെച്ചിരിക്കുകയാണ്. പാർട്ടി ഒരു പുതിയ നേതാവിനെ തിരഞ്ഞെടുത്താലുടൻ ഓഫീസ് വിടുമെന്നാണ് ട്രൂഡോ അറിയിച്ചിരിക്കുന്നത്.

തുടർച്ചയായുണ്ടായ രാഷ്ട്രീയ പ്രശ്നങ്ങളാണ് ട്രൂഡോയുടെ രാജിയിലേക്ക് നയിച്ചത്. ഇന്ത്യക്കെതിരായ ട്രൂഡോയുടെ വിവാദ ആരോപണങ്ങളാണ് അദ്ദേഹത്തിന്റെ പതനത്തിന് പിന്നിലെ ഒരു പ്രധാന കാരണം. ഖലിസ്ഥാൻ തീവ്രവാദി ഹർദീപ് സിംഗ് നിജ്ജറിന്റെ കൊലപാതവുമായി ബന്ധപ്പെട്ടാണ് ഇത്.



**ട്രൂഡോയുടെ നിജ്ജർ ആരോപണങ്ങളും നയതന്ത്ര വീഴ്ചയും**

ഖലിസ്ഥാൻ ഭീകരൻ ഹർദീപ് സിംഗ് നിജ്ജർ കാനഡയിൽ വെച്ച് കൊല്ലപ്പെട്ട സംഭവത്തിൽ ഇന്ത്യൻ സർക്കാരിന് പങ്കുണ്ടെന്ന് ആരോപിച്ച് 2023 സെപ്തംബറിലാണ് ട്രൂഡോ ഇന്ത്യക്കെതിരേ ആദ്യമായി രംഗത്തെത്തിയത്. ഗുരുതരമായ ഈ ആരോപണങ്ങൾക്ക് പിന്നാലെ ട്രൂഡോയുടെ രാഷ്ട്രീയ പ്രതിസന്ധി രൂക്ഷമായി. കനേഡിയൻമണ്ണിൽഇന്ത്യ ചിലക്രിമിനൽപ്രവർത്തനങ്ങൾസ്പോൺസർ ചെയ്യുന്നുണ്ടെന്ന് ട്രൂഡോ അവകാശപ്പെട്ടു. ഇതിനെതിരേ ഇന്ത്യ ശക്തമായി നിലപാടെടുത്തിരുന്നു.

ഈ ആരോപണങ്ങൾക്ക് പിന്നാലെ ഇന്ത്യകാനഡ ബന്ധത്തിൽ വലിയ വിള്ളൽ വീണു. ട്രൂഡോയുടെ അവകാശവാദങ്ങൾക്ക് പിന്നാലെ ഇന്ത്യ ആറ് കനേഡിയൻ നയതന്ത്രജ്ഞരെ പുറത്താക്കുകയും ഒട്ടാവയിലെ തങ്ങളുടെ സ്ഥാനപതിയെ തിരിച്ച് വിളിക്കുകയും ചെയ്തിരുന്നു.

**ട്രൂഡോയുടെ നേതൃത്വത്തിന് കീഴിൽ ഖലിസ്ഥാന് പിന്തുണ**

ട്രൂഡോയുടെ പതനത്തിന് പിന്നിലെ മറ്റൊരു പ്രധാന കാരണം കാനഡയിലെ വർധിച്ചു വരുന്ന ഖലിസ്ഥാൻ അനുകൂല പ്രവർത്തനങ്ങളും വികാരങ്ങളുമാണ്. ടൊറാന്റോയിലെ ഒരു ഹിന്ദു ക്ഷേത്രത്തിന് നേരെ നിരവധി ആക്രമണങ്ങൾ നടന്നിരുന്നു. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര സംഘർഷങ്ങൾ കൂടുതൽ ശക്തമാക്കി.

നിജ്ജറിന്റെ കൊലപാതകത്തിൽ പങ്കില്ലെന്ന് ഇന്ത്യ വീണ്ടും ഊന്നിപ്പറഞ്ഞു. ട്രൂഡോ തന്റെ രാഷ്ട്രീയ നേട്ടത്തിനായി കാനഡയിലെ ഖലിസ്ഥാനി അനുഭാവികളെ തൃപ്തിപ്പെടുത്തുകയാണെന്നും മോദി സർക്കാർ ആരോപിച്ചു. നിജ്ജറിന്റെ കൊലപാതകത്തിൽ ഇന്ത്യയുടെ പങ്ക് വ്യക്തമാക്കുന്ന തെളിവുകൾ ഹാജരാക്കുന്നതിലും ട്രൂഡോ പരാജയപ്പെട്ടു. ഖലിസ്ഥാനി സിഖ് വോട്ടുകൾ ലഭ്യമാക്കുന്നതിനും യഥാർത്ഥ ആഭ്യന്തര പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനുള്ള ശ്രമവുമാണ് ഇന്ത്യക്കെതിരായ ആരോപണങ്ങൾ എന്ന് അദ്ദേഹത്തിന്റെ രാഷ്ട്രീയ വിമർശകർ പറയുന്നു.

ഡിസംബറിൽ കനേഡിയൻ ഉപ പ്രധാനമന്ത്രിയും ധനമന്ത്രിയുമായ ക്രിസ്റ്റിയ ഫ്രീലാൻഡ് രാജിവെച്ചതോടെ കനേഡിയൻ സർക്കാർ വലിയ പ്രതിസന്ധിയിലേക്ക് നീങ്ങി. എല്ലാ കനേഡിയൻ ഉത്പന്നങ്ങൾക്കും 25 ശതമാനം താരിഫ് ഏർപ്പെടുത്തുമെന്ന നിയുക്ത യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രസ്താവനയെ ച്ചൊല്ലിയുള്ള തർക്കമാണ് ഫ്രീലാൻഡിന്റെ രാജിക്ക് വഴിയൊരുക്കിയത്. ഫ്രീലാൻഡിന്റെ രാജിക്ക് പിന്നാലെ ഹൗസിംഗ് മന്ത്രി സീൻ ഫ്രേസറും രാജിവെച്ചു. ഇതിന് പിന്നാലെ ട്രൂഡോയോട് രാജിവെക്കാൻ ന്യൂ ഡെമോക്രാറ്റിക് പാർട്ടി നേതാവ് ജഗ്മീത് സിംഗും ആവശ്യപ്പെട്ടു.

ഇതിനെല്ലാം പുറമെ, ഭാര്യ സോഫി ഗ്രിഗോയർ ട്രൂഡോയുമായുള്ള 18 വർഷം നീണ്ട വിവാഹബന്ധം വേർപ്പെടുത്തുകയാണെന്ന് 2023 ഓഗസ്റ്റിൽ ട്രൂഡോ അറിയിച്ചിരുന്നു. ഇതും അദ്ദേഹത്തിന്റെ രാഷ്ട്രീയ പതനത്തിൽ വഴിത്തിരിവായി.

# ‘മനോഹരമായ പേര്’ ഗൾഫ് ഓഫ് മെക്സിക്കോയ്ക്ക് പുതിയ പേര് നൽകുമെന്ന് പ്രഖ്യാപിച്ചു ട്രംപ്

ഗൾഫ് ഓഫ് മെക്സിക്കോയ്ക്ക് പുതിയ പേര് നൽകുമെന്ന് നിയുക്ത പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ചു. ‘മെക്സിക്കോ ഉൾക്കടലിന്റെ പേര് ഞങ്ങൾ ഗൾഫ് ഓഫ് അമേരിക്ക എന്ന് മാറ്റാൻ പോകുകയാണ്, അതിന്മനോഹരമായഒരു ആകൃതിഉണ്ട്.അത് ധാരാളം പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു, ഗൾഫ് ഓഫ് അമേരിക്ക എത്ര മനോഹരമായ പേര്. അത് അനുയോജ്യമാണ്’ എന്നാണ് ട്രംപ് ചൊവ്വാഴ്ച പറഞ്ഞത്.

ചൊവ്വാഴ്ച മാർഎലാഗോയിൽ നിന്ന് വൈസ് പ്രസിഡന്റ് കമലാ ഹാരിസിനെതിരായ തിരഞ്ഞെടുപ്പ് വിജയം കോൺഗ്രസ് സാക്ഷ്യപ്പെടുത്തിയതിന് ശേഷമുള്ള തന്റെ ആദ്യ പത്രസമ്മേളനത്തിലാണ് ട്രംപ് ഇക്കാര്യം പ്രഖ്യാപിച്ചത്. ഈ മാസത്തെ ഉദ്ഘാടനത്തിന് മുന്നോടിയായി നയപരമായ പ്രശ്നങ്ങളുടെ പ്രിവ്യൂവിന് പുറമെ രാജ്യത്തുടനീളമുള്ള പുതിയ ഡാറ്റാ സെന്ററുകളിൽ DAMAC പ്രോപ്പർട്ടീസ് 20 ബില്യൺ ഡോളർ നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ആണ് അദ്ദേഹം പ്രസ് ഇവന്റ് ആരംഭിച്ചത്.



അതേസമയം മെക്സിക്കോ ഉൾക്കടൽ ടെക്സസ്, ലൂസിയാന, മിസിസിപ്പി, അലബാമ, ഫ്ളോറിഡ, മെക്സിക്കോ തുടങ്ങിയ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഭാഗികമായി അടച്ച കടലാണ്.

ജലാശയത്തിന്റെ പേര് മാറ്റുന്നതിനെക്കുറിച്ച് തന്റെ ഭരണകൂടം എങ്ങനെ പ്രവർത്തിക്കുമെന്ന് ട്രംപ് വിശദമാക്കിയില്ല, എന്നാൽ ബൈഡൻ ഭരിച്ചിരുന്നപ്പോൾ വൈറ്റ് ഹൗസിന് കീഴിലുള്ള യുഎസിലെ കുടിയേറ്റ ദുരിതങ്ങൾക്ക് അദ്ദേഹം മെക്സിക്കോയെ ആക്ഷേപിച്ചു.

‘ദശലക്ഷക്കണക്കിന് ആളുകളെ മെക്സിക്കോ വഴി നമ്മുടെ രാജ്യത്തേക്ക് ഒഴുകാൻ അനുവദിക്കുന്നത് അവസാനിപ്പിക്കണം. അവരെ തടയാൻ കഴിയും. ഞങ്ങൾ മെക്സിക്കോയിലും കാനഡയിലും വളരെ വലിയ താരിഫുകൾ ഏർപ്പെടുത്താൻ പോകുന്നു, കാരണം അവർ കാനഡയിലൂടെയും വരുന്നു, കൂടാതെ ഇവിടേയ്ക്ക് എത്തുന്ന മയക്കുമരുന്ന് റെക്കോർഡ് സംഖ്യയിലാണ്, അതിനാൽ മെക്സിക്കോയിലും കാനഡയിലും ഗണ്യമായ താരിഫുകൾ ഏർപ്പെടുത്തിക്കൊണ്ട് ഞങ്ങൾ അത് പരിഹരിക്കാൻ പോകുന്നു എന്നും അദ്ദേഹം പറഞ്ഞു.

യുഎസിനെ വികസിപ്പിക്കാൻ സാധ്യതയുള്ളതുൾപ്പെടെയുള്ള ഭൂപ്രദേശങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പരാമർശമാണ് ട്രംപിന്റെ പ്രതിജ്ഞ. ട്രംപ് കാനഡയെ രാജ്യത്തിന്റെ 51-ാമത്തെ സംസ്ഥാനം എന്ന് വിശേഷിപ്പിച്ചു, അതേസമയം ട്രംപ് ഡെൻമാർക്ക് രാജ്യത്തിന് കീഴിലുള്ള സ്വയംഭരണ പ്രദേശം ഏറ്റെടുക്കാൻ യുഎസിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തിന്റെ മകനും മറ്റ് ട്രംപ് സഖ്യകക്ഷികളും ഈ ആഴ്ച ഗ്രീൻലാൻഡിലേക്ക് യാത്ര ചെയ്തു,

‘ലോകമെമ്പാടുമുള്ള ആകർഷകമായ സ്ഥലങ്ങളിൽ യാത്ര ചെയ്തിട്ടുള്ള ഒരാളെന്ന നിലയിൽ, ഈ ആഴ്ച അൽപ്പം വിനോദത്തിനായി ഗ്രീൻലാൻഡിലേക്ക് പോകുന്നതിൽ ഞാൻ ആവേശഭരിതനാണ്’ എന്നാണ് ഡൊണാൾഡ് ട്രംപ് ജൂനിയർ ഗ്രീൻലാൻഡിലേക്കുള്ള തന്റെ യാത്രയെക്കുറിച്ച് മാധ്യമങ്ങളോട് പറഞ്ഞത്.



കേരളം വാചകം

# ഹണിറോസിന്റെ പരാതി: ബോബി ചെമ്മണൂർ അറസ്റ്റിൽ

കൊച്ചി: നേരിട്ടും സമൂഹമാധ്യമങ്ങളിലൂടെയും ലൈംഗികാധിക്ഷേപം നടത്തിയെന്ന നടി ഹണി റോസിന്റെ പരാതിയിൽ ചെമ്മണൂർ ഇന്റർനാഷണൽ ജുവലറി ഉടമയും വ്യവസായിയുമായ ബോബി ചെമ്മണൂർ അറസ്റ്റിലായി. മുൻകൂർ ജാമ്യത്തിന് അവസരം നൽകാതെ അതിവേഗമായിരുന്നു പൊലീസ് നടപടി. അറസ്റ്റിൽ ആശ്വാസമുണ്ടെന്നും നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉറപ്പു നൽകിയിരുന്നതായും ഹണി റോസ് മാധ്യമങ്ങളോട് പ്രതികരിച്ചു.



കൊച്ചിയിൽ നിന്നെത്തിയ പ്രത്യേക അന്വേഷണ സംഘം ഇന്നലെ രാവിലെ ഏഴരയോടെ വയനാട് മേപ്പാടിയിലെ അദ്ദേഹത്തിന്റെറിസോർട്ടിൽനിന്നാണ് ബോബിയെ കസ്റ്റഡിയിലെടുത്തത്. എറണാകുളം സെൻട്രൽ സ്റ്റേഷനിലെത്തിച്ച് രാത്രി 7.20ന് അറസ്റ്റ് രേഖപ്പെടുത്തി. തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് ബോബി പറഞ്ഞു.

സ്വകാര്യ വാഹനത്തിലാണ് ഇന്നലെ പുലർച്ചെ ആയിരം ഏക്കർ റിസോർട്ടിൽ പൊലീസ് എത്തിയത്. കോയമ്പത്തൂരിൽ ജുവലറി ഉദ്ഘാടനത്തിന് പോകാൻ ഒരുങ്ങുകയായിരുന്നു ബോബി. ഏഴരയോടെ കാർ തടഞ്ഞ് കസ്റ്റഡിയിൽ എടുക്കുകയാണെന്ന് അറിയിച്ച് സ്വകാര്യ വാഹനത്തിൽ ബോബിയെ പുത്തൂർവയലിലെ എ.ആർ ക്യാമ്പിൽ എത്തിച്ചു. രാത്രി സെൻട്രൽ സ്റ്റേഷനിലെ ലോക്കപ്പിൽ കഴിഞ്ഞ ബോബിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

പ്രത്യേക അന്വേഷണ സംഘത്തലവൻ എ.സി.പി കെ. ജയകുമാർ, എറണാകുളം സെൻട്രൽ എസ്.എച്ച്.ഒ അനീഷ് ജോയ് എന്നിവരുടെ നേതൃത്വത്തിലാണ് ബോബിയെ എത്തിച്ചത്. മാധ്യമങ്ങളും മറ്റും ജീപ്പ് വളഞ്ഞതോടെ പാടുപെട്ടാണ് സ്റ്റേഷനിലേക്കു കയറ്റിയത്. രാമൻപിള്ള അസോസിയേറ്റ്സിൽ നിന്നുള്ള അഭിഭാഷകർ സ്റ്റേഷനിലെത്തി ബോബിയുമായി സംസാരിച്ചു.

കഴിഞ്ഞ ഞാറാഴ്ചയാണ് ബോബി ചെമ്മണൂരിന്റെ പേര് വെളിപ്പെടുത്താതെ, സമൂഹ മാധ്യമങ്ങളിലൂടെ ദ്വയാർത്ഥപ്രയോഗം നടത്തി ഒരാൾ അപമാനിക്കുന്നതായി ഹണി റോസ് ആരോപിച്ചത്. കുറിപ്പിന് താഴെ വ്യാപക സൈബർ ആക്രമണമുണ്ടായി. പിറ്റേന്ന് കമന്റുകളും സ്ക്രീൻഷോട്ടുകളും സഹിതം എറണാകുളം സെൻട്രൽ സ്റ്റേഷനിലെത്തി ഹണി പരാതി നൽകി. 30 പേർക്കെതിരെ പൊലീസ് കേസെടുക്കുകയും കുമ്പളം സ്വദേശിയായ 60കാരനെ മണിക്കൂറുകൾക്കകം അറസ്റ്റ് ചെയ്യുകയും ചെയ്തു. കേസ് രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ചൊവ്വാഴ്ച രാത്രി പത്തരയോടെ വയനാട്ടിലേക്ക് തിരിക്കുകയുമായിരുന്നു.

### രഹസ്യമൊഴി രേഖപ്പെടുത്തി

കേസിൽ ഹണി റോസിന്റെ രഹസ്യമൊഴി ഇന്നലെ വൈകിട്ട് എറണാകുളം ജുഡിഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി രേഖപ്പെടുത്തി. നടപടി രണ്ടു മണിക്കൂർ നീണ്ടു. സൈബർ ആക്രമണത്തിന്റെ വലിയ ഇരയാണ് താനെന്നും അശ്ലീല പരാമർശത്തിലൂടെ തന്നെ നിരന്തരം വേട്ടയാടുകയാണെന്നും ഹണി റോസിന്റെ പരാതിയിലുണ്ട്.

### മുഖ്യമന്ത്രിക്കും പൊലീസിനും നന്ദി പറഞ്ഞ് ഹണി റോസ്

ബോബി ചെമ്മണൂരിനെ അറസ്റ്റു ചെയ്തതിൽ മുഖ്യമന്ത്രിക്ക് നടി ഹണി റോസും കുടുംബവും നന്ദി അറിയിച്ചു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന പൗരന്റെ അവകാശവും സംരക്ഷണവും തേടിയുള്ള പോരാട്ടമാണ് നടത്തുന്നതെന്ന് ഹണി പറഞ്ഞു.

തന്റെ പോരാട്ടത്തിനൊപ്പം നിന്ന് ശക്തമായനടപടിയെടുത്തതിന്എ.ഡി.ജി.പി മനോജ് എബ്രഹാം, കൊച്ചി കമ്മിഷണർ പുട്ട വിമലാദിത്യ, ഡി.സി.പി അശ്വതി ജിജി, സെൻട്രൽ എ.സി.പി ജയകുമാർ, എസ്.എച്ച്.ഒ അനീഷ് ജോയ്, പൊലീസ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതാക്കൾ, മാധ്യമപ്രവർത്തകർ, സുഹൃത്തുക്കൾ, സ്നേഹിതർ എന്നിവർക്കും താരം നന്ദി അറിയിച്ചു.

ഒരു വ്യക്തിയെ കൊന്നുകളയാൻ കത്തിയും തോക്കുമൊന്നും വേണ്ട. സമൂഹ മാധ്യമങ്ങളിൽ നിന്നുള്ള നീചവും ക്രൂരവുമായ അസഭ്യ അശ്ളീല ദ്വയാർത്ഥ കമന്റുകളും ആസൂത്രിതമായ പ്രചാരണവും മതി. സമൂഹമാധ്യമ ഗുണ്ടായിസത്തിന് നേതാവുണ്ടെങ്കിൽ മൂർച്ച കൂടും.' ഹണി ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞു.

### പിന്തുണച്ച് സഹപ്രവർത്തകർ

ഹണി റോസ് തുടങ്ങിവച്ച ധീരമായ പോരാട്ടത്തെ പിന്തുണയ്ക്കുമെന്ന് ഫെഫ്ക അറിയിച്ചു. ഹണി റോസിന്റെ നിശ്ചയദാർഢ്യവും ഉറപ്പുള്ള നിലപാടും സൈബർ ലൈംഗികാതിക്രമങ്ങൾക്കെതിരെ കൂട്ടായ പ്രതിരോധത്തിന്റെ തുടക്കമായി കാണുന്നതായി ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ അറിയിച്ചു.

താരസംഘടനയായ അമ്മ പിന്തുണ പ്രഖ്യാപിച്ചിരുന്നു. സമൂഹമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തുന്നതിനും അപഹസിക്കുന്നതിനുമെതിരായ പരാതിയിൽ നിയമസഹായം നൽകുമെന്നും അമ്മ അഡ്ഹോക് കമ്മിറ്റി അറിയിച്ചിരുന്നു. ഹണി റോസിന്റെ ഫേസ്ബുക്ക് പോസ്റ്റ് പങ്കുവച്ചാണ് സിനിമയിലെ വനിതാ കൂട്ടായ്മ (ഡബ്ളിയു.സി.സി) പിന്തുണ അറിയിച്ചത്. 'അവൾക്കൊപ്പം' എന്ന ഹാഷ് ടാഗുമായാണ് ബോബിക്കെതിരായ പോസ്റ്റ് പങ്കിട്ടത്.













# പത്മവ്യൂഹത്തിലകപ്പെട്ട കോൺഗ്രസ്

കപ്പിൽ മുത്തമിടാൻ കോൺഗ്രസ് കാത്തിരിക്കുമ്പോൾ, കാലം തെറ്റിവരുന്ന ഓരോ കാരണങ്ങൾ സംസ്ഥാന കോൺഗ്രസിനെ വല്ലാതെ വലയ്ക്കുകയാണ് ഇപ്പോൾ. വളരെ സുഖകരമായി തദ്ദേശ തെരഞ്ഞെടുപ്പിനെ നേരിടാൻ കളമൊരുക്കി വരുമ്പോഴാണ് അവിചാരിതം എന്ന് തോന്നും വിധം പുതിയ വെല്ലുവിളികൾ കടന്നുവരുന്നത്. അത് പി.വി. അൻവറിന്റെ രൂപത്തിലും വയനാട് ഡി.സി.സി ട്രഷറർ എൻ.എം. വിജയന്റെ ആത്മഹത്യയുടെ രൂപത്തിലും ഒരു വശത്ത്.



മറുവശത്ത് ജോസ് കെ. മാണിയുടെ യു.ഡി.എഫ്പ്രവേശന മോഹങ്ങളുടെ ചരടുവലികൾ, അതിനപ്പുറം ജമാഅത്ത് ഇസ്‌ലാമിയുമായുള്ള അടുപ്പത്തിനും അകൽച്ചയ്ക്കുംഎത്രദൂരംവയ്ക്കാമെന്നചോദ്യം. സർവോപരി സമുദായ നേതാക്കൾക്ക് രമേശ് ചെന്നിത്തലയോട് പെട്ടെന്നുണ്ടായ ഇഷ്ടക്കൂടുതലും സ്വീകാര്യതയും.

2024ലെ കേരള വനം (ഭേദഗതി) ബില്ലിനെ എതിർത്ത നിലമ്പൂരിലെ സ്വതന്ത്ര നിയമസഭാംഗമായ പി.വി. അൻവറിന്റെ നാടകീയമായ അറസ്റ്റിനും പിന്നീട് ജാമ്യത്തിൽ പുറത്തിറങ്ങിയതിനും പിന്നാലെ അദ്ദേഹം യു.ഡി.എഫ് പ്രവേശത്തിന് വഴിയൊരുങ്ങുകയാണെന്ന ചർച്ച ചൂടുപിടിച്ചു. ചേലക്കര നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ അൻവർ സ്വീകരിച്ച യു.ഡി.എഫ് വിരുദ്ധ നിലപാട് നിലനിൽക്കെയാണ് അൻവറിന് പ്രതിപക്ഷം രാഷ്ട്രീയ താമസസൗകര്യം നൽകുന്നതായി ആക്ഷേപമുയർന്നത്. ഡെമോക്രാറ്റിക് മൂവ്മെന്റ് ഓഫ് കേരള (ഡി.എം.കെ)യുമായി യു.ഡി.എഫ് പൊതുധാരണ കണ്ടെത്തിയതായി പ്രതീതി പടർന്നു.

വനഭൂമിയിൽ താമസിക്കുന്ന കർഷകർ, വന്യജീവി ആക്രമണങ്ങളിൽ നിന്നും സുരക്ഷിതരല്ല എന്ന കാരണത്താൽ സമരം ചെയ്തവർ ഫോറസ്റ്റ് ഓഫീസ് തകർത്തത് അൻവറിന്റെ പ്രേരണയാലാണ് എന്നതാണ് അറസ്റ്റിന് കാരണമായത്. അൻവറിനെ അറസ്റ്റു ചെയ്ത നടപടി ചോദ്യം ചെയ്ത പ്രതിപക്ഷ നടപടി യു.ഡി.എഫിലേയ്ക്കുള്ള ക്ഷണമായി വ്യാഖ്യാനിക്കപ്പെട്ടു. അതിനിടെ, യു.ഡി.എഫിന് നിരുപാധിക പിന്തുണ വാഗ്ദാനം ചെയ്ത് പി.വി. അൻവർ പാണക്കാട് തങ്ങളെ കണ്ടു. അൻവറിനെ ഒപ്പം നിർത്തുന്ന കാര്യം യു.ഡി.എഫിൽ ചർച്ച ചെയ്യുമെന്ന് തങ്ങളും അറിയിച്ചു.

തിരുവനന്തപുരത്ത് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, സഖ്യമുണ്ടാക്കാനുള്ള അൻവറിന്റെ സന്നദ്ധത യു.ഡി.എഫ് പരിഗണിക്കുമെന്ന് സൂചന നൽകി. എന്നാൽ, വാതിൽ പൂർണമായി തുറന്നിടുന്നു എന്ന് കരുതാറായുമില്ല. പ്രതിപക്ഷത്തെ ആക്രമിക്കാൻ അൻവർ 'സർക്കാരിന്റെ പൂച്ച' ആയി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ടെന്ന് യു.ഡി.എഫ് ക്യാമ്പിൽ മുറുമുറുപ്പ് തുടങ്ങി. എന്നാൽ രാഷ്ട്രീയത്തിൽ വ്യക്തിപരമായ ഇഷ്ടങ്ങൾക്കോ അനിഷ്ടങ്ങൾക്കോ യാതൊരു പ്രസക്തിയുമില്ല എന്ന നിലപാട് പ്രതിപക്ഷ നേതാവ് സ്വീകരിച്ചതോടെ ആശയക്കുഴപ്പം പെരുത്തു. അൻവറിനു വേണ്ടി കൊടി പിടിക്കാൻ കിട്ടില്ലെന്ന യു.ഡി.എഫ് യുവജന സംഘടനകളുടെ നിലപാടും തലവേദനയായി.

അൻവർ തന്റെ കോൺഗ്രസ് വേരുകൾ തിരിച്ചറിഞ്ഞ് പൂർണമായ തെറ്റുതിരുത്തൽ നടത്തണമെന്നാണ് കെ.പി.സി.സി അംഗം റിജിൽ മാക്കുറ്റി അഭിപ്രായപ്പെട്ടത്. അൻവർ തന്റെ രാഷ്ട്രീയ വഴിത്തിരിവ് പരസ്യമായി വ്യക്തമാക്കണമെന്ന് വി.ടി. ബലറാമും, മാത്യു കുഴൽനാടൻ എം.എൽ.എയും പറഞ്ഞു. അൻവർ പ്രതിപക്ഷ സഖ്യത്തെ ഔദ്യോഗികമായി സമീപിച്ചിട്ടില്ലെന്ന് യു.ഡി.എഫ് കൺവീനർ എം.എം. ഹസ്സൻ വെളിപ്പെടുത്തി.

എന്നാൽ, 2026ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നില ശക്തിപ്പെടുത്താൻ ഏതു ചെകുത്താനുമായി കൂടുന്നതിലും തെറ്റില്ലെന്ന് കരുതുന്ന യു.ഡി.എഫ് നേതാക്കളുമുണ്ട്. പിണറായി വിജയൻ സർക്കാരിനെ അധികാരത്തിൽ നിന്ന് പുറത്താക്കുന്നതുവരെ വിശ്രമിക്കില്ലെന്ന അൻവറിന്റെ പ്രഖ്യാപനം അവർക്ക് പ്രത്യാശ പകരുകയും ചെയ്തു.

### വിജയന്റെ മരണം

അതിനിടെ, വയനാട് ഡി.സി.സി ട്രഷറർ എൻ.എം. വിജയന്റെ മരണത്തിൽ കോൺഗ്രസ് നേതൃത്വത്തിനെതിരെ പ്രതിഷേധം ശക്തമായി. കോൺഗ്രസ് നേതാക്കൾക്ക് വേണ്ടി നടത്തിയ സാമ്പത്തിക ഇടപാടുകളാണ് കുടുംബത്തിന്റെ നാഥനായ വിജയനെ ആത്മഹത്യയിലേക്ക് നയിച്ചതെന്ന് ആരോപണമുയർന്നു. ജില്ലാ നേതാക്കളായ ഐ.സി. ബാലകൃഷ്ണനും എൻ.ഡി. അപ്പച്ചനും സ്ഥാനങ്ങൾ രാജി വെക്കണമെന്ന് ആവശ്യപ്പെട്ട് സി.പി.എം രംഗത്ത് വന്നു. സംഭവത്തിൽ പോലീസിന്റെയും വിജിലൻസിന്റെയും അന്വേഷണം തുടരുകയാണ്. വിജയന്റെ മൊബൈൽ ഫോണും കത്തും ഫോറൻസിക് പരിശോധനയ്ക്ക് നൽകി കത്തിലെ കയ്യക്ഷരം സ്ഥിരീകരിക്കാൻ വിജയൻ മുൻപേ എഴുതിയ രേഖകൾ പോലീസ് ശേഖരിച്ചു.

സംസ്ഥാന കോൺഗ്രസ് നേതൃത്വം സമീപകാലത്തൊന്നും നേരിട്ടിട്ടില്ലാത്ത കടുത്ത പ്രതിസന്ധിയിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. ഇതിനിടെ, വിവാദം അന്വേഷിക്കുന്ന തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള കെ.പി.സി.സി സംഘം വയനാട്ടിൽ എത്തി കുടംബത്തെ സമാധാനിപ്പിച്ചു. എൻ.എം. വിജയന് സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നാണ് മകൻ വിജിലൻസിന് മൊഴി നൽകിയിരിക്കുന്നത്. കുടുംബ പ്രശ്നങ്ങളല്ല, സാമ്പത്തിക പ്രശ്നങ്ങൾ തന്നെയായിരുന്നു മരണത്തിന് കാരണമെന്നും അച്ഛന്റെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് നേരിട്ടറിയില്ലെന്നും മകൻ വിജിലൻസിനോട് പറഞ്ഞു.

കോൺഗ്രസ്നേതൃത്വത്തിനെതിരെരൂക്ഷ വിമർശനം ഉന്നയിച്ചതിന് പിന്നാലെയാണ് മകൻ വിജിലൻസിന് മൊഴി നൽകിയത്. എൻ.എം. വിജയന്റെ ആത്മഹത്യയ്ക്ക് കാരണം കോൺഗ്രസ് നേതാക്കൾക്ക് വേണ്ടി നടത്തിയ സാമ്പത്തിക ഇടപാടുകളെന്ന കുടുംബത്തിന്റെ ആരോപണം തള്ളാൻ കോൺഗ്രസ് നേതൃത്വം പാടുപെട്ടു. ഇടപാടുകൾ സംബന്ധിച്ച് കെ.പി.സി.സി. പ്രസിഡന്റിനും പ്രതിപക്ഷ നേതാവിനും മുന്നറിവുണ്ടായിരുന്നു എന്ന ആക്ഷേപത്തെ ഇരു നേതാക്കളും നേരിട്ടത് തീർത്തും വിശ്വസനീയമായ രീതിയിലായിരുന്നില്ല.

മരിച്ച വിജയനെ തള്ളിപ്പറയുന്ന നിലപാടാണ് അവർ സ്വീകരിച്ചത്. പാർട്ടി അണികളോടും രാഷ്ട്രീയ എതിരാളികളോടും മാത്രമല്ല പൊതുജനങ്ങളോടും സമാധാനം പറയേണ്ടി വന്നു കോൺഗ്രസ് നേതൃത്വത്തിന്. സംരക്ഷണം നൽകുമെന്ന തിരുവഞ്ചൂരിന്റെ ഉറപ്പിൽ കടുംബം തൽക്കാലം പ്രതീക്ഷ വയ്ക്കുന്നു. അതോടെ വിഷയം കെട്ടടങ്ങിയെന്ന പ്രതീക്ഷ കൈവന്നെങ്കിലും സി.പി.എം അത് രാഷ്ട്രീയായുധമാക്കുക തന്നെ ചെയ്യും വിജിലൻസ് കേസുമായി സർക്കാർ മുന്നോട്ടു പോയാലും അത് യു.ഡി.എഫിനെ ബാധിക്കില്ലെന്നാണ് നേതാക്കളുടെ വിലയിരുത്തൽ. എന്നാൽ, വയനാട്ടിലെ സഹകരണ സ്ഥാപനങ്ങളിലെ കോഴ നിയമന വിവാദങ്ങൾ തീരാ തലവേദനയാണ് മുഖ്യകക്ഷിയായ കോൺഗ്രസിന്.

### മുതേതര വാദങ്ങൾ

മതരാഷ്ട്രവാദികളായ ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രീയരൂപമായ വെൽഫെയർ പാർട്ടിയുമായുള്ള ബന്ധത്തിൽ കോൺഗ്രസിൽ കല്ലുകടി ശക്തമായി. കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ ഒരുഭാഗത്തും യു.ഡി.എഫ് കൺവീനർ എം.എം. ഹസ്സനും കെ. മുരളീധരനും മറുഭാഗത്തുമായാണ് വാദപ്രതിവാദങ്ങളുയർത്തിയത്. എന്നാൽ പ്രതിപക്ഷ നേതാവും ബന്ധത്തെ പിന്തുണയ്ക്കുകയാണ് ചെയ്തത്.

ചില നേതാക്കൾ ബന്ധം തള്ളാനും കൊള്ളാനുമാകാതെ മൗനം പാലിച്ച് നിലകൊള്ളുകയാണ് ചെയ്തത്. മുസ്ലിംലീഗ് ഒരുക്കിയ കെണിയിൽ കോൺഗ്രസ് വീഴുകയായിരുന്നുവെന്നാണ് മറ്റൊരു വിഭാഗത്തിന്റെ വിലയിരുത്തൽ. വടക്കൻജില്ലകളിൽ പലയിടത്തും കോൺഗ്രസിനെ ഒതുക്കും വിധമാണ് ലീഗ് - വെൽഫെയർ കൂട്ടുകെട്ട്. മുന്നണിക്ക് പുറത്തുള്ള ഒരു കക്ഷിയുമായി ബന്ധമില്ലെന്നായിരുന്നു കെ.പി.സി.സി പ്രസിഡന്റും പ്രതിപക്ഷനേതാവും പറഞ്ഞത്. കോൺഗ്രസ് രാഷ്ട്രീയ കാര്യ സമിതിയും ബന്ധത്തെ എതിർത്തു. എന്നാൽ, യു.ഡി.എഫ് കൺവീനറായി ചുമതലലേയേറ്റ എം.എം. ഹസ്സൻ ജമാഅത്ത് അമീറുമായി ചർച്ച നടത്തി. അതിനുമുമ്പ് അദ്ദേഹം പാണക്കാട് എത്തി ലീഗ് നേതാക്കളെ കണ്ടിരുന്നു. ലീഗിന്റെസമ്മർദത്തിന്വഴങ്ങിയാണ് ഹസ്സൻ ജമാഅത്ത് അമീറിനെ കണ്ടതെന്നും ആരോപണമുണ്ടായി. ഹസ്സന്റെ സന്ദർശനത്തിനുശേഷമാണ് വെൽഫെയർപാർടിയുമായുള്ള ബന്ധത്തിന് കോൺഗ്രസ് അനുകൂല നിലപാട് സ്വീകരിച്ചത്. വെൽഫെയർ പാർടിയുമായി ബന്ധം സ്ഥാപിക്കാൻ ലീഗ് ശ്രമം തുടങ്ങിയിട്ട് കാലമേറെയായി. ശക്തികേന്ദ്രങ്ങളിൽപാർടിക്ഷയിക്കുന്നതിൽനിന്ന്രക്ഷതേടാനായിരുന്നു ഇത്. എന്നാൽ, തുടക്കത്തിൽ കോൺഗ്രസ് ഇതിനെ പ്രതിരോധിച്ചു എന്നാൽ, ജമാഅത്തെ ഇസ്ലാമിയുമായി ബന്ധം പാടില്ലെന്ന് കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി ജനറൽ സെക്രട്ടറി താരീഖ് അൻവർ പറഞ്ഞു. ഇതോടെ മുല്ലപ്പള്ളി വീണ്ടും രംഗത്ത് വന്നു. എന്നാൽ, മുല്ലപ്പള്ളിയെ തിരുത്തിയ ഹസ്സനും, കെ. മുരളീധരനും, എ.ഐ.സി.സി നേതൃത്വത്തെക്കൂടിയാണ് വെല്ലുവിളിച്ചത്. മുസ്ലിംലീഗിന് കാര്യമായ സ്വാധീനമുള്ള ഭാഗങ്ങളിൽമാത്രമാണ് വെൽഫെയറിനും സ്വാധീനമുള്ളത്. കോൺഗ്രസിന് കിട്ടേണ്ട പല സീറ്റുകളും ലീഗ് വെൽഫെയറിന് കൈമാറിയത് മലബാർ മേഖലയിൽ കോൺഗ്രസിന് തിരിച്ചടിയായി. തെക്കൻ കേരളത്തിൽ വെൽഫയർബന്ധം വിശദീകരിക്കാനാകാതെ വെട്ടിലായിരിക്കുകയാണ് സംസ്ഥാന കോൺഗ്രസ് നേതൃത്വം.

*പ്രജിത് രാജ്*






കേരളം വാചകം

# പെരിയ: കുഞ്ഞിരാമനടക്കം 4 പേർക്ക് ശിക്ഷ മരവിപ്പിച്ച് ജാമ്യം

കൊച്ചി: പെരിയ ഇരട്ടക്കൊലക്കേസിൽ ഉദുമ മുൻ എം.എൽ.എ കെ.വി. കുഞ്ഞിരാമനടക്കം സി.പി.എം നേതാക്കളായ നാലു പ്രതികളുടെ ശിക്ഷ നടപ്പാക്കുന്നത് തടഞ്ഞ്, ഹൈക്കോടതി ജാമ്യം അനുവദിച്ചു.

ശിക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് പ്രതികൾ നൽകിയ അപ്പീലിനൊപ്പം നൽകിയ അപേക്ഷ പരിഗണിച്ചാണ് ജസ്റ്റിസ് പി.ബി. സുരേഷ്കുമാർ, ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യൻ എന്നിവരുൾപ്പെട്ട ഡിവിഷൻബെഞ്ചിന്റെ നടപടി. അപ്പീലുകൾ തീർപ്പാക്കാൻ കാലതാമസം വരുന്ന കേസുകളിൽ, പരിമിതകാല ശിക്ഷ കിട്ടിയവർക്ക് ഇത്തരത്തിൽ ജാമ്യം നൽകുന്നത് മേൽക്കോടതിയുടെ സാധാരണ നടപടിക്രമമാണ്.

20-ാം പ്രതിയായ കുഞ്ഞിരാമന് പുറമേ 14-ാം പ്രതി കെ. മണികണ്ഠൻ, 21-ാം പ്രതി രാഘവൻ വെളുത്തോളി, 22-ാം പ്രതി കെ.വി. ഭാസ്കരൻ എന്നിവരാണ് അപ്പീൽ നൽകിയത്.

രണ്ടാം പ്രതിയെ പൊലീസ് കസ്റ്റഡിയിൽ നിന്ന് മോചിപ്പിച്ചെന്ന കുറ്റത്തിന് ഇവർക്ക് പ്രത്യേക സി.ബി.ഐ കോടതി 5 വർഷം തടവും 10,000 രൂപ വീതം പിഴയും ശിക്ഷ വിധിച്ചിരുന്നു. ജീവപര്യന്തം തടവ് ലഭിച്ച മറ്റു പ്രതികൾ കൂടി ഹൈക്കോടതിയെ സമീപിക്കുതോടെ അപ്പീലുകളിൽ തീർപ്പ് നീളാനുള്ള സാഹചര്യം ഡിവിഷൻബെഞ്ച് കണക്കിലെടുത്തു.

50,000 രൂപയുടെ സ്വന്തം ബോണ്ടിലും തത്തുല്യമായ രണ്ട് ആൾജാമ്യത്തിലുമാണ് നാലു പേരെയും ജാമ്യത്തിൽ വിടുക. വിചാരണക്കോടതി വിധിച്ച പിഴത്തുക ഇവർ ഒടുക്കണമെന്നും ഹൈക്കോടതി ഉത്തരവിട്ടു.

പ്രതികളുടെ അപ്പീലിൽ കോടതി പിന്നീട് വിശദമായ വാദം കേൾക്കും. 2019 ഫെബ്രുവരി 17നാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷും ശരത്‌ലാലും കൊല്ലപ്പെട്ടത്.

കേസിൽ മറ്റ് 10 പ്രതികൾക്ക് സി.ബി.ഐ കോടതി ഇരട്ട ജീവപര്യന്തം വിധിച്ചിരുന്നു. പ്രതികളെ പിന്നീട് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുകയും ചെയ്തിരുന്നു.












# വോട്ടിനു നേരെ കണ്ണു പൂട്ടി യുവ തലമുറ



ബാബു കദളിക്കാട്

ഭാസുരമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെന്ന് ജനനേതാക്കൾ ആവർത്തിച്ചു പറയുമ്പോഴും വോട്ടെടുപ്പിനോട് പുതുതലമുറ കാണിക്കുന്നത് തികഞ്ഞ നിസംഗതയും വിമുഖതയും. ആശങ്കാകുലരാണിക്കാര്യത്തിൽ കേരളത്തിലേതുൾപ്പെടെ സാമൂഹിക നിരീക്ഷകർ. ജനാധിപത്യ വിശ്വാസികളുടെ ശുഭാപ്തി വിശ്വാസത്തിൽ വലിയ വിള്ളൽ വീഴ്ത്തുന്നതാണ് നിയമസഭാ, ലോക്സഭാ തിരഞ്ഞെടുപ്പുകൾക്കായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷനു വേണ്ടി തയാറാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് ഓഫീസർ തിരുവനന്തപുരത്ത് പുറത്തുവിട്ട സ്ഥിതിവിവരക്കണക്കുകൾ.




പ്രായപൂർത്തിയെത്തുന്ന ഏതൊരു പൗരന്റെയും ഭരണഘടനാദത്തമായ അവകാശമാണ് വോട്ട്. രാഷ്ട്ര നിർമ്മാണത്തിൽ യുവാക്കളുൾപ്പെടെ ഏതു പ്രായക്കാരുടെയും പങ്കാളിത്തം ഉറപ്പാക്കി ആ അവകാശം യഥാവിധി വിനിയോഗിക്കപ്പെടുമ്പോഴാണ് ജനാധിപത്യം അർത്ഥവത്താകുന്നത്. തദ്ദേശ സ്ഥാപനങ്ങൾ മുതൽ പാർലമെന്റിലേക്കു വരെ നടക്കുന്ന തിരഞ്ഞെടുപ്പുകൾ ജനാഭിലാഷം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല വേദികൾ തന്നെ. പക്ഷേ, കേരളത്തിലെ യുവതലമുറ വോട്ടർപട്ടികയിൽ പേരു ചേർക്കാൻ മുന്നോട്ടുവരാതെ ഒഴിഞ്ഞു മാറുമ്പോൾ ഒട്ടും ശുഭകരമല്ല ആ പ്രവണതയുടെ സൂചന. വോട്ടിംഗ് പ്രായമെത്തിയ യുവതീയുവാക്കളിൽ എഴുപതു ശതമാനം പേരും വോട്ടർ പട്ടികയിൽ പേരു ചേർത്തിട്ടില്ല.

സംസ്ഥാനത്തു പ്രായക്കണക്കിൽ ഏറ്റവും കൂടുതൽ വോട്ടർമാർ 40-49 വിഭാഗത്തിൽ ആണുള്ളത് 59.24 ലക്ഷം പേർ. പത്തുലക്ഷത്തോളം പേർ 18നും 19നും ഇടയ്ക്ക് പ്രായമുള്ളവരാണ്. 18 വയസു തികയുന്നവർക്ക് വോട്ടവകാശമുണ്ട്. പക്ഷേ, ഇവരിൽ 2.98 ലക്ഷം പേർ മാത്രമേ വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ മുന്നോട്ടുവന്നുള്ളൂ. ഏഴുലക്ഷത്തോളം പേർക്ക് ഇക്കാര്യത്തിൽ താത്പര്യമില്ലെന്നാണ് ബഹുഭൂരിപക്ഷം യുവതീ യുവാക്കളും തിരഞ്ഞെടുപ്പിനോട് മുഖം തിരിഞ്ഞു നിൽക്കുന്നതിൽ നിന്ന് മനസിലക്കേണ്ടത്. യുവാക്കളെല്ലാം നാടുവിടുന്നുവെന്ന വിലാപത്തിന്റെ അനുബന്ധമായി ലഘൂകരിച്ചു കാണാനാകാത്ത കണക്കാണിത്. ഭൂരിഭാഗം പേരും പട്ടികയിൽ പേരു ചേർക്കുന്നില്ലെന്നും ചേർക്കുന്നവരിൽ പലരും വോട്ടെടുപ്പ് പ്രക്രിയയുടെ ഭാഗമാകുന്നില്ലെന്നും പഠനങ്ങളിലൂടെ വ്യക്തമായതായി അധികൃതർ പറയുന്നു.

പഠനത്തിനായും മറ്റും വിദേശത്തു കുടിയേറുന്നവരുടെ എണ്ണം വർധിച്ചതാണ് ഒരു കാരണമെന്നാണു നിഗമനം. മറ്റു കാരണങ്ങൾ എന്താണെന്നു പഠിക്കാൻ ഏജൻസിയെ നിയോഗിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ ഖേൽക്കർ പറഞ്ഞു. കൂടുതൽ യുവാക്കളെ പട്ടികയുടെ ഭാഗമാക്കാൻ സ്കൂളുകളിലും കോളേജുകളിലും എത്തിയും സമൂഹമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തുമത്രേ. ബംഗാളിലോ ബിഹാറിലോ അല്ല സാക്ഷരതയുടെ കാര്യത്തിലും സമൂഹമാധ്യമ ഉപയോഗത്തിലും മുമ്പന്തിയിൽ നിൽക്കുന്നതും അമിത രാഷ്ട്രീയ പ്രസരത്തിന്റെ പഴി ഏറെ കേൾക്കുന്നതുമായ കേരളത്തിലിനി ഇക്കാര്യത്തിനായുള്ള ബോധവൽക്കരണത്തിലൂടെയും ഖജനാവിൽ നിന്നു പണം ചോരുമെന്നു ചുരുക്കം.

നിലവിലെ കണക്കു പ്രകാരം മുപ്പതിനും അറുപതിനും ഇടയ്ക്ക് പ്രായക്കാരാണ് സംസ്ഥാനത്തെ വോട്ടർമാരിൽ 58 ശതമാനവും. 18നും 19നുമിടയ്ക്ക് വരുന്നത് വെറും 1.07 ശതമാനം. തിരഞ്ഞെടുപ്പിനോടും വോട്ടെടുപ്പിനോടുമുള്ള യുവതയുടെ ഈ വിമുഖത രാഷ്ട്ര നിർമ്മാണത്തിന്റെ വിവിധ മേഖലകളെ ദോഷകരമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കുന്നു നിരീക്ഷകർ. നാടിന്റെ വികസന പ്രശ്നങ്ങളുൾപ്പെടെ പല കാര്യങ്ങളിലും ഇടപെടേണ്ട യുവ തലമുറയാണ് ഇപ്രകാരം മാറിനിൽക്കുന്നത്. നാട്ടു കാര്യങ്ങൾ രാഷ്ട്രീയക്കാർ നോക്കട്ടെ എന്ന ചിന്താഗതി വളരുന്നു.

ഈ സ്ഥിതിവിശേഷത്തിന് പ്രധാന കാരണക്കാർ രാഷ്ട്രീയക്കാർ തന്നെയാണെന്നതാണു യാഥാർത്ഥ്യം. രാഷ്ട്രീയത്തെ ഗ്രസിച്ച പല വിധ ദുഷ്പ്രവണതകൾ സാധാരണ വോട്ടർമാരെ രാഷ്ട്രീയത്തിൽ നിന്ന് അകന്നു നിൽക്കാൻ പ്രേരിപ്പിക്കുന്നു.

ഏറ്റവുമധികം ഉദ്യോഗസ്ഥന്മാരും വിദ്യാസമ്പന്നരുമുള്ള മണ്ഡലങ്ങളാണ് വോട്ടിംഗ് ശതമാനത്തിൽ പ്രയേണ പിന്നിലായതെന്ന് ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിലെ ഡാറ്റ പരിശോധിച്ചാൽ ബോദ്ധ്യമാകും. മറ്റു വിഭാഗം വോട്ടർമാർക്കും പണ്ടത്തെപ്പോലെ തിരഞ്ഞെടുപ്പിനോട് താത്പര്യം കുറഞ്ഞുവരുന്നതിന്റെ സൂചനകളാണുള്ളത്. മണിപവറും മസിൽ പവറും കൊലപാതകങ്ങളും രാഷ്ട്രീയത്തെ വിഴുങ്ങിയതിനോടു ജനങ്ങൾക്കു പ്രതികരിക്കാൻ വേറെ വഴിയില്ലാത്തതാകാം ഇതിനു കാരണമെന്ന് സാമൂഹിക ശാസ്ത്രജ്ഞർ പറയുന്നുണ്ട്.

നാടിന്റെ പൊതുവായ പല കാര്യങ്ങളിലും യുവ തലമുറ ക്രിയാത്മകമായി ഇടപെടാറുണ്ടെന്നതും ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ ചിന്താശക്തി വേണ്ടിടത്ത് പങ്കാളിത്തം ശുഷ്കം. വളർന്നുകൊണ്ടിരിക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും ഉൾപ്പെടെ നാനാതരത്തിലുള്ള ഭരണപരാജയങ്ങൾ ഏതു പൗരന്റെയും ഉത്കണ്ഠ വളർത്തുന്നു. തിരഞ്ഞെടുപ്പിൽ ജയിച്ചുവരുന്നവർക്ക് നാടിനെ ഒന്നായി കാണാനും വികസനത്തിന്റെ സദ്ഫലങ്ങൾ പക്ഷപാത രഹിതമായി പങ്കിടാനും കഴിയുന്നില്ലെങ്കിൽ സാധാരണക്കാർ ജനാധിപത്യ സംവിധാനങ്ങളിൽ നിന്ന് അകലുന്നതിന്റെ ആകുലത അവശേഷിക്കും. രാഷ്ട്രീയത്തിലെ കാപട്യമാണ് യുവജനങ്ങളെ വെറുപ്പിക്കുന്നതെന്ന കാര്യം അംഗീകരിച്ച് ഈ പ്രവണത മാറ്റിയെടുക്കാൻ രാഷ്ട്രീയക്കാർക്കു കഴിയാതെവന്നാൽ ഗുരുതരമാകും പ്രത്യാഘാതം. പക്ഷേ, മുഖ്യധാരാ രാഷ്ട്രീയ കക്ഷികളിൽ ഈ ബോധ്യം വരില്ലെന്നു ചിന്തിക്കാൻ പൗരന്മാരെ പ്രേരിപ്പിക്കുന്ന തരത്തിലുള്ള വാർത്തകളാണ് അവർ ആവർത്തിച്ചറിഞ്ഞുകൊണ്ടിരിക്കുന്നത്.

## സ്തുതിയും പുകഴ്ചയും കൊലപാതകികൾക്ക്

കൊലപാതകികൾക്കു സി.പി.എം സ്വീകരണമൊരുക്കി വീരപരിവേഷം ചാർത്തിയത് അതീവ വിസ്മയത്തോടെയാണ് ഈയിടെ നാടു കണ്ടത്. പാർട്ടിയേതായാലും കൊലപാതകം ഏറ്റവും വലിയ കുറ്റം തന്നെ. പെരിയ ഇരട്ടക്കൊല കേസിലെ പ്രതികൾ കുറ്റം ചെയ്തതായി കോടതി കണ്ടെത്തുകയും വിധി പ്രഖ്യാപിക്കുകയും ചെയ്തതോടെയാണവർ കണ്ണൂർ സെൻട്രൽ ജയിലിലായത്. ഈ വിധിക്കെതിരെ മേൽക്കോടതിയിൽ പോകാൻ അവർക്ക് അവകാശമുണ്ട്. അതാണു നിയമപരമായ വഴി. ആ വഴി സ്വീകരിക്കുന്നതിനു പകരം, കുറ്റക്കാർ തങ്ങളുടെ ആളുകളായതിനാൽ പാർട്ടി സ്വയം അവരെ കുറ്റവിമുക്തരായി കാണുകയും വീരൻമാരായി വാഴ്ത്തുകയും ചെയ്യുന്നത് നിയമവ്യവസ്ഥയെത്തന്നെ പരിഹസിക്കന്നതിനു തുല്യം. ഇത്തരം ചെയ്തികൾ സമൂഹത്തിലേക്കു പ്രസരിപ്പിക്കുന്ന സന്ദേശമെന്തെന്നത് സി.പി.എമ്മിനു വിഷയമേയല്ല.

സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ നേതാക്കളും അണികളുമാണ് കൊലക്കുറ്റവാളികൾക്കു സ്വീകരണമൊരുക്കിയത്. അതിനെതിരെ ഭരണകക്ഷിയോ അതിന്റെ മുതിർന്ന നേതാക്കളോ പ്രതികരിക്കാൻ പോലും തയ്യാറായില്ല. തങ്ങളുടെ കാര്യം തങ്ങൾതന്നെ തീരുമാനിക്കുമെന്നും പാർട്ടിക്കു മേലേ ഒന്നുമില്ലെന്നും ഉണ്ടാവാൻ അനുവദിക്കില്ലെന്നുമുള്ള ധാർഷ്ട്യം പ്രകടം. സ്വീകരിക്കാൻ ഇറങ്ങിയവർക്കിടയിലും സ്വീകരിക്കപ്പെട്ടവർക്കിടയിലും മുൻ എം.എൽ.എമാരുമുണ്ടായിരുന്നു. ജനങ്ങളെ നയിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവർ നിയമത്തെ വെല്ലുവിളിക്കുന്ന വിചിത്രമായ കാഴ്ച. ജയിൽ കാണിച്ചു തങ്ങളെ വിരട്ടേണ്ടെന്നാണ്, ഈ പരിപാടിക്കു നേതൃത്വം കൊടുത്ത പാർട്ടി നേതാവ് പി.ജയരാജൻ പറഞ്ഞത്. ഇനി ഇവർ തന്നെ ജനനായകരായി വോട്ടു ചോദിക്കാൻ ജനങ്ങൾക്കിടയിൽ ഇറങ്ങി നടക്കുകയും ചെയ്യും. പ്രതികളെ സി.പി.എം. നേതാക്കളായ പി.പി. ദിവ്യയും പി.കെ. ശ്രീമതിയും ജയിലിലെത്തി സന്ദർശിച്ചതും ജനങ്ങൾക്കിടയിൽ ചർച്ചാവിഷയമായി. ഉദുമ മുൻ എം.എൽ.എ. കെ.വി. കുഞ്ഞിരാമൻ ഉൾപ്പെടെ നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടതി സ്റ്റേ ചെയ്തതിന് പിന്നാലെയാണ് ഇരുവരും സെൻട്രൽ ജയിലിലെത്തിയത്.

അരാജകത്വത്തെ അലങ്കാരമായി കൊണ്ടുനടക്കുന്ന പാർട്ടിയാണ് സി.പി.എം എന്നാണരോപണം. കൊലക്കുറ്റത്തിനു ശിക്ഷകഴിഞ്ഞിറങ്ങിയവരെ മാലയിട്ടു സ്വീകരിച്ച് എഴുന്നള്ളിച്ച ചരിത്രം ആ പാർട്ടിക്കു നേരത്തേയുമുണ്ട്. വേണ്ടിവന്നാൽ പൊലീസ് സ്റ്റേഷനിലും ബോംബു നിർമിക്കുമെന്നു പ്രഖ്യാപിച്ച നേതാവ് പാർട്ടിക്കുണ്ടായിരുന്നു. അദ്ദേഹം പിന്നീടു ആഭ്യന്തര മന്ത്രിയാവുകയും ചെയ്തു.

പാർട്ടിക്കു തന്നെ പൊലീസും കോടതിയുമൊക്കെയുണ്ടെന്നു പ്രഖ്യാപിക്കുകയും ആ കോടതിയുടെ വിധി നടപ്പാക്കിക്കാണിക്കുകയും ചെയ്ത പാർട്ടി ഒരാളെ പരസ്യമായി വിചാരണ ചെയ്ത് കുറ്റക്കാരനായി പ്രഖ്യാപിച്ചു. ശിക്ഷവിധിച്ച് അതു പരസ്യമായിത്തന്നെ നടപ്പാക്കുകയും ചെയ്തു. സഹപാഠിയെ വീട്ടിൽ നിന്നു വിളിച്ചുവരുത്തി, കുത്തിക്കൊല്ലാൻ ജിഹാദികൾക്ക് ഇട്ടുകൊടുത്ത കുട്ടിസഖാക്കളുടെ പാർട്ടിയെന്ന ആക്ഷേപവുമുണ്ട്.

പരുമലയിൽ കൊലയാളിക്കൂട്ടത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടാൻ പുഴയിൽ ചാടിയ സഹപാഠികളെ കരയ്ക്കടുപ്പിക്കാതെ എറിഞ്ഞു മുക്കിത്താഴ്ത്തിക്കൊന്നവരുടെ പാരമ്പര്യവും സ്വന്തമാണ് സി.പി.എമ്മിന്. പിഞ്ചുകുഞ്ഞുങ്ങളുടെ മുന്നിലിട്ട് അദ്ധ്യാപകനെ വെട്ടിക്കൊന്നതും അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ മുൻസഹചാരിയായിരുന്ന ടി.പി. ചന്ദ്രശേഖരനെ 51 വെട്ടുവെട്ടിക്കൊന്നതും പാർട്ടി അലങ്കാരമായി തലയിൽ അണിയുന്നു. അധ്യാപികയ്ക്കു കുഴിമാടം തീർക്കുകയും ഗുരുനാഥനെ രണ്ടുകാലിൽ കോളജിൽ വരാത്ത പരുവത്തിലാക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു അവരുടെ വിദ്യാർത്ഥി സംഘടനയിലുള്ളവർ. അതിനെയൊക്കെ കൊണ്ടാടുന്ന മുതിർന്നവരുടെ നിരയുമുണ്ട് പാർട്ടിയിൽ.

രണ്ടു ദശാബ്ദം മുമ്പ് നടന്ന കൊലപാതകത്തിൽ ഒമ്പത് ആർ.എസ്.എസ് ബി.ജെ.പി. പ്രവർത്തകർക്ക് തലശ്ശേരി അഡീഷണൽ സെഷൻസ് കോടതി ജീവപര്യന്തം ശിക്ഷ വിധിച്ചതും ഇതിനിടെ കേരളം വിസ്മയത്തോടെ കണ്ടു. കണ്ണപുരം ചുണ്ടയിൽ സി.പി.എം പ്രവർത്തകൻ റിജിത്തിനെ കുത്തിക്കൊലപ്പെടുത്തിയ കേസിലാണ് അഡീഷണൽ സെഷൻസ് ജഡ്ജി റൂബി കെ. ജോസ് വിധി പറഞ്ഞത്. കേസിലെ മൂന്നാം പ്രതിയായിരുന്ന കെ.ടി. അജേഷ് വിചാരണക്കിടെ മരിച്ചിരുന്നു. പ്രതികൾ കൊലപാതകം, വധശ്രമം എന്നിവയിൽ കുറ്റക്കാരാണെന്ന് കഴിഞ്ഞ ദിവസം കോടതി കണ്ടെത്തി.

2005 ഒക്ടോബർ മൂന്നിനായിരുന്നു കേസിനാസ്പദമായ സംഭവം. കണ്ണൂർ കണ്ണപുരത്തെ സജീവ ഡി.വൈ.എഫ്.ഐ പ്രവർത്തകനായ റിജിത്തിനെ ആർ.എസ്.എസ് ബി.ജെ.പി പ്രവർത്തകർ വെട്ടി കൊലപ്പെടുത്തുകയായിരുന്നു. സമീപത്തെ ക്ഷേത്രത്തിൽ ശാഖ തുടങ്ങുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. ആക്രമണത്തിൽ ഗുരുതരമായി പരുക്കേറ്റ റിജിത്ത് സംഭവസ്ഥലത്ത് തന്നെ മരണപ്പെട്ടു. കൂടെയുണ്ടായിരുന്ന മൂന്ന് സി.പി.എം പ്രവർത്തകരായ നികേഷ്, വിമൽ, വികാസ് എന്നിവർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു.

ഗുരുതരമായ അഴിമതിക്കേസിൽ കോൺഗ്രസ് പ്രതിരോധത്തിലാകുന്നതിനും നാട് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. വയനാട് ജില്ലാ കോൺഗ്രസ് ട്രഷറർ എൻ.എം. വിജയനും മകൻ ജിജേഷും ആത്മഹത്യ ചെയ്തതിന് പിന്നാലെയാണ് ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ ഉൾപ്പെടെ നേതാക്കൾക്കെതിരെ കടുത്ത ആരോപണങ്ങൾ ഉയർന്നിട്ടുള്ളത്. ബാങ്ക് നിയമനത്തിൽ കോഴ വാങ്ങിയെന്നത് ഉൾപ്പെടെയാണ് ആരോപണങ്ങൾ. വിഷം കഴിച്ച് അവശനിലയിൽ വീട്ടിൽ കണ്ടെത്തിയ വിജയനെയും ശാരീരിക പ്രയാസം നേരിടുന്ന മകനെയും ആശുപത്രിയിലാക്കുകയും ചികിത്സയ്ക്കിടെ വിജയൻ മരിക്കുകയുമായിരുന്നു.

ആത്മഹത്യ പരപ്രേരണയാലാണെന്നും കോൺഗ്രസ് നേതാക്കളുടെ പങ്ക് അന്വേഷിക്കണമെന്നും പ്രതിപക്ഷത്തു നിന്നു മാത്രമല്ല കോൺഗ്രസിനകത്തു നിന്നും പരാതി ഉയർന്നു. അവയെല്ലാം കേവലം രാഷ്ട്രീയ ആരോപണങ്ങളെന്ന് പറഞ്ഞ് തള്ളിക്കളയുകയായിരുന്നു എം.എൽ.എ ഉൾപ്പെടെയുള്ളവർ. എന്നാൽ, ഗുരുതരമായ കുറ്റകൃത്യങ്ങളാണ് ചില കോൺഗ്രസ് നേതാക്കളുടെ ഭാഗത്തുനിന്നുണ്ടായതെന്നാണ് വിജയൻ എഴുതി വീട്ടുകാരെ ഏല്പിച്ച കത്ത് വെളിപ്പെടുത്തുന്നത്. കെ.പി.സി.സി പ്രസിഡന്റ്, പ്രതിപക്ഷ നേതാവ്, സ്ഥലം എം.പി പ്രിയങ്ക ഗാന്ധി, മുൻ വയനാട് പ്രതിനിധിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി എന്നിവർക്കും തനിക്കുമായുള്ള കത്തുകൾ മകൻ വിജേഷ് പുറത്തുവിട്ടു.

ബത്തേരി അർബൻ ബാങ്കിലെ നിയമനത്തട്ടിപ്പിൽ പല നേതാക്കളും പണം വാങ്ങി, ബാങ്ക് ഭരണം പിടിക്കാൻ നിയമനക്കോഴയിലൂടെ പണം സമാഹരിച്ചു, നിയമനം റദ്ദാക്കപ്പെട്ടപ്പോൾ പണം തിരിച്ചുകൊടുത്തില്ല, എൻ.ഡി. അപ്പച്ചൻ വാങ്ങിയ 10 ലക്ഷത്തിന് താൻ പണയാധാരം നൽകി എന്നിങ്ങനെ പല വിവരങ്ങളാണ് കത്തിലുള്ളത്.

കത്തിന് കടലാസ് വില പോലും കല്പിക്കാത്ത കോൺഗ്രസ് നേതാക്കളുടെ മനുഷ്യത്വരഹിതമായ സമീപനത്തെക്കുറിച്ചും മകൻ പരസ്യമായി പരാതി പറയുന്നുണ്ട്. മുൻ കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ ആത്മഹത്യയുമായി താരതമ്യപ്പെടുത്തുമ്പോൾ സംസാരിക്കുന്ന തെളിവുകളാണ് വിജയന്റെയും മകന്റെയും ആത്മഹത്യയുമായി ബന്ധപ്പെട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടുന്നു സി.പി.എം.



# കേരള അസോസിയേഷൻ/കേരളാ കൾച്ചറൽ സെന്റർ ഷിക്കാഗോയുടെ ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങൾ ദൃശ്യങ്ങളിലൂടെ



# മുന്നേറാനായി സോണിയാഗാന്ധിയുടെ ഒരു പിൻവാങ്ങൽ

ഉമ്മൻചാണ്ടി ഏറെ അസ്വസ്ഥനായ നാളുകളായിരുന്നു തുടർന്നങ്ങോട്ടുള്ള വർഷങ്ങൾ. കാരണം കോൺഗ്രസിന്റെ പോക്ക് ഏങ്ങോട്ടെന്നു മനസ്സിലാകുന്നേയില്ല എന്ന അവസ്ഥയാണിപ്പോൾ. സോണിയാ ഗാന്ധിയുടെ പൗരത്വപ്രശ്നം കോൺഗ്രസ്സ് പാർട്ടിയെ കുഴപ്പത്തിൽ ചാടിച്ചിരിക്കുന്നു. പാർട്ടിയിലെ സീനിയർ നേതാക്കളിൽ നിന്നുതന്നെയാണ് ഈ എതിർപ്പുണ്ടായിരിക്കുന്നത്. ശരത് പവാറും സങ്മയുമൊക്കെയാണ് അതിനുപിന്നിൽ. ഡൽഹിയിലെ അഭിഭാഷകൻ പി.എൻ. ലേഖി 1999 മേയ് 12ന് ഒരു പൊതുതാൽപര്യ ഹർജി സമർപ്പിച്ചു. ഒരു ഇന്ത്യൻ പൗരനെ നിർവചിക്കുന്ന ഭരണഘടനയുടെ അഞ്ചാം വകുപ്പിൽ പറയുന്ന കാര്യങ്ങൾ സോണിയാ ഗാന്ധിയുടെ കാര്യത്തിൽ പാലിക്കപ്പെടുന്നില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ വാദം.

ഇതിനെ പൂർണമായ സപ്പോർട്ട് ചെയ്യുകയായിരുന്നു ശരത് പവാറും കൂട്ടരും. അതോടെ സോണിയാ പാർട്ടി അധ്യക്ഷസ്ഥാനം രാജിവച്ചു. എതിർപ്പുകൾ ഉണ്ടായിട്ടും സോണിയായെ തിരിച്ചുകൊണ്ടുവരാൻ കോൺഗ്രസ് പ്രവർത്തക സമിതി കിണഞ്ഞു ശ്രമിച്ചു. അവർ ശരത് പവാറിനേയും സങ്മയേയും പാർട്ടിയിൽ നിന്നും പുറത്താക്കി.

ഏതാണ്ട് ഇതിന് സമാനമായ ഒരു സംഭവം 1977ൽ അരങ്ങേറുകയുണ്ടായി. ഇന്ദിരാഗാന്ധി കൊണ്ടുവന്ന അടിയന്തരാവസ്ഥയ്ക്ക് യാതൊരു നീതീകരണവും ഇല്ലെന്ന് പറഞ്ഞു കൊണ്ടാണ് ജഗ്ജീവൻ റാമും എച്ച്.എൻ. ബഹുഗുണയും കലാപക്കൊടി അന്നു ഉയർത്തിയത്. 1999 മെയ് 15ന് മറാത്താ രാഷ്ട്രീയത്തിലെ അധികായനായ ശരത് പവാറും ലോക്സഭാ സ്പീക്കർ പി.എ. സങ്മയും താരിഖ് അൻവറും സോണിയായോടുള്ള വിയോജിപ്പ് ശക്തമാക്കി രംഗത്തു വന്നു.

അത് കോൺഗ്രസിൽ വലിയ ഞെട്ടൽ ഉളവാക്കി. കോൺഗ്രസുകാർ സദാ ഭയപ്പെട്ടിരുന്നതും എന്നാൽ സമ്മതിക്കാൻ തയ്യാറാകാതിരുന്നതുമായ ഒരു വസ്തുതയാണ് ഈ മൂവർ സംഘം തുറന്നടിച്ചത്. 1977 നോടുള്ള താരതമ്യം അവിടംകൊണ്ടും അവസാനിക്കുന്നില്ല. ഇന്ദിരയുടെ ആരാധകർ ജഗ്ജീവൻ റാമിനെയും മറ്റും ആക്രമിച്ച പോലെ സോണിയയുടെ അനുയായികൾ പവാർ സങ്മ അൻവർ ത്രയത്തെ നേരിട്ടു. ബി.ജെ.പിയുടെ ട്രോജൻ കുതിരകളാണ് ഇവർ എന്ന് വിമർശിക്കപ്പെട്ടു.

**1999ൽ സോണിയാ ഗാന്ധിയുടെ പൗരത്വപ്രശ്നം കോൺഗ്രസ്സ് പാർട്ടിയെ കുഴപ്പത്തിൽ ചാടിച്ചു. പാർട്ടിയിലെ സീനിയർ നേതാക്കളിൽ നിന്നുതന്നെയാണ് ഈ എതിർപ്പുണ്ടായത് എന്നതാണ് കൗതുകം**







ജോഷി ജോർജ്

അത് പൂർണ്ണമായും അടിസ്ഥാന രഹിതമായ ഒരു ആരോപണം ആണെന്ന് പറഞ്ഞു കൂടാ. ഒരു വർഷത്തോളമായി 'റോം' രാജിന്റെ ഭീഷണിയെ പറ്റി ബി.ജെ.പിയും സംഘപരിവാറും ബഹളം വച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് മെയ് 15ന് പവാറും കൂട്ടരും നൽകിയ കത്ത് ഈ പ്രശ്നത്തെ കൂടുതൽ തുറന്ന ചർച്ചയ്ക്ക് കാരണമാക്കി.

98 കോടി ജനങ്ങൾ ഉള്ള ഇന്ത്യയെ നയിക്കാൻ ഈ മണ്ണിൽ ജനിച്ചു വളർന്ന ഒരാൾ തന്നെ വേണ്ടിയിരിക്കുന്നു. പവാറിന്റെയും കൂട്ടരുടെയും കത്തിൽ പറയുന്നു. സോണിയ ഗാന്ധിയെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി പാർട്ടി ഉയർത്തിപ്പിടിച്ച അവസരത്തിലാണ് പാർട്ടിയെ അമ്പരപ്പിച്ച് പവാറും കൂട്ടരും കളത്തിലിറങ്ങിയത്. അടക്കിപ്പിടിച്ച സ്വരത്തിൽ ബി.ജെ.പി നടത്തിവന്ന പ്രചാരണമാണ് ഇവിടെ ഉച്ചത്തിൽ ഉന്നയിക്കപ്പെടുന്നത്. പാർട്ടിയുടെ അനിഷേധ്യ നേതാവ് എന്ന് കരുതിയിരുന്ന സോണിയ പാർട്ടിക്ക് ഒരു ബാധ്യതയായിരിക്കുന്നു എന്നാണ് പ്രവർത്തകസമിതിയിൽ പവാറും മറ്റും സോണിയയോട് വ്യക്തമാക്കിയത്.

'താങ്കൾക്ക് രണ്ട് പാസ്പോർട്ടോ, രണ്ടു പൗരത്വമോ ഉണ്ടെങ്കിൽ... മാഡം, കാര്യങ്ങൾ ഒന്നും അറിയാതെ എങ്ങനെയാണ് ഞങ്ങൾ മാഡത്തെ ന്യായീകരിക്കുക?' സങ്മ സോണിയോട് ചോദിച്ചു. രാജേഷ് പൈലറ്റ് നയതന്ത്രജ്ഞതയോടെ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. നേതൃത്വ പ്രശ്നം തെരഞ്ഞെടുപ്പിന് ശേഷം പുതിയ എംപിമാർ തീരുമാനിക്കട്ടെ എന്നതായിരുന്നു അത്. രാഷ്ട്രീയത്തിന്റെ ഇത്തരം പരുക്കൻ മുഖങ്ങൾ പരിചയപ്പെട്ടിട്ടില്ലാത്തതിനാൽ സോണിയയ്ക്കിത് അമ്പരപ്പിക്കുന്ന അനുഭവമായിരുന്നു.

ദുഷ്ടലാക്കോടെയുള്ള ബി.ജെ.പിയുടെ പ്രചാരണം കൊണ്ട് ഞാൻ വിരണ്ടു പോവുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് സോണിയ പ്രവർത്തകസമിതി യോഗം തുടങ്ങിയത്. അപ്പോൾ സങ്മ ചോദിച്ചു 'ബി.ജെ.പിയുടെ പ്രചാരണത്തിൽ എന്താണ് തെറ്റ്..? അത് ഒരു യഥാർത്ഥ പ്രശ്നമാണ്.' എന്നാൽ സോണിയ അങ്ങനെ കരുതിയില്ല രോഷവും നിരാശയും സങ്കടവും കാരണം യോഗത്തിനുശേഷം അരമണിക്കൂറോളം സോണിയ മൗനത്തിലാണ്ടു. പിന്നെ അവർ രാജിക്കത്ത് നൽകി. പ്രവർത്തകസമിതിയിലെ അതികായന്മാർ ആരും തന്നെ ന്യായീകരിക്കാൻ മുന്നോട്ടുവന്നില്ല എന്നതാണ് സോണിയായ ഏറെ അമ്പരപ്പിച്ചത്. എന്റെ പൗരത്വവും രാജ്യത്തോടുള്ള കൂറും ചോദ്യം ചെയ്യപ്പെടുമ്പോൾ എങ്ങനെയാണ് ഞാൻ മൗനം പാലിക്കുക. അവർ ചോദിച്ചതായി പറയപ്പെടുന്നു.

'ഞാൻ അവർക്കുവേണ്ടി പ്രവർത്തിക്കണമെന്നും തെരഞ്ഞെടുപ്പിൽ ജയിക്കാൻ അവരെ സഹായിക്കണമെന്നും എന്നാൽ പ്രധാനമന്ത്രി സ്ഥാനം വഹിക്കാൻ പാടില്ലെന്നും അവർ പറയുന്നു. പക്ഷേ ഞാൻ ഒരു പാർട്ടി ടിക്കറ്റ് പോലും ആവശ്യപ്പെട്ടിട്ടുണ്ടോ?'.

എന്നാൽ രണ്ടുദിവസം കൊണ്ട് സ്ഥിതിഗതികൾ ആകെ മാറിമറിഞ്ഞു സോണിയയുടെ രാജിക്കത്ത് കോൺഗ്രസ് പ്രവർത്തകരുടെ വികാരത്തെ ഇളക്കി മറിക്കാൻ പോന്നതായിരുന്നു.

പ്രസിഡന്റ് സ്ഥാനത്തു നിന്നുള്ള തന്റെ രാജി പ്രഖ്യാപിച്ച പ്രവർത്തകസമിതി യോഗത്തിൽ സോണിയ പറഞ്ഞു: 'ഞാൻ വിദേശത്തു ജനിച്ചു എന്ന വസ്തുത കോൺഗ്രസിന് ഒരു ബാധ്യതയായി തീർന്നിരിക്കുന്നു എന്ന അഭിപ്രായം എന്റെ സഹപ്രവർത്തകരിൽ ചിലർ പ്രകടിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പാർട്ടിയോടുള്ള രാജ്യത്തോടുള്ള ചുമതല ബോധവും പാർട്ടി പ്രസിഡന്റ് സ്ഥാനത്തുനിന്നും രാജിവയ്ക്കാൻ എന്നെ നിർബന്ധിക്കുന്നു'. ഇത്രയും പറഞ്ഞതിനുശേഷം അവർ പ്രവർത്തകസമിതി യോഗത്തിൽ നിന്നും പുറത്തു വന്ന് തന്റെ ഉപദേശകനായ ആർ.ഡി. പ്രധാനോടൊപ്പം ജൻപഥ് പത്താം നമ്പർ വസതിയിലേക്ക് നടന്നു. പിന്നാലെ ഓടിയെത്തിയ സീതാറാം കേസരി അവരുടെ കയ്യിൽ മുറുകെപ്പിടിച്ചുകൊണ്ട് യാചനാസ്വരത്തിൽ ചോദിച്ചു: 'ഞാനിവിടെ ഉള്ളിടത്തോളം കാലം എങ്ങനെയാണ് താങ്കൾ പുറത്തുപോവുക..?' പിന്നീടുണ്ടായത് സിനിമകളിലെ കദനകഥകളെ വെല്ലുന്ന രംഗങ്ങൾ ആയിരുന്നു.

ഡൽഹിയിലെ അക്ബർ റോഡിൽ കോൺഗ്രസുകാർ അതിരുകടന്ന വികാരപ്രകടനങ്ങൾ സൃഷ്ടിക്കാൻ തുടങ്ങി. ഒട്ടേറെ നാടകീയരംഗങ്ങൾ അരങ്ങേറി. സോണിയയുടെ വസതിയിൽ കുതിച്ചെത്തിയ മധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്‌വിജയ് സിംഗ് സോണിയയുടെ സെക്രട്ടറി ജോർജിന്റെ ടെലിപ്രിന്ററിൽ നിന്ന് ഒരു കഷണം കടലാസ് കീറിയെടുത്ത് തന്റെ രാജിക്കത്ത് എഴുതി. ഒരു യുവ കോൺഗ്രസ് പ്രവർത്തകൻ സമീപത്തുള്ള വൃക്ഷത്തിന് മുകളിൽ കയറി സോണിയ രാജ പിൻവലിച്ചാലെ താഴെ ഇറങ്ങൂ എന്ന് വാശിപിടിച്ചു. ആകെ ഒരു കൂട്ടക്കരച്ചിൽ ആയിരുന്നു. സോണിയായെ പിന്തിരിപ്പിക്കാൻ ആയി രാജികളും ആത്മഹൂദി ശ്രമങ്ങളും നിരാഹാര സമരവും രക്തം കൊണ്ട് കത്തെഴുതലും ഒക്കെ നടന്നു.

ആ അവസരത്തിൽ കേരളത്തിലെ കോൺഗ്രസ് നേതാക്കളും പ്രവർത്തകരും ഒന്നടങ്കം സോണിയ ഗാന്ധിയുടെ പിന്നിൽ ഉറച്ചുനിന്നു. ഡൽഹിയിൽ എ.കെ. ആന്റണിയും കെ. കരുണാകരനും ഉമ്മൻചാണ്ടിയും പി.ജെ. കുര്യനും എല്ലാം സോണിയ ഗാന്ധിയെ സന്ദർശിച്ച് രാജിതീരുമാനം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ വിവിധ കോൺഗ്രസ് നേതാക്കൾ സോണിയാക്കി അനുകൂലമായി പ്രകടനവും ഉപവാസവും ഒക്കെ നടത്തുന്ന തിരക്കിലായിരുന്നു. മഹാരാഷ്ട്രയിൽ നിന്നുള്ള നേതാവ് എന്ന നിലയ്ക്ക് പവാറിനോട് കേരളത്തിലെ കോൺഗ്രസുകാർക്ക് അത്ര വലിയ ആത്മബന്ധം ഒന്നുമില്ല. വർഷങ്ങളുടെ ബന്ധമുള്ളത് പി.സി. ചാക്കോയ്ക്ക് മാത്രമാണ്. മുമ്പ് ഇന്ദിരാഗാന്ധിയുമായി തെറ്റിപ്പിരിഞ്ഞ് പവർ കോൺഗ്രസ് ഉണ്ടാക്കിയപ്പോൾ പി.സി.ചാക്കോയും കേരളത്തിൽ നിന്നുള്ള കുറെ കോൺഗ്രസ് നേതാക്കളും പ്രവർത്തകരും അങ്ങോട്ട് ചേർന്നു. എ.കെ. ആന്റണി, ഉമ്മൻചാണ്ടി തുടങ്ങിയവർ 1980 ഇടത് മുന്നണിയുമായി യോജിച്ച് തെരഞ്ഞെടുപ്പിൽ ജയിക്കുകയും സർക്കാർ പങ്കാളിത്തം വഹിക്കുകയും ചെയ്തു. പി.സി. ചാക്കോയും അന്ന് മന്ത്രിയായിരുന്നു. പിന്നീട് ആന്റണി വിഭാഗം മുന്നണി വിട്ടു കോൺഗ്രസിൽ തിരികെ ലഭിക്കുകയായിരുന്നു. അന്നും ഇന്നും പവാറിന്റെ ആൾ എന്ന നിലക്കാണ് ചാക്കോ അറിയപ്പെട്ടിരുന്നത്. ചാക്കോ പോലും ഇന്ന് സോണിയ ഗാന്ധിക്ക് പിന്നിൽ ഉറച്ചുനിൽക്കുന്നു. ഇങ്ങനെയൊരു തീരുമാനം ബി.ജെ.പിയെ ആണ് സഹായിക്കുക അതിനോട് ഒരു കാരണവശാലും യോജിക്കാൻ കഴിയുകയില്ല എന്ന് ചാക്കോ പറയുന്നു.

(തുടരും)



# ഒറ്റ രാജ്യം, ഒറ്റ തിരഞ്ഞെടുപ്പ്: വിശദ ചർച്ചയ്ക്കായി സമയം വേണമെന്ന് ജെ.പി.സി അംഗങ്ങൾ

ന്യൂഡൽഹി: ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ് ബിൽ സംബന്ധിച്ച ചർച്ചയ്ക്കായി സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക്(ജെ.പി.സി) കൂടുതൽ സമയം ആവശ്യമാണെന്ന് ആദ്യ യോഗത്തിൽ ആവശ്യം. കക്ഷികൾക്കിടയിൽ അഭിപ്രായ സമന്വയം വേണ്ടതിനാലാണിത്. 31ന് തുടങ്ങുന്ന പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിന്റെ അവസാന ആഴ്ചയാണ് നിലവിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കേണ്ടത്. അതിനിടെ ഇന്നലെ ചേർന്ന ജെ.പി.സി യോഗത്തിൽ ബില്ലിന്റെ അനിവാര്യത സംബന്ധിച്ച് ഭരണപ്രതിപക്ഷ അംഗങ്ങൾ പോരടിച്ചു.

വിശാല ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും അഭിപ്രായ സമന്വയമുണ്ടാക്കാനാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ആഗ്രഹിക്കുന്നതെന്ന് കമ്മിറ്റി അദ്ധ്യക്ഷനും ബി.ജെ.പി എംപിയുമായ പി.പി. ചൗധരി ചൂണ്ടിക്കാട്ടി. കമ്മിറ്റിയുടെ കാലാവധി കൂട്ടാൻ ലോക്സഭാ സ്പീക്കറോട് അഭ്യർത്ഥിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടതായി അദ്ദേഹം പറഞ്ഞു.

## ഭരണഘടനാ ലംഘനമെന്ന് പ്രതിപക്ഷം

ഒന്നിച്ച് തിരഞ്ഞെടുപ്പ് നടത്തിയാൽ ചെലവ് കുറയുന്നത് എങ്ങനെയെന്ന് വയനാട് എം.പിയും കോൺഗ്രസ് നേതാവുമായ പ്രിയങ്കാ ഗാന്ധി. സർക്കാർ 2004ന് മുമ്പുള്ള പാർലമെന്ററി കമ്മിറ്റിയുടെ കണ്ടെത്തലുകളാണ് അവതരിപ്പിച്ചത്. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം വന്നത് പിന്നീടാണ്. അതിനാൽ, 2004 ന് ശേഷമുള്ള ചെലവുകളെ എങ്ങനെ ന്യായീകരിക്കുമെന്നും ചോദിച്ചു.

ഒറ്റ തിരഞ്ഞെടുപ്പ് ഭരണഘടനാ ലംഘനവും അധഃസ്ഥിതന്യൂനപക്ഷ വിരുദ്ധവുമാണെന്ന് കോൺഗ്രസ് എം.പി മനീഷ് തിവാരിയും സമാജ്‌വാദി പാർട്ടിയുടെ (എസ്.പി) ധർമേന്ദ്ര യാദവും ചൂണ്ടിക്കാട്ടി. ഫെഡറൽ ഘടനയ്ക്ക് എതിരായി വോട്ടവകാശം കവർന്നെടുത്ത് തിരഞ്ഞെടുപ്പ് ചെലവ് ചുരുക്കുന്നതിൽ കാര്യമില്ലെന്ന് തൃണമൂൽ എം.പി കല്യാൺ ബാനർജി.

പ്രാദേശിക പാർട്ടികളെ ദുർബലമാക്കാനും ദേശീയ പാർട്ടികളെ ശക്തമാക്കാനുമുള്ള നീക്കമെന്ന് വൈ.എസ്.ആർ കോൺഗ്രസ്. ചർച്ചകൾ പാർലമെന്റിന്റെ നാല് ചുവരുകളിൽ പരിമിതപ്പെടുത്തരുതെന്ന് ഡി.എം.കെ.

## ന്യായീകരിച്ച് ഭരണപക്ഷം

1957ൽ നിയമസഭാ കാലാവധി വെട്ടിക്കുറയ്ക്കുകയും ഒരേസമയം തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്തപ്പോൾ ഭരണഘടനാ ലംഘനത്തെക്കുറിച്ച് ആരും ചർച്ച ചെയ്തില്ലെന്ന് ബി.ജെ.പി. മാതൃകാ പെരുമാറ്റച്ചട്ടം ആവർത്തിച്ച് അടിച്ചേൽപ്പിക്കുന്നതിന്റെ പ്രത്യാഘാതം പരിഗണിക്കണമെന്ന് ശിവസേന. ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടന്നു. വരുംമാസങ്ങളിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുകളുടെ പരമ്പരയാണ്. മന്ത്രിസഭാ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും ബുദ്ധിമുട്ടാണ്.












# സെൻഡയയും ടോം ഹോളണ്ടും വിവാഹിതരാകുന്നു?

ഹോളിവുഡ് താരങ്ങളായ സെൻഡയയുടെയും ടോം ഹോളണ്ടിന്റെയും വിവാഹ നിശ്ചയം കഴിഞ്ഞുവെന്ന് റിപോർട്ടുകൾ. കഴിഞ്ഞ ദിവസം നടന്ന ഗോൾഡൻ ഗ്ലോബ് പുരസ്കാര ചടങ്ങിൽ സെൻഡയയുടെ ഇടത്തെ കയ്യിൽ അണിഞ്ഞിരിക്കുന്ന ഡൈമണ്ട് റിംഗാണ് സംശയങ്ങൾക്ക് വഴിവച്ചത്. ജെസ്സിക്ക മക്കോർമാക്കിന്റെ കളക്ഷനിലെ 5.02 കാരറ്റ് ഈസ്റ്റ് വെസ്റ്റ് കുഷ്യൻ ഡൈമണ്ട് ബട്ടൺ ബാക്ക് റിംഗാണ് സെൻഡയ ധരിച്ചിരുന്നത്. അത് ബുൾഗാരി റിംഗാണെന്ന് പലരും തെറ്റിദ്ധരിച്ചിരുന്നു. എന്തായാലും ഈ ഡയമണ്ട് റിംഗ് കണ്ടതോടെ ആരാധകർ ടോമും സെൻഡയയും തമ്മിലുള്ള വിവാഹം ഉറപ്പിച്ചിരിക്കുകയാണ്.2021ലാണ് സെൻഡയയും ടോം ഹോളണ്ടും പ്രണയത്തിലാകുന്നത്. 2017-ൽ സ്പൈഡർമാൻ ഹോം കമിങ് 2021-ൽ സ്പൈഡർ മാൻ നോ വേ ഹോം എന്നിവയിലും ഇവർ ഒരുമിച്ച് പ്രവർത്തിച്ചിരുന്നു.ഗോൾഡൻ ഗ്ലോബ് പുരസ്കാര വേദിയിൽ സെൻഡയയുടെ ശരീരത്തിൽ ഒരു ചെറിയ 'o' ടാറ്റൂവും ആരാധകർ കണ്ടെത്തിയിട്ടുണ്ട്. അത് ബോയ്ഫ്രണ്ടായ ടോമിന് വേണ്ടി സെൻഡയ ചെയ്തതാണെന്നാണ് ആരാധകരുടെ സംശയം.നിലവിൽ രണ്ട് പേരും നിരവധി ഹോളിവുഡ് സിനിമകളുടെ തിരക്കുകളിലാണ്.





# 'ആ കഥാപാത്രത്തിന് വേണ്ടി താൻ സ്വയം പീഡിപ്പിച്ചു' വെളിപ്പെടുത്തി ഫ്ലോറൻസ്

മിഡ്സോമ്മർ എന്ന ഹൊറർ ചിത്രത്തിലെ പ്രകടനത്തിന് മികച്ച നിരൂപക പ്രശംസ നേടിയ നടിയാണ് ബ്രിട്ടിഷ് നടി ഫ്ലോറൻസ് പ്യൂ. അടുത്തിടെ 'ദി റെയിൻ വിത്ത് ജോഷ് സ്മിത്ത്' എന്ന പോഡ്കാസ്റ്റിന് നൽകിയ അഭിമുഖത്തിൽ മിഡ്സോമ്മറിലെ തന്റെ കഥാപാത്രത്തെ കുറിച്ച് ഫ്ലോറൻസ്തുറന്ന് സംസാരിച്ചിരുന്നു. ചിത്രീകരണത്തിനിടെ കടന്ന് പോയ വൈകാരിക നിമിഷങ്ങളെ കുറിച്ചുള്ള അനുഭവം അവർ പങ്കുവെച്ചു. ആ കഥാപാത്രത്തിന് വേണ്ടി താൻ സ്വയം പീഡിപ്പിച്ചുവെന്നാണ് ഫ്ലോറൻസ് പറഞ്ഞത്.എങ്ങനെയാണ് താങ്കളുടെ മാനസികാരോഗ്യത്തെ സ്വയം നോക്കുന്നത് എന്ന ചോദ്യത്തിന് 'സ്വയം സംരക്ഷിക്കുക' എന്നാണ് ഫ്ലോറൻസ് ഉത്തരം പറഞ്ഞത്. വർഷങ്ങളെടുത്ത് താൻ പഠിച്ചെടുത്തതാണെന്നും താരം വ്യക്തമാക്കി. 'ഞാൻ എനിക്ക് പറ്റുന്നതിന് അപ്പുറം നൽകിയ ചില കഥാപാത്രങ്ങളുണ്ട്. അതുകൊണ്ട് തന്നെ ഞാൻ അതിന് ശേഷം ഇല്ലാതായിട്ടുമുണ്ട്. മിഡ്സോമ്മർ ചെയ്തപ്പോൾ ഞാൻ സ്വയം പീഡിപ്പിക്കുകയായിരുന്നു', ഫ്ലോറൻസ് പറഞ്ഞു.2019ലാണ് ഫോക്ക് ഹൊറർ സിനിമയായ മിഡ്സോമ്മർ റിലീസ് ചെയ്യുന്നത്.

# ലൈംഗികദാരിദ്ര്യത്തെ ബുദ്ധിപരമായി ഉപയോഗപ്പെടുത്തുന്നു: ഹണിറോസിനെ വിമർശിച്ച് നടി ഫറ ഷിബ്‌ല



അശ്ലീല പരാമർശം നടത്തിയതിൽ ബോബി ചെമ്മണ്ണൂരിനെതിരെ പരാതി നൽകിയതിനു പിന്നാലെ ഹണി റോസിനെ വിമർശിച്ച് നടി ഫറ ഷിബ്‌ല. സൈബർ ബുള്ളിയിങ് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്നതെല്ലെന്നും എന്നാൽ ഹണി റോസിന്റെ കാര്യത്തിൽ കാര്യങ്ങൾ അത്രയും നിഷ്കളങ്കമാണെന്ന് തോന്നുന്നില്ലെന്നും ഫറ അഭിപ്രായപ്പെട്ടു. ഹണി റോസിന്റെ ഉദ്ദേശ്യശുദ്ധിയിൽ സംശയം പ്രകടിപ്പിക്കുന്നതായും ഫറ വ്യക്തമാക്കി. വളരെ വൾഗർ ആയ ആംഗിളിൽ എടുത്ത തന്റെ തന്നെ വീഡിയോകൾ റി ഷെയർ ചെയ്യുന്നത് എന്ത് മാതൃകയാണ് നൽകുന്നതെന്ന് ഫറ ചോദിക്കുന്നു.

സൈബർ ബുള്ളിയിങ് ഒരു തരത്തിലും ന്യായീകരിക്കുന്നില്ല. സോഷ്യൽ മീഡിയയിൽ അസഭ്യ ഭാഷ ഉപയോഗിക്കുന്നതും, ബോഡി ഷെയ്മിങ് ചെയ്യുന്നതും, മറ്റൊരാളെ വേദനിപ്പിക്കുന്ന പരാമർശങ്ങൾ നടത്തുന്നതും തെറ്റ് തന്നെയാണ്. അതിനെതിരായി മിസ് ഹണി റോസ് നടത്തുന്ന നിയമയുദ്ധത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു. പക്ഷെ 'എന്റെ മേഖല ഇതായത് കൊണ്ട്, ആളുകൾ സ്നേഹത്തോടെ വിളിക്കുന്നു, ഞാൻ പോയി ഉദ്ഘാടനം ചെയ്യുന്നു'-അത്രയും നിഷ്കളങ്കമാണ് കാര്യങ്ങൾ എന്ന് തോന്നുന്നില്ല.മിസ്സ് ഹണി റോസ് വളരെ ബുദ്ധിപരമായി, മെയിൽ ഗെയ്സ്നെയും ഈ നാടിന്റെ ലൈംഗിക ദാരിദ്ര്യത്തേയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വളരെ വൾഗർ ആയ ആംഗിളിൽ എടുത്ത തന്റെ തന്നെ വീഡിയോകൾ റി ഷെയർ ചെയ്യുന്നത് എന്ത് മാതൃകയാണ് നൽകുന്നത്? സ്ത്രീകളെ അങ്ങേയറ്റം സെക്ഷ്വലൈസ് ചെയ്യുന്ന ഒരു ഇൻഡസ്ട്രിയൽ, അതിനെതിരെയുള്ള പോരാട്ടങ്ങളെ ഇത് തീർച്ചയായും ബാധിക്കും. മിസ്സ് ഹണി റോസിനെ കുറിച്ച്, പരസ്യമായോ, രഹസ്യമായോ 'ഇവർ എന്താണ് ഈ കാണിക്കുന്നത്?' എന്ന് എങ്കിലും പരാമർശികാത്തവർ ഈ കൊച്ച് കേരളത്തിൽ ഉണ്ടോ? ഒരു സ്ത്രീ നടത്തുന്ന യുദ്ധം ഞാൻ കാണുന്നു! ഒരു പക്ഷെ അവർ കോൺഷ്യസ് ആയി ഒരു ട്രെൻഡ് സെറ്റ് ചെയ്തതായിരിക്കില്ല, ഇൻഫ്ളുവൻസ് ചെയ്യാൻ സർവൈവൽ ആണ് അവർക്ക് ഉദ്ഘാടന പരിപാടികൾ എന്നും മനസിലാക്കുന്നു. ഉദേശിച്ചിട്ടുമുണ്ടാവില്ല. എന്നാൽ ഉദ്ദേശ്യത്തേക്കാൾ പ്രധാനം അതുണ്ടാക്കുന്ന സ്വാധീനമാണ്. ധാർമികമായി ശരിയല്ലാത്തതൊന്നും പൊളിറ്റിക്കലായും ശരിയല്ല-അവർ പറഞ്ഞു.

# ധനുഷ്-ഇളയരാജ ചിത്രം ഉപേക്ഷിക്കാൻ കാരണം ഇത്!

തമിഴ് സിനിമാ സംഗീതത്തിലെ ഇതിഹാസമായ ഇളയരാജയുടെ ബയോപിക് പ്രഖ്യാപനം ഏറെ ആഘോഷമായാണ് ആരാധകർ സ്വീകരിച്ചത്. അരുൺ മതീശ്വരൻ ഒരുക്കുന്ന സിനിമയിൽ ധനുഷാണ് ഇളയരാജയായി അഭിനയിക്കേണ്ടിയിരുന്നത്. എന്നാൽ ചിത്രം ഉപേക്ഷിക്കുന്നു എന്ന തരത്തിലാണ് ഇപ്പോൾ പുറത്തു വരുന്ന റിപ്പോർട്ട്.ചെന്നൈയിൽ വെച്ച് നടന്ന ഗംഭീരമായ ചടങ്ങിൽ കമൽഹാസനും ധനുഷും ഇളയരാജയും ചേർന്നായിരുന്നു സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കിയത്. തമിഴിന് പുറമെ ഹിന്ദി, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളിലും സിനിമ ഇറങ്ങും എന്നായിരുന്നു പുറത്തു വന്ന വിവരം. ഇളയരാജയും സംവിധായകനായ അരുൺ മതീശ്വരനും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് സിനിമ ഉപേക്ഷിക്കാൻ കാരണമായത് എന്നാണ് റിപ്പോർട്ട്. വൻ ബജറ്റിൽ ഒരുങ്ങുന്ന സിനിമയെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ബാധിച്ചതായും റിപ്പോർട്ടുകളുണ്ട്.





# ഗോട്ട്' ചെയ്തത് തെറ്റായിപ്പോയി; മീനാക്ഷി ചൗധരി



ദുൽഖർ സൽമാന്റെ ലക്കി ഭാസ്കറിൽ ജോഡിയായെത്തി ശ്രദ്ധേയയായ അഭിനേതാവാണ് മീനാക്ഷി ചൗധരി. വിജയ് നായകനായ ഗോട്ട് എന്ന ചിത്രത്തിലും മീനാക്ഷി അഭിനയിച്ചിരുന്നു. ഗോട്ട് റിലീസായ ശേഷം താനനുഭവിച്ച വെല്ലുവിളികളെ കുറിച്ച് തുറന്നു പറഞ്ഞിരിക്കുകയാണ് മീനാക്ഷി ചൗധരി. ഹരിയാനയിൽ നിന്നും എത്തി തെന്നിന്ത്യയിൽ സാന്നിധ്യം അറിയിച്ച നടിയാണ് മീനാക്ഷി. സംവിധായകൻ വെങ്കട്ട് പ്രഭു സംവിധാനം ചെയ്ത ദളപതി വിജയ് നായകനായ ഗോട്ടിൽ നായികയായി എത്തിയത് മീനാക്ഷിയാണ്. എന്നാൽ സമീപകാലത്ത് നൽകിയ അഭിമുഖത്തിൽ കഴിഞ്ഞ വർഷം കോളിവുഡിലെ ഏറ്റവും വലിയ ഹിറ്റായ വിജയ് ചിത്രത്തിൽ അഭിനയിച്ചത് വലിയ പിഴവായിരുന്നുവെന്നും, അത് തനിക്ക് മനോവിഷമത്തിന് കാരണമായെന്നും മീനാക്ഷി പറഞ്ഞിരിക്കുകയാണ്. മീനാക്ഷിയുടെ വാക്കുകൾ സോഷ്യൽ മീഡിയയിൽ വൈറലാവുകയാണ്. ഗോട്ടിന്റെ റിലീസിനു ശേഷം സാമൂഹിക മാധ്യമങ്ങളിലൂടെ കടുത്ത ട്രോളിങ്ങിനു വിധേയയായെന്ന് താരം പറയുന്നു. 'ഗോട്ട് സിനിമയിൽ എന്റെ സീനുകൾ വളരെ കുറവായിരുന്നു. കൂടാതെ, പ്രധാനമായും ഒരു പാട്ടിന് വേണ്ടിയാണ് എന്നെ ഉപയോഗിച്ചത്. അതിനാൽ തന്നെ വലിയതോതിലുള്ള വിമർശനമാണ് ഞാൻ നേരിട്ടത്. എനിക്കെതിരെ നിരവധി ട്രോളുകളും വന്നു. 'ഞാൻ വലിയ മാനസിക സമ്മർദ്ദത്തിലായിരുന്നു ഒരാഴ്ചയോളം.' മീനാക്ഷി അഭിപ്രായപ്പെട്ടു.അതേ സമയം, താൻ അഭിനയിച്ച തെലുങ്ക് സിനിമയായ ലക്കി ഭാസ്കർ നിരവധി പോസിറ്റീവ് റിവ്യൂകളും പ്രശംസകളും കിട്ടാൻ ഇടയാക്കിയെന്ന് മീനാക്ഷി ചൂണ്ടിക്കാട്ടി. ലക്കി ഭാസ്കർ എന്ന ചിത്രത്തിൽ, ദുൽഖർ സൽമാൻറെ നായികയായി 6 വയസ്സുള്ള ഒരു കുട്ടിയുടെ അമ്മയായി അഭിനയിച്ചതും ശ്രദ്ധേയമാണെന്ന് നടി പറഞ്ഞു. ഈയടുത്ത് നൽകിയ ഒരു അഭിമുഖത്തിലാണ് താരത്തിന്റെ വെളിപ്പെടുത്തൽ. മോഡലിംഗ് രംഗത്തിലൂടെയാണ് മീനാക്ഷി സിനിമയിൽ എത്തിയത്. ഫെമിന മിസ് ഇന്ത്യ 2018 മത്സരത്തിൽ പങ്കെടുത്ത് ഫസ്റ്റ് റണ്ണർ അപ്പായിമാറിയിരുന്നു ഇവർ. അതുപോലെ മിസ് ഗ്രാൻഡ് ഇന്റർനാഷണൽ 2018ലും ഫസ്റ്റ് റണ്ണർ അപ്പായും തെരഞ്ഞെടുത്തു.

# സെയിഫ് – കരീന വിവാഹത്തിൽ വിഷമം തോന്നിയോ? സാറയുടെ മറുപടി

ബോളിവുഡ് സിനിമ ലോകത്ത് ഏറ്റവും വിവാദങ്ങൾ ഉണ്ടാക്കിയ വേർപിരിയലാണ് നടൻ സെയിഫ് അലി ഖാന്റെയും മുൻകാല നടി അമൃത സിംഗിന്റെയും. പ്രണയിച്ച് വിവാഹിതരായ ഇരുവരും രണ്ട് മക്കൾ ജനിച്ചതിന് ശേഷമാണ് വേർപിരിയുന്നത്. പിന്നീട് സെയിഫ് കരീനയെ വിവാഹം ചെയ്തു. ഇപ്പോൾ മാതാപിതാക്കളുടെ വേർപിരിയലിനെ കുറിച്ച് സെയിഫിന്റെയും അമൃതയുടെ മൂത്ത മകൾ സാറ അലി ഖാൻ ഒരു അഭിമുഖത്തിൽ പങ്കുവെച്ച കാര്യങ്ങൾ ആണ് വൈറൽ ആവുന്നത്.സെയ്ഫ് അലിഖാനും മകൾ സാറാ അലി ഖാനും ഒരുമിച്ചുള്ള ഇന്റർവ്യൂയിൽ ആണ് അവതാരകൻ സാറയോട് ഈ ചോദ്യം ചോദിക്കുന്നത്. 'താങ്കളുടെ അബ്ബ, കരീന കപൂറിനെ വിവാഹം കഴിക്കുകയാണ് എന്നറിഞ്ഞപ്പോൾ വിഷമം തോന്നിയോ..?' എന്നായിരുന്നു ചോദ്യം.'എന്തിന്? ഏത് നിമിഷവും പൊട്ടിത്തെറിക്കാവുന്ന അൺകംഫർട്ടബിൾ ആയ ഒരു വീടിന് പകരം എനിക്കും അനിയനും സന്തോഷത്തോടെ ജീവിക്കാനും കയറിച്ചെല്ലാനും ഉള്ള രണ്ട് വീടുകളാണ് ആ വിവാഹമോചന തീരുമാനത്തോടെ ഉണ്ടായത്. അതിൽ എന്തിനാണ് വേദനിക്കുന്നത്?' എന്നാണ് സാറ ചിരിയോടെ തിരിച്ച് ചോദിക്കുന്നത്. ഈ അഭിമുഖം ആണ് ഇപ്പോൾ വൈറൽ ആവുന്നത്. സാറയുടെ പോസിറ്റീവ് ആറ്റിട്യൂഡിന് കൈയടിക്കുകയാണ് സോഷ്യൽ മീഡിയ.

# നടി സുസ്മിത സെന്നിന് അപൂർവ്വ രോഗം?



ബോളിവുഡിലെ മികച്ച നായികമാരിൽ ഒരാളാണ് സുസ്മിത സെൻ. വിശ്വസുന്ദരി പട്ടം നേടിയതിന് ശേഷമാണ് സുസ്മിത സിനിമാ രംഗത്തേക്ക് എത്തുന്നത്.സുസ്മിതയുടെ വ്യക്തിജീവിതം എന്നും വാർത്തകളിൽ നിറഞ്ഞിരുന്നു. അവിവാഹിതയായി തുടരുന്ന സുസ്മിത പെൺകുട്ടികളെ ദത്തെടുത്ത് മറ്റുള്ളവർക്ക് പ്രചോദനമായി. അതിനിടെ അടുത്തിടെ സുസ്മിതയ്ക്ക് ഹൃദയാഘാതമുണ്ടായി. 2023 ഫെബ്രുവരി 27നായിരുന്നു സംഭവം.സുസ്മിത സെൻ ഹൃദയാഘാതത്തെ അതിജീവിച്ചെങ്കിലും ഇപ്പോൾ മറ്റൊരു ആരോഗ്യപ്രശ്നവും നേരിടുന്നുണ്ട്. കഴിഞ്ഞ ദിവസം നടിയുടെ ഒരു ചിത്രം സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. ചിത്രത്തിൽ ക്യാറ്റ് വുമൺ പോസിലാണ് സുസ്മിത സെൻ കാണപ്പെട്ടത്. ഇത് വൈറലായതോടെ സുസ്മിത സെന്നിന്റെ ആരോഗ്യനിലയിൽ സോഷ്യൽ മീഡിയ ആശങ്കയിലാണ്.താരം എഡിസൺ രോഗ ബാധിതയായെന്നുമാണ് സോഷ്യൽ മീഡിയ സംശയിക്കുന്നത്. താരത്തിന്റെ ചിത്രത്തിന് താഴെ നിരവധി പേരാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചെത്തിയിരിക്കുന്നത്. രോഗത്തിന്റെ പാർശ്വഫലമാണ് സുസ്മിതയുടെ മുഖത്ത് വന്ന മാറ്റത്തിന്റെ കാരണമെന്നാണ് സോഷ്യൽ മീഡിയയുടെ കണ്ടെത്തൽ.അതേസമയം സുസ്മിതയ്ക്ക് എഡിസൺ രോഗമല്ലെന്നും മറിച്ച് താരം പ്ലാസ്റ്റിക് സർജറി നടത്തി പാളിപ്പോയതാണെന്നുമാണ് ചിലർ പറയുന്നത്.

# 'എന്റെ വളർച്ചയിൽ ചിലർക്ക് അമർഷം, കരിയർ ഉപേക്ഷിക്കാൻ തീരുമാനിച്ചിരുന്നു'; ശിവകാർത്തികേയൻ



അമരന്റെ വിജയത്തോടെ നടൻ ശിവകാർത്തികേയന്റെ വിജയം കുതിച്ചുയർന്നിരിക്കുകയാണ്. ഇന്ന് തമിഴിലെ യുവതാരങ്ങളിൽ ഏറ്റവും വിലപിടിപ്പുള്ള താരമാണ് ശിവകാർത്തികേയൻ. ശിവകാർത്തികേയന്റെ വളർച്ചയിൽ രോഷാകുലരായവരും തമിഴിലുണ്ട്. ഇപ്പോഴിതാ ഇതേക്കുറിച്ച് സംസാരിക്കുകയാണ് താരം. ഹോളിവുഡ് റിപ്പോർട്ടറിന് നൽകിയ അഭിമുഖത്തിലാണ് ശിവകാർത്തികേയൻ തന്റെ അനുഭവങ്ങൾ പങ്കുവെച്ചത്.ഒരു ഘട്ടത്തിൽ താൻ കരിയർ ഉപേക്ഷിക്കാൻ പോലും തീരുമാനിച്ചിരുന്നതായി താരം പറയുന്നു. ഞാൻ ഒരിക്കലും സിനിമാ വ്യവസായത്തെ കുറ്റപ്പെടുത്തില്ല. ചുറ്റും ഒരുപാട് കാര്യങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അതിന് ഞാൻ വ്യവസായത്തെ കുറ്റപ്പെടുത്തില്ല. എന്റെ സമ്മർദ്ദം എന്റെ കുടുംബത്തെ ബാധിക്കരുത്. അവർ സാധാരണ ജീവിതം നയിക്കുന്നവരാണ്.എന്റെ പോരാട്ടവും സാമ്പത്തിക പ്രശ്നങ്ങളും എന്റെ ഭാര്യയെയും അമ്മയെയും ബന്ധുക്കളെയും ബാധിക്കരുത്. എന്നാൽ ഭാര്യ ഉപദേശിച്ച കാര്യം ശിവകാർത്തികേയൻ ഓർത്തു. ഒന്നുമില്ലാതെയാണ് നിങ്ങൾ ഇത്രയും ദൂരം വന്നത്. കഴിഞ്ഞ 20 വർഷമായി, അജിത് സാറും വിക്രം സാറും ഒഴികെ, ഔട്ട്സൈഡറായ ആരും ഈ ഇൻഡസ്ട്രിയിൽ വലിയ താരമായിട്ടില്ല. നിങ്ങൾ അത് നേടിയിരിക്കുന്നു. ഇത് എളുപ്പമല്ല, വ്യവസായം വിടരുതെന്ന് എന്റെ ഭാര്യ പറഞ്ഞു. ഭാര്യയുടെ വാക്കുകളാണ് തന്നെ മുന്നോട്ട് നയിച്ചതെന്ന് ശിവകാർത്തികേയൻ പറയുന്നു.

# അജിത്തിന്റെ കാർ റേസിങ് പരിശീലനത്തിനിടെ അപകടത്തിൽപ്പെട്ടു

റേസിങ് പരിശീലനത്തിനിടെ തെന്നിന്ത്യൻ താരം അജിത്തിന്റെ കാർ അപകടത്തിൽപ്പെട്ടു. ദുബായിൽ വെച്ചാണ് അപകടമുണ്ടായത്. അജിത്ത് അപകടത്തിൽ പരുക്കുകളില്ലാതെ രക്ഷപ്പെട്ടു.ചൊവ്വാഴ്ച ദുബായിലെ റേസിംഗ് ട്രാക്കിലെ പരിശീലനത്തിനിടെയായിരുന്നു അപകടം. അജിത് ഓടിച്ചിരുന്ന കാർ നിയന്ത്രണം വിട്ട് സംരക്ഷണ ഭിത്തിയിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ കാർ വട്ടം കറങ്ങുന്നതും വൈറലായ വീഡിയോ ദൃശ്യങ്ങളിൽ കാണാം. ദുബായ് 24 മണിക്കൂർ റേസിൽ പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു അദ്ദേഹം. ആറ് മണിക്കൂർ നീണ്ട പരിശീലനത്തിനിടെയാണ് അപകടമുണ്ടായത്. മാത്യൂ ഡെട്രി, ഫാബിയൻ ഡഫ്യൂക്സ്, കാമെറോൺ മക്‌ലിയോഡ് എന്നിവർക്കൊപ്പമാണ് റേസിങ്ങിനായി തയ്യാറെടുക്കുന്നത്. അപകടം സംഭവിക്കുന്ന സമയത്ത് മണിക്കൂറിൽ 180 കിലോമീറ്ററായിരുന്നു അജിത്ത് ഓടിച്ചിരുന്ന കാറിന്റെ വേഗത.



# പൃഥ്വിയുടെ 'ആട് ജീവിതം' ഓസ്കാറിന്, പക്ഷെ കേരളത്തിൽ ഇപ്പോൾ ആട് ജീവിതങ്ങൾ ക്യൂവിലാണ്!








ആന്റണി ചടയംമുറി

പൃഥ്വിരാജിന്റെ ആടുജീവിതം മൽസരത്തിനുള്ള സിനിമകളുടെ ഓസ്ക്കർ പട്ടികയിൽ ഉൾപ്പെട്ടു കഴിഞ്ഞു. ഏതൊരു മലയാളിക്കും അഭിമാനിക്കാവുന്ന കാര്യമാണത്. എന്നാൽ, മലയാളികളുടെ യഥാർത്ഥ ജീവിതത്തിൽ കേൾക്കാൻ കഴിയുന്നത് ആടുജീവിതങ്ങളുടെ വലിയ വായിലുള്ള നിലവിളികളാണ്. ഇപ്പോൾ കേരളത്തിൽ നിരവധി ചെറുകിട ഉൽപ്പാദന യൂണിറ്റുകൾ പൂട്ടിപ്പോയതും, കടകൾ അടഞ്ഞു പോയതും അത് നടത്തിവന്നവരുടെ പിടിപ്പുകേടല്ല.

പ്രളയവുംകോവിഡുംഇവർസൃഷ്ടിച്ചതുമല്ല. സർക്കാരിന് സാമ്പത്തിക ഞെരുക്കത്തിന് കേന്ദ്രത്തെ പഴി പറഞ്ഞ് ഖജനാവിലേക്കുള്ള വരുമാനം കൂട്ടാൻ നികുതികൾ കുത്തനെ കൂട്ടിക്കഴിഞ്ഞു. സർക്കാർ സേവനങ്ങൾക്കു പോലും ഇരട്ടിയിലധികമായി നിരക്ക് കൂട്ടിയിട്ടുണ്ട്. 'സർച്ചാർജ്' എന്ന ഓമനപ്പേരിൽ വൈദ്യുതി നിരക്കിലും, ഇന്ധന വിലയിലും വരുത്തിയ വിലവർധന അടുത്തകാലത്തൊന്നും പിൻവലിക്കാൻ പോകുന്നില്ല. അങ്ങനെ പൃഥിരാജിന്റെ ആടുജീവിതത്തിന്റെ ഒരു ആൾക്കൂട്ടപ്പതിപ്പ് ഇപ്പോൾ കേരളത്തിൽ ദൃശ്യമായി കൊണ്ടിരിക്കുകയാണ്.

### ഹാപ്പി ന്യൂഇയർ അല്ല ജപ്തി ന്യൂഇയർ

സംസ്ഥാനങ്ങൾപുതിയസംരംഭകരെ തേടി ഡെൽഹിയിൽ റോഡ് ഷോ വരെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇനി നിക്ഷേപക സംഗമം എന്ന സർക്കാർ റിയാലിറ്റി ഷോയും ഫെബ്രുവരിയിൽ അരങ്ങേറും. എന്നാൽ പല കാരണങ്ങളാൽ (പ്രളയവും കോവിഡും പോലെ) ബിസിനസ് പൂട്ടിപ്പോയവർക്കായി എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കാൻ സർക്കാർ മടിക്കുകയാണിപ്പോഴും. കേരളത്തിലെ വ്യാപാരികൾ ഇത്തരം ആവശ്യങ്ങളുമായി സമരം ചെയ്യുകയുണ്ടായി. കട വാടകയ്ക്കുള്ള ജി.എസ്.ടി. കടയുടമസ്ഥരല്ല കട നടത്തുന്നവരാണ് നൽകേണ്ടതെന്ന കേന്ദ്രസംസ്ഥാന സർക്കാരിന്റെ ഉണ്ടാസാണ് അവർക്ക് കിട്ടിയ ക്രിസ്തുമസ് സമ്മാനം. ഈ ഉത്തരവിൽ ചില്ലറ മാറ്റങ്ങൾ വരുത്തിയിട്ടും, ഇപ്പോഴും അച്ഛന്റെ പേരിലുള്ള കടമുറിയിൽ മകൻ വ്യാപാരം നടത്തിയാലും വാടകത്തുകയുടെ 18 ശതമാനം ജി.എസ്.ടി. നൽകിയിരിക്കണമെന്നാണത്രെ പുതിയ നികുതി നിയമം. വമ്പൻമാരുടെ ഓൺലൈൻ വ്യാപാരത്തിന് ഇനിയും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പകരം പ്രളയവും കോവിഡും സാമ്പത്തിക പ്രതിസന്ധിയും മൂലം വ്യാപാരികളെ പിഴിയാനും ജി.എസ്.ടി.യുടെ പുതിയ വല വിരിക്കാനുമാണ് ഭരണകൂടങ്ങളുടെ ശ്രമം. ഫെബ്രുവരിയിൽ വ്യാപാരികൾ ഭരണകൂടങ്ങളുടെ കാടൻ നിയമങ്ങൾക്കെതിരെ സമരം പ്രഖ്യാപിച്ചിട്ടുണ്ട്.

ഹാപ്പി ന്യൂഇയർ ആഘോഷങ്ങൾ ഇത്തവണ നഗരങ്ങളിലും ചാനലുകളിലും ഒതുങ്ങിപ്പോയി. പല മലയാളി കുടുംബങ്ങളും പലവിധത്തിലുള്ള സാമ്പത്തിക ഞെരുക്കങ്ങളാൽ പിടയുകയാണ്. കടലോരങ്ങളിൽ മീനില്ല. മലയോരങ്ങളിൽ കാട്ടുമൃഗ ശല്യം രൂക്ഷം. മലയോര കർഷകന്റെ കൃഷിഭൂമി വാങ്ങാനാരുമില്ല. വിശ്വാസികൾക്ക് പ്രഭാതങ്ങളിൽ ആരാധനാലയങ്ങളിൽ പോകാൻ കഴിയുന്നില്ല. കാട്ടുമൃഗങ്ങളെ പേടിച്ച് കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നില്ല. വനാതിർത്തിയോടു ചേർന്നുള്ള കടമുറികൾ കാട്ടുമൃഗങ്ങൾ ആക്രമിക്കുന്നത് പതിവായിട്ടുണ്ട്. കേരളീയർ 'ഹാപ്പി ന്യൂയർ' ആഘോഷിച്ചുവെന്ന് പറയാനാവില്ല. പലർക്കും ഇത് സങ്കടകരമായ 'ജപ്തി ന്യൂഇയർ' ആണ്. ആരും സഹായിക്കാനില്ലാത്ത ഹതഭാഗ്യരായ ഭൂരിപക്ഷം മലയാളികൾക്ക് ഇനി സ്വസ്ഥമായി ഉറങ്ങാനാവില്ല. കാരണം, ഭരിക്കുന്നവർ 'സാമ്പത്തിക പ്രതിസന്ധി' യുടെപേരു പറഞ്ഞ്എല്ലാആനുകൂല്യങ്ങളും വെട്ടികുറയ്ക്കുയോ, നൽകാതിരിക്കുയോ ചെയ്യുന്നു. ക്ഷേമ പെൻഷന്റെ രണ്ടു തവണ ഒരുമിച്ച് നൽകുമെന്ന് പ്രഖ്യാപിച്ച സർക്കാർ അതിലും ഒരു തവണ തടഞ്ഞുവച്ചിരിക്കുകയാണ്. സാമ്പത്തിക വർഷാവസാനം മുന്നിൽ കണ്ട്, കുടിശ്ശികക്കാരെ തേടി ബാങ്കുകാർ നാട്ടിലിറങ്ങുമ്പോൾ, ജനങ്ങൾക്കുള്ള പല കുടിശ്ശികകളും നൽകാതെ ഭരിക്കുന്നവർ ഏ.സി. കാറുകളിൽ ഊരു ചുറ്റുകയാണ്.

### ജപ്തി പരസ്യങ്ങളുടെ ഘോഷയാത്ര

ജനുവരി 5 ന് ഒരു ദേശസാൽകൃത ബാങ്ക് നൽകിയ പത്രപരസ്യത്തിലെ മൂന്ന് വായ്പക്കാരും വ്യവസായസംരംഭരോ, കടയുടമളോ ആണ്. ഒരു ഐ.ടി. കമ്പനി 56 ലക്ഷവും മറ്റൊരു ട്രേഡിംഗ് കമ്പനി രണ്ടര കോടിയും ഒരു ഹാർഡ് വെയർ കടയുടമ 9 കോടിയുമാണ് നൽകാനുള്ളതെന്ന് പരസ്യത്തിലുണ്ട്. തൊട്ടടുത്ത് കെ.എഫ്.സി.യുടെ(കേരളാഫിനാൻഷ്യൽ കോർപ്പറേഷൻ) ജപ്തി പരസ്യവുമുണ്ട്. നഷ്ടത്തിന്റെ പടു കുഴിയിലേക്ക് വീണുകൊണ്ടിരുന്ന ഒരു കുത്തകക്കമ്പനിയിൽ കോടികൾ നിക്ഷേപിച്ച് 'മൂട് പൊള്ളിയിരിക്കുന്ന' കെ.എഫ്.സിയുടെ പിടിപ്പുകേടിന്റെ വാർത്തകൾ എന്തുകൊണ്ടോ മുഖ്യധാരാ മാധ്യമങ്ങൾ ഇതുവരെ വലിയ രീതിയിൽ 'ഡിസ് പ്ലേ' ചെയ്യുന്നില്ല. കാരണം എന്താണാവോ?

### അൻവറിക്കായുടെ പാതിരാ നാടകം

പി.വി. അൻവറിന്റെ വീട് രാത്രിക്കു രാത്രി വളഞ്ഞ് അറസ്റ്റ് ചെയ്തു ഒരു ദിവസമെങ്കിലും തവനൂർ ജയിലിലടച്ചത് ആഭ്യന്തരവകുപ്പിലെ ആരുടെ ബുദ്ധിയാണാവോ? മലയോര ജനത അനുഭവിച്ചുകൊണ്ടിരിക്കുന്ന വന്യമൃഗാക്രമണങ്ങൾ തടയുന്നതിൽ വനംവകുപ്പ് എന്ന ഭരണ സംവിധാനം അമ്പേ പരാജയമാണ്. രാഷ്ട്രീയം നോക്കാതെ ജനങ്ങൾ ഒന്നിക്കുന്ന ഒരു ജനകീയ പ്രശ്നത്തിന്റെ സമര മുൻനിരയിലേക്ക് അൻവറിനെ പ്രതിഷ്ഠിക്കാൻ ഈ സംഭവത്തിലൂടെ സർക്കാരിന് കഴിഞ്ഞുവെന്നത് ഒരു നേട്ടമാണോ?

നിലമ്പൂർ സീറ്റ് നോട്ടമിടുന്ന ആര്യാടൻ ഷൗക്കത്താണ് ഇപ്പോൾ അൻവറിന്റെ യു.ഡി.എഫ്. പ്രവേശത്തെ എതിർക്കുന്ന സ്ഥലത്തെ പ്രധാന പയ്യൻസ്. എന്നാൽ ഷൗക്കത്തിനെ ലീഗുകാർക്ക് അത്ര പഥ്യമല്ലെന്നറിയാവുന്ന അൻവർ 'പാണക്കാട്' വഴി യു.ഡി.എഫി.ലേക്ക് വഴിവെട്ടിക്കഴിഞ്ഞിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് 2026ലേ നടക്കൂ. പക്ഷെ ആ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് യു.ഡി.എഫിൽ മുഖ്യമന്ത്രിക്കസേരയ്ക്കായി 'നിഴൽ നാടകങ്ങൾ' ആരംഭിച്ചു കഴിഞ്ഞത് ഒരർത്ഥത്തിൽ കോൺഗ്രസിന് ഗുണം ചെയ്യില്ല.

വയനാട്ടിൽ പ്രിയങ്കാ ഗാന്ധിക്ക് ലഭിച്ച വൻഭൂരിപക്ഷത്തിന്റെ തിളക്കത്തിൽ നിൽക്കുമ്പോഴാണ് ഡി.സി.സി. പ്രസിഡന്റ് എൻ.എം. വിജയന്റെയും മകന്റെയും ആത്മഹത്യയുണ്ടാകുന്നത്. പൊലീസ് വകുപ്പിനെ ദുരുപയോഗം ചെയ്ത് അതെല്ലാം കൂടി ഒന്ന് പൊലിപ്പിക്കാൻ സി.പി.എമ്മിനു കഴിഞ്ഞു. തിരുവഞ്ചൂരിന്റെ ടീം ഏതായാലും ഈ പ്രശ്നം തൽക്കാലം പരിഹരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനിടെ നവീൻ ബാബുവിന്റെ വിധവ മഞ്ജുഷയുടെ കേസ് നടത്തിപ്പ് സി.ബി.ഐയെ ഏൽപ്പിക്കണമെന്ന ആവശ്യം തലശ്ശേരിക്കാരനായ ജഡ്ജി തള്ളിയതും, ജയിൽ വെൽഫെയർ ബോർഡ് ചെയർമാൻ പി.ജയരാജൻ പെരിയ കൊലക്കേസ് പ്രതികൾക്ക് 'കുപ്പിപ്പാൽ' കൊടുക്കാൻ പോയതുമെല്ലാം വലിയ പ്രാധാന്യമില്ലാത്ത വാർത്തകളായി മാറുകയായിരുന്നു.

തിരുവനന്തപുരത്ത് സംസ്ഥാന സ്കൂൾ കലോത്സവം അരങ്ങേറുകയാണിപ്പോൾ. നാട്ടിലെ പട്ടിണിയും പരിവട്ടവുമെല്ലാം മറന്ന് കലാവേദികളിലെത്തുന്ന കൗമാരങ്ങളുടെ നിഷ്കളങ്കമായ ചിരി നമ്മെസന്തോഷിപ്പിക്കുന്നില്ല. കാരണം, ഈ കുഞ്ഞുങ്ങൾക്ക് 'സന്തോഷമായും സമാധാനമായും' ജീവിക്കാൻ കഴിയുന്ന കേരളമല്ല ഇപ്പോൾ ഇവിടെ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ആ കുഞ്ഞുങ്ങൾ തൽക്കാലം ഇതൊന്നും അറിയാതിരിക്കട്ടെ. അല്ലേ?

### ആടുജീവിതങ്ങളുടെ ക്യൂ നീളുകയാണ്...

തുടക്കത്തിൽ പൃഥ്വിരാജിന്റെ ആടുജീവിതത്തെക്കുറിച്ച് എഴുതിയിരുന്നില്ലേ? ഇപ്പോൾ സർക്കാർ ആനുകൂല്യങ്ങൾ കിട്ടാത്തതുമൂലം ദുരിതക്കുഴികളിൽ പെട്ട കുറെ ആടുജീവിതങ്ങളുടെ കാര്യം പറഞ്ഞുകൊണ്ട് ഈ ആഴ്ചക്കുറിപ്പ് അവസാനിപ്പിക്കാം. ദിവസേന കഷ്ടിച്ച് 720 രൂപ ദിവസവേതനം കിട്ടുന്ന വനം വകുപ്പിലെ താൽക്കാലിക വാച്ചർമാർക്ക് കഴിഞ്ഞ 9 മാസമായി പണം കിട്ടുന്നില്ല. വിധവാ പെൻഷൻ പുതിയതായി അപേക്ഷിക്കാൻ നിലവിലുള്ള കമ്പ്യൂട്ടർ തകരാർ മൂലം കഴിയുന്നില്ല. ഒരു ജീവനക്കാരന്റെ ആത്മഹത്യയുടെ പേരിൽ വാർത്തയിൽ പ്രത്യക്ഷപ്പെട്ട ട്രാക്കോ കേബിൾസ് ജീവനക്കാരുടെ ശമ്പളമില്ലാത്ത അവസ്ഥ ഇപ്പോഴും തുടരുന്നു. സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും പരിശീലകരുടെയും വേതനം കുടിശ്ശികയാണ്. കേന്ദ്രഭരണ പ്രദേശങ്ങൾ അടക്കമുള്ള 18 സംസ്ഥാനങ്ങൾ പാമ്പു കടിയേൽക്കുന്നത് സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2022ൽ ഇത് നടപ്പാക്കാൻ ഹൈക്കോടതി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടും നടപ്പാക്കിയിട്ടില്ല. പാമ്പു കടിയേറ്റ് മരിക്കുന്നവർക്കുള്ള നഷ്ടപരിഹാരം ത്രിശങ്കുവിലാണ്. കേരള സാഹിത്യ അക്കാദമി സാമ്പത്തിക ഞെരുക്കം മൂലം രാജ്യാന്തര സാഹിത്യോൽസവം തന്നെ റദ്ദാക്കിക്കഴിഞ്ഞു. മുന്നാക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള തുക 12 കോടി രൂപയായിരുന്നത് സർക്കാർ പകുതിയാക്കിയിട്ടുണ്ട്. പുതിയ വൈറസ് ഭീഷണി നേരിടാൻ എല്ലാം സജ്ജമെന്നു പറയുന്ന സർക്കാരിന്റെ സ്ഥാപനമായ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്നു കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക 680 കോടി രൂപയാണ്. ഇത്രയും പോരേ, ആടുജീവിതങ്ങളുടെ പട്ടിക?






# ’ജി 2’വിൽ ആദിവിക്കൊപ്പം വമിഖ ഗബ്ബിയും



ആദിവി ശേഷ്- വിനയ് കുമാർ സിരിഗിനിദി ടീമിന്റെ പാൻ ഇന്ത്യൻ ചിത്രം ഗൂഢാചാരി 2 (ജി-2 ) എന്ന സ്പൈ ത്രില്ലറിൽ നായികയായി വാമിഖ ഗബ്ബി.ആദിവി ശേഷിന്റെ കരിയറിലെ തന്നെ ഏറ്റവും വലിയ ചിത്രമാണ്. ബോളിവുഡ് താരം ഇമ്രാൻ ഹാഷ്മി പ്രധാന വേഷത്തിൽ എത്തുന്നുണ്ട്.പീപ്പിൾ മീഡിയ ഫാക്ടറി, അഭിഷേക് അഗർവാൾ ആർട്സ്, എകെ എന്റർടെയ്ൻമെന്റ്സ് എന്നീ ബാനറിൽ ടിജി വിശ്വ പ്രസാദ്, അഭിഷേക് അഗർവാൾ, വിവേക് കുചിബോട്ടിലാ എന്നിവർ ചേർന്നാണ് നിർമ്മിക്കുന്നത്.സൂപ്പർ ഹിറ്റ് സ്പൈ ത്രില്ലർ ചിത്രമായ ഗൂഢാചാരിയുടെ രണ്ടാം ഭാഗമാണ്. മുരളി ശർമ, സുപ്രിയ യാർലഗദ്ദ, മധു ശാലിനി എന്നിവരാണ് മറ്റു താരങ്ങൾ.തെലുങ്ക്, ഹിന്ദി, തമിഴ്, കന്നഡ, മലയാളം ഭാഷകളിൽ ഈ വർഷം പകുതിയോടെ ബ്രഹ്മാണ്ഡ റിലീസായി എത്തിക്കാനാണ് ഒരുങ്ങുന്നത്. ആദിവി ശേഷും സംവിധായകൻ വിനയ് കുമാറും ചേർന്നാണ് രചന .

## എൻ.ടി.ആർ ചിത്രത്തിൽ ബിജുവും ടൊവിനോയും



ജൂനിയർ എൻ.ടി. ആറിനെ നായകനായി പ്രശാന്ത് നീൽ സംവ്രധനാം ചെയ്യുന്ന ഡ്രാഗൺ എന്ന ചിത്രത്തിൽ മലയാളത്തിൽ നിന്ന് ടൊവിനോ തോമസിന് പിന്നാലെ ബിജു മേനോനും.19 വർഷത്തിനുശേഷമാണ് ബിജു മേനോൻ തെലുങ്കിൽ അഭിനയിക്കുന്നത്. ഗോപിചന്ദ് നായകനായ രണം എന്ന ചിത്രത്തിലൂടെയാണ് ബിജു മേനോൻ തെലുങ്ക് അരങ്ങേറ്റം നടത്തിയത്. രവി തേജ നായകനായ ഖതർനാക്ക് എന്ന ചിത്രത്തിലും അഭിനയിച്ചു.ടൊവിനോ തോമസിന്റെ തെലുങ്ക് അരങ്ങേറ്റ ചിത്രമാണ് ഡ്രാഗൺ. ഡ്രാഗണക്കുറിച്ച്കൂടുതൽ വിവരങ്ങൾ അണിയറ പ്രവർത്തകർ ഉടൻ പ്രഖ്യാപിക്കും. രുക്മിണി വസന്ത ആണ് നായിക. ചിത്രീകരണം ഉടൻ ആരംഭിക്കാനാണ് തീരുമാനം. കെ.ജി.എഫ് സീരിസ്, സലാർ തുടങ്ങിയ ബ്ളോക് ബസ്റ്ററുകൾക്കുശേഷം പ്രശാന്ത് നീൽ സംവിധാനം ചെയ്യുന്ന ചിത്രം തെലുങ്കിലെ വമ്പൻ നിർമ്മാണ കമ്പനികളായ മൈത്രി മൂവി മേക്കേഴ്സും എൻ.ടി.ആർ ആർട്സും ചേർന്നാണ് നിർമ്മാണം.പ്രശാന്ത് നീൽ തന്നെ രചന നിർവഹിക്കുന്ന ചിത്രത്തിന് ഭുവൻ ഗൗഡ ഛായാഗ്രഹണം നിർവഹിക്കുന്നു. സംഗീതം രവി ബസ്രൂർ, പ്രൊഡക്ഷൻ ഡിസൈൻ ചലപതി, തെലുങ്ക്, തമിഴ്, ഹിന്ദി, കന്നട, മലയാളം ഭാഷകളിൽ 2026 ജനുവരി 9ന് ആഗോള റിലീസായി ഡ്രാഗൺ പ്രേക്ഷകരുടെ മുന്നിൽ എത്തും.

## റൗഡി പിക് ചേഴ്സ് മലയാളത്തിലേക്ക്




നയൻതാരയുടെയും വിഘ് നേഷ് ശിവന്റെയും ഉടമസ്ഥതയിലെ റൗഡി പിക് ചേഴ്സ് മലയാളത്തിലേക്ക്. വിനീത് ജയിൻ നേതൃത്വം നൽകുന്ന മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ചു പോളി ജൂനിയർ പിക്ചേഴ്സിന്റെ ബാനറിൽ നിവിൻ പോളി ആണ് ചിത്രം നിർമിക്കുന്നത്.നിവിൻ പോളി, നയൻതാര എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജോർജ് ഫിലിപ്പ് റോയ്, സന്ദീപ് കുമാർ എന്നിവർ ചേർന്ന് രചനയും സംവിധാനവും നിർവഹിക്കുന്ന ഡിയർ സ്റ്റുഡന്റ്സ് എന്ന ചിത്രത്തിന്റെ നിർമ്മാണ പങ്കാളിയാണ് റൗഡി പിക്ചേഴ്സ്. 2019 ൽ ധ്യാൻ ശ്രീനിവാസൻ രചനയും സംവിധാനവും നിർവഹിച്ച സൂപ്പർ ഹിറ്റ് ചിത്രം ലവ് ആക്ഷൻ ഡ്രാമയിലൂടെയാണ് നിവിൻ പോളിയും ലേഡി സൂപ്പർസ്റ്റാർ നയൻതാരയും ആദ്യമായി ഒന്നിച്ചത്. അതേസമയം ഡിയർ സ്റ്റുഡൻസ് എന്ന ചിത്രത്തിന്റെ പുതിയ പോസ്റ്റർ അണിയറ പ്രവർത്തകർ പുറത്തിറക്കി. ചെന്നൈയിൽ ചിത്രീകരണം പുരോഗമിക്കുന്ന ചിത്രത്തിൽ കോളേജ് അദ്ധ്യാപികയുടെ വേഷമാണ് നയൻതാര അവതരിപ്പിക്കുന്നത്.ഷറഫുദ്ദീൻ ആണ് മറ്റൊരു പ്രധാന താരം. ഈ വർഷം ഡിയർ സ്റ്റുഡന്റ്സ് പ്രേക്ഷകരുടെ മുന്നിലെത്തും. ഇത് കൂടാതെ ഒരുപിടി വലിയ ചിത്രങ്ങളാണ് നിവിൻ പോളി നായകനായി അണിയറയിൽ ഒരുങ്ങുന്നത്.

## ബറോസ് എന്തു നേടി, പുതിയ കണക്കുകൾ



മോഹൻലാലിന്റെ ആദ്യ സംവിധാന സംരംഭമാണ് ബറോസ്. ഇക്കഴിഞ്ഞ ക്രിസ്തുമസിനാണ് ചിത്രം തിയറ്ററുകളിൽ എത്തിയത്. ആദ്യദിനം ചിത്രത്തിന് ലഭിച്ച പ്രതികരണം പിന്നീട് അങ്ങോട്ട് ബറോസിന് ലഭിച്ചില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ മൂന്നാം വാരത്തിലേക്ക് കടന്നിരിക്കുന്ന ബറോസിന്റെ കളക്ഷൻ വിവരങ്ങൾ പുറത്തുവരികയാണ്. ബറോസ് എന്ന ടൈറ്റിൽ വേഷത്തിൽ മോഹൻലാൽ എത്തിയ ചിത്രം ആദ്യദിനം 3.6 കോടിയായിരുന്നു നേടിയത്. ബോഗെയ്ൻവില്ല, ബ്ലോക് ബസ്റ്റർ ചിത്രം മഞ്ഞുമ്മൽ ബോയ്സ് തുടങ്ങിയവയുടെ ആദ്യദിന കളക്ഷനും ചിത്രം മറികടന്നിരുന്നു. എന്നാൽ പിന്നീടുള്ള ദിവസങ്ങളിൽ ബറോസിന്റെ കളക്ഷനിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടായെന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്. സൗത്ത് ഇന്ത്യൻ ബോക്സ് ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം ഏകദേശം 10.80 കോടിയാണ് ചിത്രം നേടിയിരിക്കുന്നത്. കേരള കളക്ഷനാണിത്. റിലീസ് ചെയ്ത് പതിമൂന്ന് ദിവസത്തെ ബോക്സ് ഓഫീസ് കണക്ക് കൂടിയാണിത്. റിലീസ് ചെയ്ത് എട്ടാം ദിനം വരെ 9.8 കോടിയായിരുന്നു ബറോസ് നേടിയത്. പുത്തൻ റിലീസുകൾ ബറോസിന്റെ തേരോട്ടത്തെ ബാധിച്ചുവെന്നാണ് ട്രേഡ് അനലിസ്റ്റുകളുടെ വിലയിരുത്തൽ. ആശീർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ നിർമിച്ച ബറോസിന്റെ ചെലവ് 150 കോടിയാണ്.

## ലോകേഷ്–രജനിചിത്രം, ‘കൂലി’ എന്തായി?



രജനികാന്തിനെ നായകനാക്കി ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന കൂലി ഈ വർഷം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ്. 38 വർഷങ്ങൾക്ക് ശേഷം രജനികാന്തും സത്യരാജും വീണ്ടും ഒന്നിക്കുന്ന ചിത്രമാണിത്. 1986ൽ പുറത്തിറങ്ങിയ മിസ്റ്റർ ഭരത് എന്ന സൂപ്പർഹിറ്റ് തമിഴ് ചിത്രത്തിലാണ് ഇരുവരും അവസാനമായി ഒന്നിച്ചത്. ഇപ്പോഴിതാ ചിത്രത്തെക്കുറിച്ചുള്ള വലിയൊരു അപ്ഡേറ്റ് പങ്കുവെച്ചിരിക്കുകയാണ് രജനികാന്ത്. ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ഷെഡ്യൂൾ പൂർത്തിയാക്കാൻ ബാങ്കോക്കിലേക്ക് പോകുന്നതിനിടെ മാധ്യമങ്ങളെ കണ്ടപ്പോഴായിരുന്നു രജനികാന്തിന്റെ പ്രതികരണം. ‘70% ഷൂട്ടിംഗ് പൂർത്തിയായി, ജനുവരി 13 മുതൽ ജനുവരി 28 വരെയാണ് നിലവിലെ ഷെഡ്യൂൾ പ്ലാൻ ചെയ്തിരിക്കുന്നത്’ മാധ്യമപ്രവർത്തകരോട് രജനീകാന്ത് പറഞ്ഞു.സ്വർണ്ണക്കള്ളക്കടത്തിൻറെ പാശ്ചത്തലത്തിൽ കഥ പറയുന്ന കൂലി ഒരു ആക്ഷൻ ത്രില്ലർ ചിത്രമാണ്.

# ബോക്സോഫീസിൽ വിസ്മയം തീർത്ത് മുഫാസ

## ഡെഡ്പൂളിനെ മറികടക്കാൻ ഇനി 12 കോടി മാത്രം



ഇന്ത്യൻ ബോക്സോഫീസിൽ വിസ്മയമായി മാറി മുഫാസ: ലയൺ കിംഗ്. ക്രിസ്മസ് റിലീസായി ഡിസംബർ 20ന് ആയിരുന്നു ചിത്രം തിയറ്ററിൽ എത്തിയത്. 200 മില്യൺ ബജറ്റലൊരുങ്ങിയ മുഫാസ ആദ്യ ദിനം മുതൽ ബോക്സ് ഓഫീസിൽ ഞെട്ടിക്കുന്ന പ്രകടനമായിരുന്നു കാഴ്ചവച്ചത്. ഒടുവിൽ റിലീസ് ചെയ്ത് 17 ദിവസമാകുമ്പോൾ മുഫാസയുടെ ആകെ കളക്ഷൻ 3250 കോടിയാണ്. സാക്നിൽക്കാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മുഫാസയുടെ ഇന്ത്യ നെറ്റ് കളക്ഷൻ 131.25 കോടിയാണ്. ഓവർസീസിൽ നിന്നും 2050 കോടിയും ചിത്രം നേടി. ഇന്ത്യ ഗ്രോസ് കളക്ഷൻ 155.25 കോടിയുമാണ്. ഇന്ത്യയിലെ എല്ലാ ഹോളിവുഡ് ചിത്രങ്ങളുടെയും കളക്ഷൻ മറികടന്ന് മുസാഫ ചരിത്രം സൃഷ്ടിക്കും. 2024-ലെ ഇന്ത്യയിലെ ഏറ്റവും ഉയർന്ന ഹോളിവുഡ് ഗ്രോസറായി മാറാൻ ഡെഡ്പൂൾ & വോൾവറിന്റെ (135.25 കോടി )കളക്ഷൻ ലയൺ കിംഗ് ലക്ഷ്യമിടുന്നു. 12.10 കോടി രൂപ മാത്രമാണ് ഇനി വേണ്ടത്.

**2024–ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ 3 ഹോളിവുഡ് സിനിമകൾ**

**ഡെഡ്പൂൾ & വോൾവറിൻ:** 135.25 കോടി, **മുഫാസ: ദി ലയൺ കിംഗ്:** 123.15 കോടി (പുതുക്കിയത്) **ഗോഡ്സില്ല ഃ കോങ്: ദ ന്യൂ എംപയർ:** 106 കോടി

2019 ൽ പുറത്തിറങ്ങിയ 'ലയൺ കിങ്' എന്ന ചിത്രത്തിന്റെ തുടർച്ചയായി പുറത്തിറങ്ങിയ ചിത്രമാണ് 'മുഫാസ'. കരുത്തനായ സിമ്പയുടെ ശക്തനായ പിതാവ് മുഫാസയുടെ കഥയാണ് 'മുഫാസ: ദ ലയൺ കിംഗി'ലൂടെ പറയുന്നത്. ബാരി ജെങ്കിൻസാണ് ചിത്രത്തിന്റെ സംവിധാനം നിർവഹിക്കുന്നത്.അനാഥനിൽ നിന്ന് മുഫാസ എങ്ങനെ അധികാരത്തിലെത്തുന്നു എന്നതും അതിലേയ്ക്കുള്ള യാത്രയുമാണ് സിനിമയുടെ കഥ. ചിത്രത്തിൽ റാഫിക്കിയായി ജോൺ കാനി, പുംബയായി സേത്ത് റോജൻ, ടിമോനായി ബില്ലി ഐക്നർ, സിംബയായി ഡൊണാൾഡ് ഗ്ലോവർ, നളയായി ബിയോൺസ് നോൾസ്-കാർട്ടർ എന്നിവരാണ് ശബ്ദം നൽകുന്നത്. ഹിന്ദി പതിപ്പിൽ മുഫാസക്ക് ശബ്ദം നൽകിയത് ബോളിവുഡ് സൂപ്പർതാരം ഷാരൂഖ് ഖാൻ ആണ്. ഇത് കളക്ഷൻ വർധിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

## ജയം രവിയുടെ തിരിച്ചുവരവോ? പ്രതീക്ഷ നൽകി 'കാതലിക്ക നേരമില്ലൈ'



ജയം രവിയെ നായകനാക്കി കൃതിക ഉദയനിധി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'കാതലിക്ക നേരമില്ലൈ'. റൊമാന്റിക് കോമഡി ഴോണറിൽ ഒരുങ്ങുന്ന സിനിമയുടെ ട്രെയ് ലർ അണിയറപ്രവർത്തകർ പുറത്തുവിട്ടിരുന്നു. ഒരു സെലിബ്രേഷൻ മൂഡിലുള്ള കളർഫുൾ ചിത്രമാണ് കാതലിക്ക നേരമില്ലൈ എന്ന സൂചനയാണ് ട്രെയ്‌ലർ നൽകുന്നത്. ചിത്രം പൊങ്കൽ റിലീസായി ജനുവരി 14 ന് തിയേറ്ററിലെത്തും. ചിത്രത്തിലെ ഗാനത്തിന് വലിയ സ്വീകാര്യത ലഭിച്ചിരുന്നു. എ.ആർ റഹ്മാനാണ് ചിത്രത്തിന്റെ സംഗീത സംവിധാനം. 'യെന്നൈ ഇഴുക്കതടി' എന്ന ഗാനമാണ് പ്രേക്ഷക പ്രീതി നേടിയത്. വിവേകാണ് വരികളെഴുതിയിരിക്കുന്നത്. സർക്കസിന്റെ പശ്ചാത്തലത്തിൽ നൂൽപ്പാവ രൂപത്തിൽ നിൽക്കുന്ന ഡാൻസേഴ്സിനൊപ്പം ആട്ടവും പാട്ടുമായാണ് താരങ്ങളെത്തുന്നത്. ഗാനത്തിലെ ഹൂക്ക് സ്റ്റെപ്പും വരികളുമാണ് പ്രേക്ഷകരെ ആകർഷിച്ചത്. ജയം രവിയും ഒരു കരിയർ ബ്രേക്കിന് ശേഷം എത്തുന്ന ചിത്രം എന്ന പ്രത്യേകത കാതലിക്ക നേരമില്ലൈ എന്ന പുത്തൻ ചിത്രത്തിനുണ്ട്. സമീപകാലത്ത് വൻ വിജയങ്ങൾ നേടാൻ താരത്തിന് സാധിച്ചിരുന്നില്ല. അതിനാൽ തന്നെ കാതലിക്കാ നേരമില്ലൈ ചിത്രത്തിലാണ് ജയം രവി ആരാധകരുടെ പ്രതീക്ഷ.

## ഉമ്മൻചാണ്ടിയെ ഇനി അനുകരിക്കില്ലെന്ന് പറഞ്ഞ കോട്ടയം നസീറിന് മറുപടിയുമായി ചാണ്ടി ഉമ്മൻ



എം.എൽ.എമാരായ തിരുവഞ്ചൂർ രാധാകൃഷ്ണന്റേയും, ചാണ്ടി ഉമ്മന്റേയും സാന്നിദ്ധ്യത്തിൽ ശുക്രൻ എന്ന ചിത്രത്തിന്റെ സ്വിച്ച് ഓൺ നടന്നു. ഉബൈനി സംവിധാനം ചെയ്യുന്ന ചിത്രമാണ് ശുക്രൻ. കോട്ടയത്തെ പനച്ചിക്കാട്ടാണ് ചിത്രീകരണം നടന്നത്. നീൽസിനിമാസ്, സൂര്യ ഭാരതിക്രിയേഷൻസിന്റെ ബാനറിൽ മനോജ് കുമാർ. കെ.പി ഷാജി, കെ. ജോർജ്, ഷിജു. കെ. ടോം എന്നിവരാണ് ചിത്രം നിർമ്മിക്കുന്നത്.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ സ്വിച്ചോൺ കർമ്മം നിർവഹിച്ചപ്പോൾ, ചാണ്ടി ഉമ്മൻ ഫസ്റ്റ് ക്ലാപ്പും നൽകിക്കൊണ്ടാണ് ചിത്രീകരണം ആരംഭിച്ചത്. ബിബിൻ ജോർജും, കോട്ടയം നസീറുമാണ് ആദ്യരംഗത്തിൽ അഭിനയിച്ചത്.''തന്റെ അപ്പയെ മനോഹരമായി അനുകരിക്കുന്ന കലാകാരനാണ് കോട്ടയം നസീർ. കുറച്ചു നാൾ മുമ്പ് നസീർ നടത്തിയ ഒരു പ്രസ്താവനയാണ് ഇപ്പോൾ എന്റെ ശ്രദ്ധയിൽ വരുന്നത്.''ഞാനിനി ഉമ്മൻ ചാണ്ടി സാറിനെ അനുകരിക്കില്ലായെന്നായിരുന്നു നസീറിന്റെ പ്രതികരണം.അതിനു ശേഷം നസീറിനെ നേരിട്ട് കാണുന്നത് ഇപ്പോഴാണ്. എന്റെ അപ്പയെ ഇനിയും നിങ്ങൾ അനുകരിക്കണം.അഭ്യർത്ഥനയാണ്. മനുഷ്യ മനസ്സിൽ ഇന്നും ജീവിക്കുന്ന മനുഷ്യനാണ് എന്റെ അപ്പ. അദ്ദേഹത്തെ അനുകരിക്കുന്നതു കാണുന്നത് ഏറെ സന്തോഷമാണ്''. നസീറിനെ ചേർത്തു നിർത്തി ചാണ്ടി ഉമ്മൻ വ്യക്തമാക്കി.ഒരേ ലക്ഷ്യം നിറവേറ്റാൻ രണ്ട് സുഹൃത്തുക്കൾ നടത്തുന്ന ശ്രമങ്ങളുടെ രസാകരമായ ചലച്ചിത്രാവിഷ്ക്കാരണമാണ് ഈ ചിത്രം.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

146

Movie — Saraswatheeyaamam (1980)
Director — Mohan Kumar
Lyrics — Vellanad Narayanan
Music — AT Ummer
Singers — KJ Yesudas

നിന്നെ പുണരാൻ നീട്ടിയ കൈകളിൽ
വേദനയോ വേദനയോ...
നിന്നെ തഴുകാൻ പാടിയ പാട്ടിലും
വേദനയോ വേദനയോ...
നിൻ മന്ദഹാസവും നിൻ മുഗ്ദരാഗവും
ബിന്ദുവായോ അശ്രുബിന്ദുവായോ...
നിന്നെ പുണരാൻ
ചുംബിച്ചുണർത്തുവാൻ പൂമൊട്ടു തേടിയ
ചുണ്ടുകൾ ദാഹം മറന്നുപോയോ....
ചുംബിച്ചുണർത്തുവാൻ പൂമൊട്ടു തേടിയ
ചുണ്ടുകൾ ദാഹം മറന്നുപോയോ....
അംഗുലിയാൽ മൃദുസ്പന്ദമുണർന്നിട്ടും
സംഗീതമെല്ലാം മറന്നുപോയോ...
നിന്നെ പുണരാൻ




മാധവമെത്തിയ ജീവിതവാടിയിൽ
മൂകവിഷാദതുഷാരമോ നീ....
മാധവമെത്തിയ ജീവിതവാടിയിൽ
മൂകവിഷാദതുഷാരമോ നീ...
ഏതോ മൃദുലദലങ്ങളിൽ നേടിയ
തേനും മണവും മറന്നു പോയോ....
നിന്നെ പുണരാൻ

# ഡൽഹി തെരഞ്ഞെടുപ്പോടെ 'ഇൻഡ്യാ' സഖ്യത്തിലെ വിള്ളൽ തെളിയുന്നു

**ഡൽഹി മുഖ്യമന്ത്രി അതിഷിക്കെതിരേ അഖിലേന്ത്യാ മഹിളാ കോൺഗ്രസ് അധ്യക്ഷ അൽക ലാംബയാണ് കളത്തിലിറക്കിയാണ് കോൺഗ്രസ് ആദ്യവെടി പൊട്ടിച്ചത്. എന്നാൽ ഡൽഹിയിൽ ആം ആദ്മി പാർട്ടിക്കുമാത്രമേ കഴിയു എന്നാണ് സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് പറയുന്നത്. മമതാ ബാനർജിയും അതുതന്നെ പറയുന്നു. അതോടെ ഇൻഡ്യാ' സഖ്യത്തിലെ തമ്മിലടി കൂടുതൽ ശക്തമായി മാറിയിരിക്കുകയാണ്.**

## ഡൽഹി ഡെർബാർ





ഇന്ത്യയുടെ തലസ്ഥാനമായ ന്യൂ ഡെൽഹി ഉൾപ്പെടുന്ന കേന്ദ്രഭരണ പ്രദേശം ആണ് ഡൽഹി. 1.7 കോടി ജനസംഖ്യയുള്ള ഡെൽഹി, ജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ രണ്ടാം സ്ഥാനത്താണ്. രാജ്യത്തിന്റെ തലസ്ഥാനമെന്ന നിലയിൽ പ്രത്യേക പദവിയാണ് ഡെൽഹിക്കുള്ളത്. ന്യൂഡെൽഹി, ഡെൽഹി, ഡെൽഹി കന്റോൺമെന്റ് എന്നിങ്ങനെ മൂന്നു നഗരപ്രദേശങ്ങളും, കുറച്ചു ഗ്രാമപ്രദേശങ്ങളും ചേരുന്നതാണ് ഡെൽഹി സംസ്ഥാനം. ഡെൽഹിയെക്കൂടാതെ സമീപ സംസ്ഥാനങ്ങളായ ഉത്തർപ്രദേശിലെ നോയ്ഡ, ഗാസിയാബാദ്, മീററ്റ് എന്നീ പ്രദേശങ്ങളും ഹരിയാനയിലെ ഫരീദാബാദ്, ഗുഡ്ഗാവ്, ബഹദൂർഗഢ്, പാനിപ്പട്ട്, രോഹ്ത്തക്ക്, സോനിപ്പട്ട്, രാജസ്ഥാനിലെ ആൾവാർ എന്നീ പ്രദേശങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ് ദേശീയ തലസ്ഥാന മേഖല നാഷണൽ ക്യാപിറ്റൽ റിജിയൺ എന്നറിയപ്പെടുന്ന സ്ഥലം.

ഇപ്പോഴിതാ തെരഞ്ഞെടുപ്പ് അങ്കത്തിനായി കളമൊരുക്കി കാത്തിരിക്കുന്നു രാജ്യ തലസ്ഥാനം. ഡൽഹി നിയമസഭയിലേക്ക് 70 മണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പു നടക്കുക. ഇതോടൊപ്പം ഉത്തർപ്രദേശിലെ മിൽകിപൂരിലും തമിഴ്നാട്ടിലെ ഈറോഡിലും നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കും. ജനുവരി 17 വരെ നാമനിർദേശപത്രിക നൽകാം. 18ന് സൂക്ഷ്മപരിശോധന നടത്തും 20നകം പത്രിക പിൻവലിക്കാം. എന്തായാലും ഇക്കുറി 'ഇൻഡ്യാ' സഖ്യത്തിലെ വിള്ളൽ വലുതാകുന്നുവെന്ന സൂചനകൾ.

ഡൽഹി മുഖ്യമന്ത്രിക്കെതിരേ അഖിലേന്ത്യാ മഹിളാ കോൺഗ്രസ് അധ്യക്ഷ അൽക ലാംബയാണ് കളത്തിലിറക്കിയിരിക്കുന്നത് കോൺഗ്രസ്. ഡൽഹി കൽക്കാജി മണ്ഡത്തിലാണ് ഇവർ ഏറ്റുമുട്ടുന്നത്. അഭിഭാഷക കൂടിയായ അൽക ലാംബ പൊതു പ്രവർത്തനം ആരംഭിക്കുന്നത് 1994ൽ കോൺഗ്രസിലൂടെയാണ്. പക്ഷേ 2013ൽ ആപ്പ് തരംഗത്തിനിടെ അൽക ആം ആദ്മിയിൽ ചേർന്നു. എന്നാൽ 2019ൽ ആംആദ്മിയോട് വിടപറയുകയും ചെയ്തു. കോൺഗ്രസ് വിദ്യാർഥി രാഷ്ട്രീയത്തിലൂടെ ഉയർന്ന വന്ന അൽകയെ 2002ൽ അഖിലേന്ത്യാ മഹിളാ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിയായി നിയമിച്ചു. 2003ൽ കോൺഗ്രസ് ടിക്കറ്റിൽ മോതി നഗർ നിയോജകമണ്ഡലത്തിൽ നിന്ന് നിയമസഭാ തെരഞ്ഞെടുപ്പിൽ ജനവിധി തേടിയെങ്കിലും ബി.ജെ.പിയിലെ തലമുതിർന്ന നേതാവ് മദൻ ലാൽ ഖുറാനയോട് പരാജയപ്പെട്ടിരുന്നു.

പിന്നീട് 2014 ഡിസംബറിൽ ആം ആദ്മി പാർട്ടിയിൽ ചേരാനാണ് അൽക കോൺഗ്രസിൽ നിന്ന് പുറത്തേക്കുപോരുന്നത്. 2015ൽ ചാന്ദ്നി ചൗക്കിൽ നിന്ന് എ.എ.പി ടിക്കറ്റിൽ ജനവിധി തേടിയ അൽക ബി.ജെ.പി സ്ഥാനാർത്ഥിയായ സുമൻ കുമാർ ഗുപ്തയെ പരാജയപ്പെടുത്തി കന്നിജയം സ്വന്തമാക്കി. പിന്നെ അരവിന്ദ് കേജ്രിവാളും അൽകയും തമ്മിൽ അടിതുടങ്ങി തുടങ്ങിക്കഴിഞ്ഞു.

അതുപോലെ ഡൽഹിയിൽ ബി.ജെ.പിയെ പരാജയപ്പെടുത്താൻ ആം ആദ്മി പാർട്ടിക്കുമാത്രമേ കഴിയു എന്നാണ് സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് പറയുന്നത്. മമതാ ബാനർജിയും അതുതന്നെ പറയുന്നു.

തൃണമൂൽ കോൺഗ്രസ് ആം ആദ്മി പാർട്ടിക്ക് പിന്തുണ പ്രഖ്യാപിച്ചതായി അരവിന്ദ് കെജ്‌രിവാൾ പറയുന്നു. 'ഡൽഹി തിരഞ്ഞെടുപ്പിൽ ടി.എം.സി ആം ആദ്മി പാർട്ടിക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. മംമ്താ ദീദിയോട് ഞാൻ വ്യക്തിപരമായി നന്ദിയുള്ളവനാണ്. നന്ദി ദീദി. ഞങ്ങളുടെ നല്ലതും ചീത്തയുമായ സമയങ്ങളിൽ നിങ്ങൾ എപ്പോഴും ഞങ്ങളെ പിന്തുണയ്ക്കുകയും അനുഗ്രഹിക്കുകയും ചെയ്തു' കെജ്‌രിവാൾ എക്സിലെ ഒരു പോസ്റ്റിൽ പറഞ്ഞു വാക്കുകളാണിത്.

ഇതോടെ ഡൽഹി തിരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടിക്ക് പിന്തുണ പ്രഖ്യാപിച്ച ഇന്ത്യൻ ബ്ലോക്ക് സഖ്യ കക്ഷികളുടെ പട്ടികയിൽ തൃണമൂലും ചേർന്നു. ഇതിന് മുമ്പ് സമാജ്വാദി പാർട്ടിയും ശിവസേനയും (യു.ബി.ടി) കെജ്രിവാളിന്റെ പാർട്ടിക്ക് പിന്തുണ പ്രഖ്യാപിച്ചിരുന്നുവല്ലോ..!

2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസുമായി സഖ്യമുണ്ടാക്കിയായിരുന്നു ആം ആദ്മി മത്സരിച്ചത്. എന്നാൽ വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിക്കാൻ എഎപി തീരുമാനിക്കുകയായിരുന്നു. ഭരണകക്ഷിയായ എഎപി 2015, 2020 തിരഞ്ഞെടുപ്പുകളിൽ യഥാക്രമം 67, 62 സീറ്റുകൾ നേടിയിരുന്നു. ഇപ്പോൾ തലസ്ഥാനത്ത് ഹാട്രിക് ലക്ഷ്യമിട്ടാണ് എഎപി തിരഞ്ഞെടുപ്പിനെ നേരിടുന്നത്.

അഴിമതി കേസിന്റെ നിഴലിൽ നിൽക്കുമ്പോൾ ഇത്തവണത്തെ തെരഞ്ഞെടുപ്പ് ആംആദ്മി പാർട്ടിക്ക് നിർണ്ണായകമാണ്. 100 കോടിയുടെ ദില്ലി മദ്യനയ അഴിമതിയും, 46 കോടിയുടെ വസതി മോടിപിടിപ്പിക്കലും അരവിന്ദ് കെജ്രിവാളിനും, ആംആദ്മി പാർട്ടിക്കുമെതിരെ ബി.ജെ.പി ശക്തമായി ഉന്നയിക്കുന്നു. ആരോപണം കടുപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തര മന്ത്രി അമിത് ഷായടക്കമുള്ള നേതാക്കൾ കളം നിറഞ്ഞു കഴിഞ്ഞു.

അഴിമതി ആരോപണത്തെ മറികടക്കാൻ പതിവ് പോലെ ജനപ്രിയ പദ്ധതികൾ പ്രഖ്യാപിച്ച് പിടിച്ചു നിൽക്കാനാണ് ആംആദ്മി പാർട്ടിയുടെ ശ്രമം. നിലവിലെ ക്ഷേമ പദ്ധതികൾ തുടരുന്നതിനൊപ്പം എല്ലാ സ്ത്രീകൾക്കും പ്രതിമാസം 2100 രൂപ വാഗ്ദാനം ചെയ്യുന്ന മഹിള സമ്മാൻ യോജന, 60 വയസിന് മുകളിലുള്ളവർക്കായി സൗജന്യ ആരോഗ്യ പദ്ധതിയായ സഞ്ജീവനി യോജന തുടങ്ങിയ പദ്ധതികളാണ് ഇത്തവണ അവതരിപ്പിച്ചിരിക്കുന്നത്.

പ്രധാനമന്ത്രി നേരിട്ട് 12,200 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചത് വോട്ട് ചോദിക്കാൻ ബി.ജെ.പിക്കും ശക്തിയായി. കർണ്ണാടക, ഹിമാചൽ മോഡലിൽ പ്യാരി ദീദി യോജന പ്രഖ്യാപിച്ച് 2500 രൂപ സ്ത്രീകൾക്കായി കോൺഗ്രസും വാഗ്ദാനം ചെയ്യുന്നു. കോൺഗ്രസും ബി.ജെ.പിയും സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയാക്കുന്നതോടെ ത്രികോണ മത്സരത്തിന്റെ ചൂടിലേക്ക് ഈ മഞ്ഞു കാലത്തിൽ ദില്ലി നീങ്ങുകയാണ്.

◗ എമ എൽസ എൽവിൻ

# സർക്കാർ സ്കൂളിൽ നിന്ന് ഐ.എസ്.ആർ.ഒയുടെ തലപ്പത്തേക്ക്!





ഐ.എസ്.ആർ.ഒയുടെ പ്രധാന സംവിധാനങ്ങളിലെല്ലാം പ്രവർത്തിച്ചതിന്റെ അനുഭവ സമ്പത്തുമായാണ് ഡോ. വി. നാരായണൻ ഐ.എസ്.ആർ.ഒയുടെ നേതൃത്വം ഏറ്റെടുക്കാനൊരുങ്ങുന്നത്. നിലവിൽ തിരുവനന്തപുരം, വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് ഡയറക്ടറാണ് ഡോ. വി. നാരായണൻ. റോക്കറ്റ്, ബഹിരാകാശ പേടകം എന്നിവയുടെ പ്രൊപ്പൽഷൻ വിദഗ്ധനായ അദ്ദേഹം ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾക്ക് നിർണായക സംഭാവനകൾ നൽകിയ വ്യക്തിത്വമാണ്.

### സാധാരണക്കാരനായി ജനിച്ച് ഉയരങ്ങളിലേക്ക്

തമിഴ് നാട്ടിലെ കന്യാകുമാരി ജില്ലയിൽ നീലക്കാട്ടുവിളൈ എന്ന് ചെറിയ ഗ്രാമത്തിൽ വന്യപെരുമാളിന്റെയും തങ്കമ്മാളിന്റെയും മകനായാണ് ഡോ വി നാരായണന്റെ ജനനം. ഗ്രാമത്തിലെ സാധാരണ സർക്കാർ തമിഴ് മീഡിയം സ്കൂളിലാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1984 ലാണ് ഐഎസ്ആർഒയിൽ ചേർന്നത്.

ഐ.എസ്.ആർ.ഒയിൽ പ്രവേശിച്ചതിന് ശേഷമാണ് അദ്ദേഹം എൻജിനിയിറങ്ങിൽ ബിരുദവും ഐ.ഐ.ടി ഖരഗ്പൂരിൽ നിന്ന് എംടെക്കും എത്രയോ സ്പേസ് എൻജിനീയറിങ് പിഎച്ച്ഡിയും നേടിയത്. ക്രയോജനിക് എൻജിനീയറിങ്ങിലാണ് അദ്ദേഹത്തിന്റെ എംടെക്ക്. അതിൽ ഒന്നാം റാങ്കും അദ്ദേഹം കരസ്ഥമാക്കി.

### നിർണായക സംഭവാനകൾ

സി25 ക്രയോജനിക് എൻജിൻ വികസനത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ക്രയോജനിക് പ്രൊപ്പൽഷൻ സിസ്റ്റത്തിൽ ഇന്ത്യയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. ക്രയോജനിക് അപ്പർ സ്റ്റേജിന്റെ വിജയകരമായ വികസനത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. ജി എസ്എൽവി മാർക്ക് ത്രീ, ചന്ദ്രയാൻ 2 മിഷൻ എന്നിവയിലും നിർണായ പങ്കുവഹിച്ചിട്ടുണ്ട്.

ചന്ദ്രയാൻ രണ്ട് ലാൻഡിങ് ദൗത്യം പരാജയം പഠിക്കാൻ നിയോഗിക്കപ്പെട്ട സമിതിയുടെ ചെയർമാനായിരുന്നു. ഇന്റർനാഷണൽ അക്കാദമി ഓഫ് ആസ്ട്രോനോട്ടിക്സ് അംഗമാണ്.

സൗണ്ടിങ് റോക്കറ്റുകളുടെയും എ.എസ്.എൽ.വി, പി.എസ്.എൽ.വി എന്നി വിക്ഷേപണ വാഹനങ്ങളുടെയും പ്രൊപ്പൽഷൻ മേഖലയിലെ ഗവേഷണ, വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

വിക്ഷേപണ വാഹനങ്ങൾക്കുള്ള ലിക്വിഡ്, സെമി ക്രയോജനിക്, ക്രയോജനിക് പ്രൊപ്പൽഷൻ ഘടകങ്ങളുടെ വികസനത്തിലായിരുന്നു ഇതുവരെ അദ്ദേഹത്തിന്റെ പ്രവർത്തനം.

എല്ലാ ബഹിരാകാശ ദൗത്യങ്ങളിലും പ്രോഗ്രാമുകളിലും തീരുമാനമെടുക്കുന്ന സ്ഥാപനമായ പ്രോജക്ട് മാനേജ്മെന്റ് കൗൺസിൽസ്പേസ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റത്തിന്റെ ചെയർമാനും ഗഗൻയാനിന്റെ നാഷണൽ ലെവൽ ഹ്യൂമൻ റേറ്റഡ് സർട്ടിഫിക്കേഷൻ ബോർഡിന്റെ (എച്ച്.ആർ.സി.ബി) ചെയർമാനുമാണ് അദ്ദേഹം.

നിരവധി ഉത്തരവാദിത്വങ്ങളാണ് ചെയർമാനെന്ന് നിലയിൽ കാത്തിരിക്കുന്നതെന്ന് ഐ.എസ്.ആർ.ഒയുടെ നിയുക്ത മേധാവി ഡോ.വി നാരായണൻ പറഞ്ഞു. ഗഗൻയാൻ, ചന്ദ്രയാൻ നാല്, ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ തുടങ്ങിയ ഒട്ടേറെ പദ്ധതികൾ നടപ്പാക്കാനുണ്ട്.

നമ്മുടെ രാജ്യത്തെ വികസിത രാജ്യമാക്കാനുള്ള ഒട്ടേറെ കാര്യങ്ങൾ നടപ്പാക്കാനുണ്ട്. അതിന് വേണ്ടിയുള്ള പ്രയ്നമാണ് ചെയ്യാനുള്ളതെന്നും ഡോ.നാരായണൻ വ്യക്തമാക്കുന്നു.

### മുൻഗാമിയുമായി സാമ്യതകളേറെ

സ്ഥാനം ഒഴിയുന്ന ഐ.എസ്.ആർ.ഒയുടെ നിലവിലെ ചെയർമാനും മലയാളിയുമായ ഡോ.എസ്.സോമനാഥുമായി ഡോ. വി. നാരായണന്റെ ജീവിതത്തിനും സാമ്യതകളേറെയാണ്.

തിരുവനന്തപുരത്തെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ ഡയറക്ടറായി സോമനാഥനും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡോ.വി നാരായണൻ നിലവിൽ ലിക്വിഡ് പ്രൊപ്പൽസ് സിസ്റ്റംസ് സെന്റർ ഡയറക്ടറാണ്.

സാധാരണ സ്കൂളിൽ നിന്നായിരുന്നു ഡോ. എസ് സ്വാമിനാഥന്റയും വിദ്യാഭ്യാസം. ആലപ്പുഴ ജില്ലയിലെ അരൂർ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ സോമനാഥ് എറണാകുളം മഹാരാജാസ് കോളേജിൽ നിന്നാണ് പ്രീയൂണിവേഴ്സിറ്റി പൂർത്തിയാക്കിയത്.



# 'മെസ്സിയെ കണ്ട് പഠിക്കൂ..'; വിനീഷ്യസിന് ഉപദേശവുമായി റൂഡ്ഗല്ലിറ്റ്

റയൽ മാഡ്രിഡിൻറെ ബ്രസീലിയൻ സൂപ്പർ താരം വിനീഷ്യസ് ജൂനിയറിന് ഉപദേശവുമായി മുൻ ഡച്ച് ഫുട്ബോൾ താരം റൂഡ് ഗല്ലിറ്റ്. കഠിനമായ സാഹചര്യങ്ങൾ മെസ്സിയെ പോലെ കൈകാര്യം ചെയ്യാനാണ് വിനീഷ്യസിനോട് ഗല്ലിറ്റ് ഉപദേശിക്കുന്നത്. കഴിഞ്ഞ ദിവസം വലൻസിയക്കെതിരെയുള്ള മത്സരത്തിൽ ഗോൾ കീപ്പർ സ്റ്റോൽ ദിമിത്രിവ്സ്കിയുമായി വിനീഷ്യസ് കൊമ്ബുകോർത്തിരുന്നു, പിന്നാലെ താരത്തിന് ചുവപ്പ് കാർഡും ലഭിച്ചു. ജനുവരി മൂന്നിന് റയലും വലൻസിയയും ഏറ്റുമുട്ടിയ മത്സരത്തിലെ 79ാം മിനിറ്റിലായിരുന്നു സംഭവം. വലൻസിയ ഗോൾകീപ്പർ സ്റ്റോൾ ദിമിത്രിവ്സ്കിയുടെ തലക്ക് വിനി അടിക്കുകയായിരുന്നു. വാക്ക് തർക്കത്തിന് ഗോൾകീപ്പറിനും മഞ്ഞക്കാർഡ് ലഭിച്ചു. പിന്നീട് ദേഷ്യത്തിലുണ്ടായിരുന്ന വിനീഷ്യസിനെ ടീമംഗങ്ങൾ അടക്കി നിർത്തുകയായിരുന്നു. ഇതിന് ശേഷമാണ് താരത്തിന് ഉപദേശവുമായി ഗല്ലിറ്റ് എത്തിയത്.' ഗോൾകീപ്പർ അവനെ അലോസരപ്പെടുത്തിയെന്ന് എനിക്ക് അറിയാം എന്നാൽ ഇതേ കാര്യം വിനീഷ്യസിനും ബാധകമാണ്. നിങ്ങൾ എതിരാളിയെ പ്രകോപനിപ്പിച്ചതിന് ശേഷം നിങ്ങൾക്ക് ഒരു സിമ്ബതി പ്രതീക്ഷിക്കാൻ സാധിക്കില്ല. നിങ്ങൾ മിണ്ടാതിരിക്കാൻ പഠിക്കണം. മെസ്സിയെ നോക്കൂ, അവനെ എപ്പോഴും ആളുകൾ ചവിട്ടിക്കൂട്ടാറുണ്ട്, എന്നാലും അവൻ എഴുന്നേറ്റ് വന്ന് ഒന്നും പറയാതെ വീണ്ടും കളിക്കും,' ഗല്ലിറ്റ് പറഞ്ഞു.'എന്നാൽ വിനീഷ്യസ് എപ്പോഴും പരാതിപ്പെടും, സ്ഥിരമായി പ്രകോപനിപ്പിക്കും, എതിർ ടീമിലെ ഫാൻസുമായി പ്രശ്നങ്ങളുണ്ടാക്കും. അപ്പോൾ തിരിച്ചും കിട്ടും. എനിക്ക് ഉറപ്പാണ് റയൽ അവനോട് ഇത് പറയുന്നുണ്ടെന്ന്, എന്നാൽ അവനെകൊണ്ട് ഈ സ്വഭാവം നിർത്താൻ സാധിക്കുന്നില്ല,' അദ്ദേഹം കൂട്ടിച്ചേർത്തു.





# ചാമ്പ്യൻസ് ട്രോഫിക്ക് ബുംറയില്ല! പകരം ആരെത്തും?

ചാമ്പ്യൻസ് ട്രോഫിക്കുള്ള ഒരുക്കത്തിലാണ് ഇന്ത്യൻ ക്രിക്കറ്റ് ടീം. പാകിസ്ഥാൻ ആതിഥേയത്വം വഹിക്കുന്ന ചാമ്പ്യൻസ് ട്രോഫി ഇത്തവണ ഇന്ത്യക്ക് അഭിമാനപ്രശ്നമാണ്.ഇന്ത്യയുടെ മത്സരങ്ങൾ മാത്രമേ ദുബായിൽ നടക്കൂ. കരുത്തരായ ടീമിനെ ഇറക്കാനാണ് ഇന്ത്യയുടെ ശ്രമം. അതേസമയം ഇന്ത്യയുടെ സമീപകാല പ്രകടനം നിരാശാജനകമായതിനാൽ ചാമ്പ്യൻസ് ട്രോഫിയിലും ടീമിന് കാര്യങ്ങൾ എളുപ്പമാകില്ല.ഇപ്പോഴിതാ ഇന്ത്യയുടെ ചങ്കിടിപ്പേറ്റി മറ്റൊരു തിരിച്ചടി കൂടി ടീം നേരിട്ടിരിക്കുകയാണ്. സ്റ്റാർ പേസറായ ജസ്പ്രീത് ബുംറ പരിക്കിന്റെ പിടിയിലായിരിക്കുകയാണെന്നാണ് റിപ്പോർട്ട്. ഓസ്ട്രേലിയക്കെതിരായ അഞ്ചാം ടെസ്റ്റിനിടെ പരിക്കേറ്റ ബുംറക്ക് ഇംഗ്ലണ്ട് പരമ്ബരയും ചാമ്ബ്യൻസ് ട്രോഫിയും നഷ്ടമാവുമെന്നാണ് റിപ്പോർട്ട്. ബുംറയുടെ അഭാവത്തിൽ ഇന്ത്യ ആരെയാണ് പകരക്കാരനായി പരിഗണിക്കുക? നമുക്ക് പരിശോധിക്കാം.









**ദീപക് ചഹാർ:** ഇടവേളക്ക് ശേഷം ഇന്ത്യൻ ടീമിലേക്ക് തിരിച്ചെത്താൻ തയ്യാറെടുക്കുന്ന താരമാണ് ദീപക് ചഹാർ. ജസ്പ്രീത് ബുംറയുടെ അഭാവത്തിൽ ദീപക് ചഹാറിന്റെ ബൗളിങ് ഇന്ത്യക്ക് മുതൽക്കൂട്ടായേക്കും. നന്നായി സ്വിങ് കണ്ടെത്തുന്ന ബൗളറാണ് ദീപക്. എന്നാൽ ഡെത്തോവറിലെ താരത്തിന്റെ പ്രകടനം അത്ര മികച്ചതല്ല. അത്യാവശ്യ ഘട്ടങ്ങളിൽ ബാറ്റുകൊണ്ടും ദീപക് മികവ് കാട്ടും. ഐപിഎല്ലിൽ സിഎസ്കെയിലൂടെ വളർന്ന താരമാണ് ദീപക്.

**പ്രസിദ് കൃഷ്ണ:** ഓസ്ട്രേലിയൻ പരമ്പരയ്ക്ക് ശേഷം ഇന്ത്യൻ ടീമിൽ തിരിച്ചെത്തിയ പേസറാണ് പ്രസീദ് കൃഷ്ണ. മികച്ച പ്രകടനത്തിലൂടെ പ്രസീദ് മികവ് തെളിയിച്ചിരുന്നു. ഉയരമുള്ള പേസർക്ക് ദുബായിലെ സാഹചര്യം അനുകൂലമാണ്. സ്വാഭാവിക ബൗൺസുള്ള പ്രസീദിനെ ഇന്ത്യ പിന്തുണയ്ക്കാൻ സാധ്യതയുണ്ട്. പക്ഷേ, എക്കണോമി ബൗൾ ചെയ്യാനോ തുടർച്ചയായ യോർക്കറുകളിലൂടെ മത്സരത്തിന്റെ ഗതി മാറ്റാനോ പ്രസീദിന് കഴിവുണ്ടെന്ന് കരുതാനാവില്ല. എന്തായാലും പരിഗണിക്കപ്പെട്ടവരിൽ ഒരാളാണ് പ്രസീദ്.

**മുകേഷ് കുമാർ:** സ്വിങ് പേസറായ മുകേഷ് കുമാറിനേയും ഇന്ത്യ പരിഗണിച്ചേക്കും. അതിവേഗ പേസറല്ലെങ്കിലും മികച്ച ലൈനും ലെങ്തും ഉപയോഗിച്ച് വിക്കറ്റ് വീഴ്ത്താൻ മുകേഷിന് കഴിവുണ്ട്. ഇന്ത്യക്കായി ഇതിനോടകം അരങ്ങേറിയെങ്കിലും നിലവിൽ മുകേഷ് ടീമിന് പുറത്താണ്. ബുംറയുടെ അഭാവത്തിൽ ഏകദിന ടീമിലേക്ക് മുകേഷിനെ പരിഗണിക്കാനുള്ള സാധ്യതയും തള്ളിക്കളായാനാവില്ല. സമീപകാലത്തായി ആഭ്യന്തര ക്രിക്കറ്റിൽ മിന്നുന്ന മുകേഷിനെ ഇന്ത്യ ബുംറക്ക് പകരക്കാരനായി പരിഗണിച്ചേക്കും

**ആകാശ് ദീപ്:** ആർസിബിയിലൂടെ മികവ് കാട്ടി വളർന്ന ആകാശ് ദീപ് ഇന്ത്യക്കായി ഇതിനോടകം ടെസ്റ്റ് കളിച്ച് മികവ് കാട്ടിയിട്ടുണ്ട്. എന്നാൽ പരിമിത ഓവറിൽ അവസരം ലഭിച്ചിട്ടില്ല. ഭേദപ്പെട്ട വേഗതയിൽ പന്തെറിയുന്ന ആകാശ് വിക്കറ്റ് വീഴ്ത്താനും മിടുക്കുകാട്ടുന്ന ബൗളറാണ്.

**ഹർഷിത് റാണ:** ഇന്ത്യൻ പരിശീലകൻ ഗൗതം ഗംഭീറിന്റെ ഇഷ്ട താരങ്ങളിലൊരാളാണ് യുവ പേസറായ ഹർഷിത് റാണ. ഇന്ത്യക്കായി ടെസ്റ്റ് അരങ്ങേറ്റം നടത്തിയ ഹർഷിത് ശരാശരി പ്രകടനം മാത്രമാണ് കാഴ്ചവെച്ചത്. എന്നാൽ പരിമിത ഓവറിലേക്ക് ഹർഷിതിനെ ഇന്ത്യ പരിഗണിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

# ഇംഗ്ലണ്ട് പരമ്പരയ്ക്കുള്ള ഇന്ത്യൻ വിക്കറ്റ് കീപ്പറാകാൻ യോഗ്യൻ സഞ്ജു സാംസൺ; നിലപാട് വ്യക്തമാക്കി മുൻ ഇന്ത്യൻ താരം





മുംബൈ: ഇംഗ്ലണ്ട് പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിലെ വിക്കറ്റ് കീപ്പറാകാൻ എന്തുകൊണ്ടും യോഗ്യൻ സഞ്ജു സാംസൺ ആണെന്ന് അഭിപ്രായപ്പെട്ട് മുൻ ഇന്ത്യൻ താരം സഞ്ജയ് ബംഗാർ. ഋഷഭ് പന്തിന് ഇനി വിക്കറ്റ് കീപ്പർ സ്ഥാനത്ത് സാദ്ധ്യതകളില്ലെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. അതുകൊണ്ടാണ് സഞ്ജുവിന് സാധ്യതയും വർധിക്കുന്നത്. ഇംഗ്ളണ്ടിനെതിരായ ട്വന്റി 20 പരമ്പരയിൽ മികച്ച ഫോമിലുള്ള സഞ്ജു തന്നെയാണ് കീപ്പറാകാൻ സാദ്ധ്യത. എന്നാൽ പന്തിന് ട്വന്റി 20യിൽ അവസരം ഇനിയില്ലെന്ന് പറയാൻ മറ്റൊരു കാരണവും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.'ഒരു വിക്കറ്റ് കീപ്പർ സ്ഥാനമാണ് ഇന്ത്യൻ ടീമിൽ ഉള്ളത്. തനിക്ക് ലഭിച്ച അവസരങ്ങളിലെല്ലാം വലിയ പ്രകടനം നടത്തുകയാണ് സഞ്ജു സാംസൺ. കഴിഞ്ഞ പരമ്പര തന്നെ അതിന് തെളിവാണ്. പരമ്പരയിൽ രണ്ട് വിക്കറ്റ് കീപ്പർമാരെ ടീമിൽ ഉൾപ്പെടുത്തുക ബുദ്ധിമുട്ടാണ്. ഇടംകൈ ബാറ്റർ തിലക് വർമ സ്‌ക്വാഡിലുണ്ടാകും. അദ്ദേഹം മികച്ച ഫോമിലാണ്. അതിനാൽ ഇടംകൈ ബാറ്ററെന്ന പരിഗണന വന്നാലും അത്തരം താരങ്ങൾ ടീമിൽ ഇഷ്ടംപോലെ ഉണ്ട്' എന്നും അദ്ദേഹം വ്യക്തമാക്കുന്നു. ഓസ്ട്രേലിയയ്ക്കെതിരെ നടന്ന ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റിൽ ഭേദപ്പെട്ട പ്രകടനം പന്ത് കാഴ്ചവച്ചെങ്കിലും കഴിഞ്ഞ വർഷം നടന്ന ട്വന്റി 20 ലോകകപ്പിൽ എട്ട് മത്സരങ്ങളിൽ 127 സ്ട്രൈക്ക് റേറ്റോടെ 171 റൺസാണ് പന്ത് നേടിയത്. എന്നാൽ തുടർച്ചയായി അവസരം ലഭിക്കാതിരുന്ന സഞ്ജു കഴിഞ്ഞ അഞ്ച് ഇന്നിംഗ്സുകളിൽ മൂന്ന് സെഞ്ച്വറികൾ നേടി. അതുകൊണ്ട് തന്നെ സഞ്ജുവിനാണ് സാധ്യത എന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്.

# 'എഴുതിവെച്ചോളു, കോലി വീണ്ടും ഓസ്ട്രേലിയയിൽ ടെസ്റ്റ് കളിക്കും'; വിരാട് കോലിക്കെതിരെയുള്ള വിമർശനത്തിൽ രവി ശാസ്ത്രി



സിഡ്നി: ഓസ്ട്രേലിയക്കെതിരായ ടെസ്റ്റ് പരമ്പരയിലെ മോശം ബാറ്റിംഗ് പ്രകടനത്തോടെ വിരാട് കോലിക്കെതിരെ വലിയ രീതിയിൽ വിമർശനം ഉയർന്നിരുന്നു. ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരാട് വിരമിക്കണമെന്നതടക്കം ഉള്ള ആവശ്യങ്ങളും ഉയർന്നിരുന്നു.ഇപ്പോൾ ഈ ആവശ്യങ്ങൾക്കുള്ള മറുപടിയുമായി രംഗത്ത് എത്തിയിരിക്കുകയാണ് മുൻ ഇന്ത്യൻ പരിശീലകൻ രവി ശാസ്ത്രി. നിങ്ങൾ എഴുതിവെച്ചോളു, കോലി വീണ്ടും ഓസ്ട്രേലിയയിൽ ടെസ്റ്റ് കളിക്കുമെന്ന് ആണ് ഐസിസി പ്രതിമാസ അവലോകനത്തിൽ രവി ശാസ്ത്രി വ്യക്തമാക്കിയത്. അതേസമയം കോലിയുടെ കരിയറിൽ ഇപ്പോൾ സംഭവിക്കുന്നത് സച്ചിൻ ടെൻഡുൽക്കറുടെയും റിക്കി പോണ്ടിംഗിൻറെയുമെല്ലാം കരിയറിലും സംഭവിച്ചിട്ടുണ്ട് എന്നും കഴിഞ്ഞ രണ്ടോ മൂന്നോ വർഷമായി താൻ ഏറ്റവും മികച്ച പ്രകടനമല്ല നടത്തുന്നതെന്ന് വിരാട് കോലിക്കും അറിയാം എന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഭേദപ്പെട്ട പ്രകടനം നടത്തി ടീമിൻറെ വിജയത്തിൽ സംഭാവന ചെയ്യാൻ കോലിക്ക് കഴിയുന്നുണ്ട്. 23 കാരനായ യശസ്വി ജയ്സ്വാളിനും 25കാരനായ ശുഭ്മാൻ ഗില്ലിനും 26 വയസുള്ള റിഷഭ് പന്തിനും 21 വയസുള്ള നിതീഷ് റെഡ്ഡിക്കുമെല്ലാം വിരാട് കോലിയെപ്പോലൊരു കളിക്കാരൻറെ സാന്നിധ്യത്തിൽ നിന്ന് ഏറെ പഠിക്കാനുണ്ടെന്നും രവി ശാസ്ത്രി കൂട്ടിച്ചേർത്തു.





## ജസ്പ്രീത് ബുംറയുമായി വാക്കുതർക്കം; തന്റെ പിഴവുകൊണ്ടാണെന്ന കുറ്റസമ്മതവുമായി ഓസ്ട്രേലിയൻ താരം സാം കോൺസ്റ്റാസ്



സിഡ്നി: ഇന്ത്യയ്ക്ക് എതിരായ അവസാന ടെസ്റ്റിൽ ജസ്പ്രീത് ബുംറയുമായി വാക്കുതർക്കം ഉണ്ടായത് തന്റെ പിഴവുകൊണ്ടാണെന്ന കുറ്റസമ്മതവുമായി ഓസ്ട്രേലിയൻ കൗമാരതാരം സാം കോൺസ്റ്റാസ്. സിഡ്നിയിൽ സഹ ഓപ്പണർ ഉസ്മാൻ ഖ്വാജയെ പുറത്താക്കിയ ശേഷമാണ് ബുംറയും കോൺസ്റ്റാസും തർക്കത്തിലായത്. ബാറ്റിംഗിന് വൈകിയതിന് ബുംറ ഖ്വാജയോട് കയർത്തിരുന്നു. ഈ സംസാരം കോൺസ്റ്റാസ് ഏറ്റുപിടിക്കുകയായിരുന്നു. തൊട്ടുപിന്നാലെ ഖ്വാജയെ പുറത്താക്കിയ ബുംറ കോൺസ്റ്റാസിന് സെൻഡ ഓഫ് നൽകിയാണ് വിക്കറ്റ് ആഘോഷിച്ചത്. തുടർന്ന് അമ്പയർ ഇടപെട്ടാണ് പ്രശ്നം അവസാനിപ്പിച്ചത്. എന്നാൽ സാധാരണഗതിയിൽ എതിർതാരങ്ങളോട് പ്രശനത്തിന് പോകാത്ത ബുംറ കോൺസ്റ്റാസുമായി കയർത്തത് ഏവരെയും അത്ഭുതപ്പെടുത്തിയിരുന്നു.അതേസമയം കഴിഞ്ഞദിവസം നൽകിയ ഒരു അഭിമുഖത്തിലാണ് താൻ അനാവശ്യമായി ഖ്വാജയുടെ വിഷയത്തിൽ ഇടപെട്ടതാണ് ബുംറയെ ചൊടിപ്പിച്ചതെന്ന് കോൺസ്റ്റാസ് സമ്മതിച്ചത്. പരമ്പരയിലുടനീളം മികച്ച പ്രകടനം കാഴ്ചവച്ച ബുംറയുടെ ബൗളിംഗിനെ കോൺസ്റ്റാസ് പ്രകീർത്തിക്കുകയും ചെയ്തു.

## 2026 ലോകകപ്പിന് ശേഷം ദിദിയർ ദെഷാംപ്സ് ഫ്രാൻസ് പരിശീലക സ്ഥാനം ഒഴിയും

2026 ഫിഫ ലോകകപ്പ് അവസാനിച്ചതിന് ശേഷം ഫ്രാൻസ് ദേശീയ ടീം മാനേജർ ദിദിയർ ദെഷാംപ്സ് സ്ഥാനമൊഴിയും. 2012 മുതൽ ലെസ് ബ്ലൂസിനെ നയിക്കുന്ന ദെഷാംപ്സ് തന്റെ കരാർ ഇനി പുതുക്കില്ല. 14 വർഷത്തെ ഫ്രാൻസിനൊപ്പം ഉള്ള യാത്രയ്ക്ക് ആണ് ഇതോടെ അവസാനം കുറിക്കുന്നത്.ഫ്രാൻസിന്റെ മുഖ്യ പരിശീലകനെന്ന നിലയിൽ ദെഷാംപ്സ് 2018 ഫിഫ ലോകകപ്പിലും 2021 നേഷൻസ് ലീഗിലും ടീമിനെ വിജയത്തിലേക്ക് നയിച്ചു.യൂറോ 2016, 2022 ലോകകപ്പ് എന്നിവയുടെ ഫൈനലിലും അദ്ദേഹം ടീമിനെ എത്തിച്ചു. 2026ൽ ലോക കിരീടവുമായി വിടവാങ്ങുക ആകും ദെഷാംസിന്റെ ലക്ഷ്യം.

## ഐസിസി റാങ്കിംഗിൽ വൻ നേട്ടവുമായി ദക്ഷിണാഫ്രിക്ക - ഓസ്ട്രേലിയ താരങ്ങൾ

ദുബായ്: ഇന്ത്യ-ഓസ്ട്രേലിയ, പാകിസ്ഥാന-ദക്ഷിണാഫ്രിക്ക ടെസ്റ്റ് പരമ്പരകൾ പൂർത്തിയായതിന് പിന്നാലെ പുറത്തുവന്ന ഐസിസി റാങ്കിംഗിൽ വൻ നേട്ടവുമായി ദക്ഷിണാഫ്രിക്കയുടെയും ഓസ്ട്രേലിയയുടെയും താരങ്ങൾ. ഇന്ത്യക്കെതിരായ പരമ്പരയിലൂടെ റാങ്കിംഗിൽ ഏറ്റവും കൂടുതൽ നേട്ടം കൊയ്തത് ഓസീസ് പേസർ സ്കോർ ബോളണ്ട് ആണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. ബോളണ്ട് 22 വിക്കറ്റുകൾ വീഴ്ത്തി റാങ്കിംഗിൽ 29 സ്ഥാനം ഉയർന്ന് ആദ്യ പത്തിലെത്തി. പത്താമതാണ് ബോളണ്ടിന്റെ പുതിയ സ്ഥാനം. ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ പാറ്റ് കമിൻസ് രണ്ടാം സ്ഥാനത്തേക്ക് ഉയർന്നപ്പോൾ കാഗിസോ റബാഡ മൂന്നാം സ്ഥാനത്തെത്തി. എന്നാൽ ഇന്ന് പുറത്തുവന്ന പുതിയ റാങ്കിംഗിൽ ഇന്ത്യൻ പേസർ ജസ്പ്രീത് ബുമ്ര ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തിയതി എന്ന സന്തോഷ വാർത്തയും പുറത്തു വരുന്നുണ്ട്. തന്റെ കരിയറിലെ ഏറ്റവും മികച്ച റേറ്റിംഗ് പോയൻറായ 908 പോയൻറും താരം സ്വന്തമാക്കി. അതേസമയം ഒമ്പതാം സ്ഥാനത്തുള്ള രവീന്ദ്ര ജഡേജയാണ് ആദ്യ പത്തിൽ ബൂമ്രക്ക് പുറമെ ഇന്ത്യൻ സാന്നിധ്യമായുള്ളത്.

# മുടികൊഴിച്ചിലുണ്ടോ? ഈ എട്ട് ഭക്ഷണങ്ങൾ ഒഴിവാക്കരുത്

പലരെയും അലട്ടുന്ന വലിയ പ്രശ്നമാണ് മുടി കൊഴിച്ചിൽ. മുടി അമിതമായി കൊഴിയുമ്പോൾ നമ്മുടെ മാനസികാരോഗ്യത്തെ വരെ സാരമായി ബാധിക്കും. മുടി കൊഴിച്ചിലുള്ളവർ ചില ഭക്ഷണകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയാൽ ഒരു പരിധി വരെ മുടികൊഴിച്ചിൽ തടയാം.

തിളങ്ങുന്നതും ശക്തവും കട്ടിയുള്ളതുമായ മുടി ലഭിക്കുന്നതിന് നിയന്ത്രിക്കാൻ കഴിയുന്ന ഘടകമാണ് നല്ല പോഷകാഹാരം. മുടിയുടെ ആരോഗ്യത്തിന് ഭക്ഷണക്രമം പ്രധാന പങ്കാണ് വഹിക്കുന്നത്. മുടി വളർച്ചയെ ഉത്തേജിപ്പിക്കുന്ന ഭക്ഷണങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം.



## മുട്ട

കൊളാജൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന വിവിധ പ്രോട്ടീനുകൾ മുട്ടയിൽ അടങ്ങിയിട്ടുണ്ട്. കൊളാജൻ സിന്തസിസ് വർദ്ധിക്കുന്നത് മുടിയുടെ ശക്തിയും കനവും മെച്ചപ്പെടുത്തുന്നു. അവയിൽ മുടിയുടെ അവശ്യ ഘടകമായ ബയോട്ടിൻ അടങ്ങിയിട്ടുണ്ട്. ഇത് കഴിക്കുന്നത് മുടിയുടെ വളർച്ച വർദ്ധിപ്പിക്കുന്നു. രക്തചംക്രമണം മെച്ചപ്പെടുത്തുകയും മുടിക്ക് ബലം നൽകുകയും ചെയ്യുന്ന ഇരുമ്പും മുട്ടയിൽ അടങ്ങിയിട്ടുണ്ട്. സിങ്ക്, വിറ്റാമിൻ എ, വിറ്റാമിൻ ഡി, ല്യൂട്ടിൻ എന്നിവ മുടിക്ക് ഗുണം ചെയ്യുന്ന മുട്ടയിലെ മറ്റ് പ്രധാന പോഷകങ്ങളാണ്.

## ഇലക്കറികൾ

പച്ച ഇലക്കറികളിൽ വിറ്റാമിൻ എ, സി, കരോട്ടിൻ, ഫോളേറ്റ്, പൊട്ടാസ്യം എന്നിവ ധാരാളം അടങ്ങിയിട്ടുണ്ട്. പച്ച ഇലക്കറികൾ ശരീരത്തിൽ കെരാറ്റിൻ നൽകുകയും മുടിയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. പച്ച ഇലക്കറികൾ ഇരുമ്പിന്റെ സമ്പന്നമായ ഉറവിടമാണ്. ഓക്സിജനും പോഷകങ്ങളും വഹിക്കുന്ന ശരീരത്തിലെ അവശ്യ ധാതുവാണിത്. ഇരുമ്പിന്റെ അളവ് കുറവായതിനാൽ മുടിയ്ക്ക് ആവശ്യമായ പോഷകങ്ങൾ ലഭിക്കുന്നില്ല. ഇത് മുടി വളർച്ചയെ തടസ്സപ്പെടുത്തുകയും മുടിയുടെ ഇഴകളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

## മത്സ്യം

സാൽമണിൽ ഒമേഗ3 ഫാറ്റി ആസിഡുകൾ, പ്രോട്ടീൻ, വിറ്റാമിൻ ഡി, ആന്റിഓക്സിഡന്റുകൾ എന്നിവ അടങ്ങിയിട്ടുണ്ട്. ഒമേഗ 3 ഫാറ്റി ആസിഡുകൾ തലയോട്ടിയുടെ ആരോഗ്യത്തെ സഹായിക്കുന്നു. സാൽമണിലെ ഒമേഗ 3 ഫാറ്റി ആസിഡുകൾ ഹൃദയാരോഗ്യം മെച്ചപ്പെടുത്തുകയും വീക്കം കുറയ്ക്കുകയും ചെയ്യുന്നു.

## മധുരക്കിഴങ്ങ്

മധുരക്കിഴങ്ങിൽ ബീറ്റാ കരോട്ടിൻ അടങ്ങിയിട്ടുണ്ട്.ഇത്ശരീരത്തിൽവിറ്റാമിൻ എ ആയി പരിവർത്തനം ചെയ്യപ്പെടുന്നു. തലയോട്ടിയെ ആരോഗ്യകരമായി നിലനിർത്തുന്ന എണ്ണമയമുള്ള പദാർത്ഥമായ സെബം ഉൽപ്പാദിപ്പിക്കുന്നതിന് വിറ്റാമിൻ എ സഹായിക്കുന്നു.

## സിട്രസ് പഴങ്ങൾ

നാരങ്ങ, ഓറഞ്ച്, മുന്തിരി തുടങ്ങിയ സിട്രസ് പഴങ്ങൾ വിറ്റാമിൻ സിയുടെ സമ്പന്നമായ ഉറവിടമാണ്. വിറ്റാമിൻ സി കൊളാജൻ ഉത്പാദനം വർദ്ധിപ്പിക്കുകയും തലയോട്ടിയിലെ രക്തചംക്രമണം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഇരുമ്പ് ആഗിരണം ചെയ്യുന്നതിനും ഇത് സഹായിക്കുന്നു. ഇത് തലയോട്ടിയിലെ രക്തചംക്രമണം മെച്ചപ്പെടുത്തുകയും മുടിയുടെ വളർച്ച മെച്ചപ്പെടുത്തുകയും ഉചിതമായ പോഷകാഹാരം നൽകുകയും ചെയ്യുന്നു.

## അവാക്കാഡോ

ആരോഗ്യകരമായ കൊഴുപ്പുകൾ, വിറ്റാമിൻ ഇ, ആന്റിഓക്സിഡന്റുകൾ എന്നിവയാൽ സമ്പന്നമാണ് അവോക്കാഡോ. കൊഴുപ്പുകൾ തലയോട്ടിയെ പോഷിപ്പിക്കുകയും മുടി വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## നട്സ്

ബദാം, വാൾനട്ട് എന്നിവ മുടിക്ക് ധാരാളം ആരോഗ്യ ഗുണങ്ങൾ നൽകുന്നു. അവയിൽ ധാരാളം ഒമേഗ 3 ഫാറ്റി ആസിഡുകൾ അടങ്ങിയിട്ടുണ്ട്. ഇത് മുടിയുടെ കനം വർദ്ധിപ്പിക്കുകയും ജലാംശം നിലനിർത്തുകയും ശക്തമാക്കുകയും ചെയ്യുന്നു.

## കാരറ്റ്

ക്യാരറ്റ് വിറ്റാമിൻ എയുടെ സമ്പന്നമായ ഉറവിടമാണ്. ഇത് മുടിക്ക് ധാരാളം ഗുണങ്ങൾ നൽകുന്നു. മുടി ഉൾപ്പെടെയുള്ള ശരീരകോശങ്ങളുടെ വളർച്ചയ്ക്ക് വിറ്റാമിൻ എ അത്യാവശ്യമാണ്. ഇത് വേഗത്തിലുള്ള മുടി വളർച്ചയ്ക്ക് സഹായിക്കുന്നു.

# എപ്പോഴും ക്ഷീണമോ, ഒരു ജോലിയും ചെയ്യാനുള്ള ഉന്മേഷം ഇല്ലേ?; കാരണം ഇതാകാം

എപ്പോഴും ക്ഷീണം തോന്നാറുണ്ടോ? ഒരു ജോലിയും ചെയ്യാൻ ഉള്ള ആരോഗ്യം ഇല്ലാത്തത് പോലെ തോന്നാറുണ്ടോ? എന്നാൽ ഇത് അങ്ങനെ നിസാരമായി കാണരുതെന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്.

എപ്പോഴും ക്ഷീണവും ഏകാഗ്രയോടെ ഒരു ജോലി ചെയ്യാൻ കഴിയാതെ പോകുന്ന അവസ്ഥയും നിങ്ങൾക്കുണ്ടെങ്കിൽ വൈദ്യസഹായം തേടുകയും അതിനൊപ്പം ശരീരത്തിൽ അയേൺ കുറവുണ്ടോ എന്ന് പരിശോധിക്കുകയും വേണം എന്നാണ് ഡോക്ടർമാർ പറയുന്നത്.



എപ്പോഴുമുള്ള ക്ഷീണത്തിന്റെ കാരണം അയേൺ കുറവുമാകാം എന്നാണ് വിദഗ്ധർ പറയുന്നത്. അയേൺ കൃത്യമായി പരിശോധിച്ച് അതിന് വേണ്ട സപ്ലിമെന്റുകൾ എടുക്കുന്നത് വിഷാദരോഗത്തിനും ഇടയ്ക്കിടയ്ക്കുള്ള ചെന്നിക്കുത്തിനും ഉന്മേഷം ഇല്ലാത്ത അവസ്ഥയ്ക്കും പരിഹാരമാകും. എന്നാണ് ഡോക്ടർമാർ വ്യക്തമാക്കുന്നത്.

സ്ത്രീകൾക്ക് ആണ് അയേൺ കുറവിന് സാധ്യത കൂടുതലെന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്.

ആർത്തവം, ഗർഭം, പ്രസവം മുതലായ ഘടകങ്ങളാണ് ഇതിന് കാരണം. ഗ്യാസ്ട്രോഇന്റസ്റ്റൈനൽ ബ്ലീഡിംഗ്, പോളിപ്സ്, ക്യാൻസർ തുടങ്ങിയ ഏത് തരത്തിലുള്ള രക്തസ്രാവമുണ്ടാക്കുന്ന രോഗങ്ങളും അയേൺ കുറവിനുള്ള സാധ്യത വർധിപ്പിക്കുന്നു.

അതുപോലെ തന്നെ അൾസർ, ഹെമറോയ്ഡുകൾ തുടങ്ങിയവ ഉള്ളവർക്കും അയേൺ കുറയാൻ സാധ്യതയുണ്ട്. മതിയായ പോഷകാഹാരങ്ങൾ കഴിക്കാത്ത കുട്ടികളിലും അയേൺ കുറഞ്ഞേക്കാം.

## അയേൺ കുറവിന് ലക്ഷണങ്ങൾ എന്തെല്ലാം

എപ്പോഴും ക്ഷീണം, തലകറക്കം, ശ്വാസതടസ്സം, ഏകാഗ്രത നഷ്ടപ്പെടൽ, മുടികൊഴിച്ചിൽ, ചർമ്മത്തിലെ വിളർച്ച, നഖം പൊട്ടിപ്പോകൽ, കാലുകൾ സദാ വിറപ്പിക്കാനോ ചലിപ്പിക്കാനോ ഉള്ള തോന്നൽ.

ഇത്തരം ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉടൻ തന്നെ പരിശോധന നടത്തുന്നത് ഏറെ ഗുണം ചെയ്യും എന്നാണ് ഡോക്ടർമാർ വ്യക്തമാക്കുന്നത്.

# സസ്യാഹാരികൾ കമോൺ!! പ്രോട്ടീൻ സമ്പുഷ്ടമായ അഞ്ച് വെജിറ്റേറിയൻ ഫുഡുകൾ




പേശികളുടെ വളർച്ചയ്ക്കും ശക്തിക്കും പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ അത്യാവശ്യമാണ്. മാംസാഹാരം കഴിക്കുന്നവർക്ക് ധാരാളം പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിലും, സസ്യാഹാരികൾക്ക് ആവശ്യത്തിന് പ്രോട്ടീൻ ലഭിക്കുന്നത് അൽപ്പം ബുദ്ധിമുട്ടാണ്. അതുകൊണ്ട് സസ്യാഹാരികൾക്കും കഴിക്കാവുന്ന ചില പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങളെ പരിചയപ്പെടാം.

## ഗ്രീക്ക് യോഗേർട്ട്

പ്രോട്ടീനുകളുടെയും പ്രോബയോട്ടിക്കുകളുടെയും ഉയർന്ന സാന്ദ്രതയുള്ള കട്ടിയുള്ള തൈര് ആണ് ഗ്രീക്ക് യോഗേർട്ട് . ഏകദേശം 200 ഗ്രാം പ്ലെയിൻ ഗ്രീക്ക് യോഗേർട്ട് ഏകദേശം 20 ഗ്രാം പ്രോട്ടീൻ നൽകുന്നു. വ്യായാമത്തിന് ശേഷമുള്ള ഒരു മികച്ച ലഘു ഭക്ഷണമാണിത്.

## ടോഫു

സോയാബീൻ ഉപയോഗിച്ചുള്ള ഉൽപ്പന്നമാണ് ടോഫു. ഇതിന് പനീറിന് സമാനമായ ഘടനയുണ്ട്. പാലിൽ നിന്ന് പനീർ ഉണ്ടാക്കുന്നത് പോലെ സോയ പാലിൽ നിന്നാണ് ടോഫു ഉണ്ടാക്കുന്നത്. 100 ഗ്രാം ടോഫുവിൽ 10 ഗ്രാം പ്രോട്ടീൻ അടങ്ങിയിട്ടുണ്ട്.

## ചിയ വിത്തുകൾ

ആരോഗ്യകരമായ ഭക്ഷണക്രമം പിന്തുടരുന്ന പുതുതലമുറയുടെ ഭക്ഷണക്രമത്തിൽ ചിയ വിത്തുകൾക്ക് പ്രത്യേക സ്ഥാനമുണ്ട്. ഈ ചെറിയ വിത്തുകൾ പ്രോട്ടീൻ, ഫൈബർ, ഒമേഗ 3 ഫാറ്റി ആസിഡുകൾ എന്നിവയാൽ സമ്പന്നമാണ്. 28 ഗ്രാം ചിയ വിത്തിൽ നിന്ന് 5 ഗ്രാം പ്രോട്ടീൻ ലഭിക്കും.

## ഓട്സ്

ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളുടെ കാര്യം പറയുമ്പോൾ രാവിലെയോ രാത്രിയോ ഒരിക്കലെങ്കിലും ഓട്സ് കഴിക്കാത്തവരായി ആരും തന്നെ ഉണ്ടാവില്ല. ഓട്സ് പ്രോട്ടീന്റെ മികച്ച ഉറവിടം കൂടിയാണ്. 40 ഗ്രാം ഓട്സിൽ 5 ഗ്രാം പ്രോട്ടീനും 4 ഗ്രാം ഫൈബറും അടങ്ങിയിട്ടുണ്ട്. പോഷകസമൃദ്ധമായ പ്രഭാതഭക്ഷണത്തിനായി ഓട്സ് പഴങ്ങൾ, പരിപ്പ്, ഉണങ്ങിയ പഴങ്ങൾ എന്നിവയുമായി സംയോജിപ്പിക്കാം.

## ചെറുപയർ

പ്രോട്ടീൻ സമ്പുഷ്ടമായ ഭക്ഷണങ്ങളിൽ നമുക്ക് ഏറെ പരിചിതമായ ഒന്നാണ് ചെറുപയർ. കഞ്ഞിയോടൊപ്പവും കറിവെച്ചും വറുത്തും പായസം ഉണ്ടാക്കിയും എല്ലാം നമ്മൾ ചെറുപയർ പലതരത്തിൽ ഭക്ഷിക്കാറുണ്ട്. ഒരു കപ്പ് വേവിച്ച ചെറുപയറിൽ നിന്നും 15 ഗ്രാം പ്രോട്ടീൻ ആണ് നിങ്ങൾക്ക് ലഭിക്കുക.

# ശരീരത്തിലെ കൊഴുപ്പ് എരിച്ചു കളയണോ? ഈ 4 വ്യായാമങ്ങൾ ബെസ്റ്റ് !



രാവിലത്തെ വ്യായാമം ഒരു ദിവസത്തെ ഊർജം നിലനിർത്താൻ സഹായിക്കും. അലസത അകറ്റാനും മാനസികാരോഗ്യം മെച്ചപ്പെടുത്താനും ഇത് ഏറെ ഗുണകരമാണ്. ശരീരഭാരം കുറയ്ക്കാനും ഇത് സഹായിക്കും. ഇത് നിങ്ങളുടെ ഹൃദയാരോഗ്യം മെച്ചപ്പെടുത്തും. ശരീരത്തിൽ അടിഞ്ഞുകൂടുന്ന അധിക കൊഴുപ്പ് കുറയ്ക്കാൻ നിങ്ങൾ പരിശീലിക്കേണ്ട നാല് വ്യായാമങ്ങൾ പരിചയപ്പെടാം.

## ജമ്പിംഗ് ജാക്കുകൾ

ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്നതിനും രക്തയോട്ടം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഒരു വ്യായാമമാണ് ജമ്പിംഗ് ജാക്ക്സ്. ഇത് ശരീരത്തെ വിശ്രമിക്കാനും നിങ്ങളുടെ മാനസികാവസ്ഥയെ തൽക്ഷണം ഉയർത്താനും പേശികളെ സജീവമാക്കാനും സഹായിക്കുന്നു. കൂടാതെ, ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഇത് ഉത്തമമാണ്.

## പ്ലാങ്ക്

വയറിലെ കൊഴുപ്പ് കുറയ്ക്കാനും കൈകാലുകൾ ശക്തിപ്പെടുത്താനും സഹായിക്കുന്ന മികച്ച വ്യായാമമാണ് പ്ലാങ്ക്. വയറ്റിലെ കൊഴുപ്പ് കുറയ്ക്കാനും ഇത് ഗുണകരമാണ്.

## സ്ക്വാറ്റുകൾ

'സ്ക്വാറ്റിംഗ്' വെറുമൊരു വ്യായാമമല്ല. കാലുകളുടെ പ്രധാന പേശികളെ ലക്ഷ്യം വച്ചുള്ള ശരീരഭാരം കുറയ്ക്കാനുള്ള വ്യായാമമാണ് സ്ക്വാറ്റുകൾ.

സ്ക്വാറ്റുകൾ നിങ്ങളുടെ തുടയുടെ പേശികൾ, ഹാംസ്ട്രിംഗ്സ്, എബിഎസ്, ലോവർ ലെഗ് പേശികൾ എന്നിവയ്ക്ക് ശരിയായ വ്യായാമം നൽകുന്നു.

## പടികൾ കയറുക

പടികൾ കയറുന്നത് കലോറി എരിച്ചുകളയാൻ സഹായിക്കും. ജോഗിംഗിനെക്കാൾ കൂടുതൽ കൊഴുപ്പ് കത്തിക്കാൻ പടികൾ കയറുന്നത് സഹായിക്കുമെന്ന് വിദഗ്ധർ പറയുന്നു. 15 മിനിറ്റ് പടികൾ കയറുന്നത് 150 കലോറി വരെ എരിച്ചുകളയുമെന്ന് പഠനങ്ങൾ പറയുന്നു.



## ഐഫോണിന് ചെക്ക് വച്ച് ഗാലക്സി എസ് 25 സീരീസ് വരുന്നു !

സാംസങ് സ്മാർട്ട്ഫോൺ ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഗാലക്സി അൺപാക്ക്ഡ് ഇവന്റ് ജനുവരി 22 ന് നടക്കും. ഈ വർഷത്തെ ഗാലക്സി അൺപാക്ക്ഡ് ഇവന്റിന്റെ ഏറ്റവും വലിയ ആകർഷണം ഗാലക്സി എസ് 25 സീരീസിന്റെ ലോഞ്ചാണ്. 2024 സെപ്തംബറിൽ ലോഞ്ച് ചെയ്ത ആപ്പിളിന്റെ ഐഫോൺ 16 സീരീസിന് വെല്ലുവിളിയായാണ് ഗാലക്സി എസ് 25 മോഡലുകൾ അവതരിപ്പിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കരുത്തിൽ വരുന്ന ഗ്യാലക്സി എസ്25 സിരീസ് സ്മാർട്ട്ഫോണുകളുടെ അവതരണമാണ് ഇവന്റിന്റെ പ്രധാന ആകർഷണം. അവതരണത്തിന് മുന്നോടിയായി ഗ്യാലക്സി എസ്25 സിരീസിന്റെ പ്രീറിസർവ് ഇന്ത്യയിൽ സാംസങ് ആരംഭിച്ചു.

ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക് ആകർഷമായ ആനുകൂല്യങ്ങൾ ലഭിക്കും. 1,999 രൂപ നൽകിയാണ് ഫോണുകൾ പ്രീറിസർവ് ചെയ്യേണ്ടത്. ഇങ്ങനെ ബുക്ക് ചെയ്യുന്നവർക്ക് 5,000 രൂപയുടെ ഇസ്റ്റോർ വൗച്ചർ സാംസങ് നൽകും. ഗാലക്സി എസ് 25 സ്മാർട്ട്ഫോൺ സീരീസിൽ മുൻകാലങ്ങളിലെന്നപോലെ മൂന്ന് ഫോണുകൾ അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗാലക്സി എസ്25, ഗാലക്സി എസ്25+, ഗാലക്സി എസ്25 അൾട്ര എന്നിവയാണ് ഈ മോഡലുകൾ. എല്ലാ വേരിയന്റുകളിലും ക്വാൽകോമിന്റെ സ്നാപ്ഡ്രാഗൺ 8 എലൈറ്റ് SoC ചിപ്സെറ്റും 12 ജിബി സ്റ്റാൻഡേർഡ് റാമും നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്റ്റാൻഡേർഡ് എസ് 25 മോഡലിന് 4,000 എംഎഎച്ച് ബാറ്ററിയും പ്ലസ്, അൾട്രാ എന്നിവയ്ക്ക് യഥാക്രമം 4,900, 5,000 എംഎഎച്ച് ബാറ്ററികളും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജനുവരി 22ലെ ഗ്യാലക്സി അൺപാക്ഡ് ഇവന്റിൽ എക്സ്ആർ ഹെഡ്സെറ്റും പുറത്തിറക്കും എന്ന് കരുതപ്പെടുന്നു.

2024 ഡിസംബറിൽ സാംസങ് പ്രഖ്യാപിച്ച പുതിയ ഗാഡ്ജറ്റാണിത്. എആർ, വിആർ, എഐ ഫീച്ചറുകളോടെയാവും എക്സ്ആർ ഹെഡ്സെറ്റ് വരിക. അതേസമയം ഗ്യാലക്സി എസ്25 സ്ലിം എന്ന പുതിയ ഫോൺ മോഡൽ സാംസങ് പുറത്തിറക്കാനും സാധ്യതയുണ്ട് എന്ന അഭ്യൂഹം ശക്തമാണ്.

## നേരിട്ടു വാങ്ങാൻ കിട്ടില്ല; 15 ഉപകരണങ്ങളുടെ നിർമാണം നിർത്തി ആപ്പിൾ

ഐഫോൺ 15 പ്രോ അടക്കം, 15 'പഴയ' ഉപകരണങ്ങളുടെ നിർമാണം നിർത്തി ആപ്പിൾ. ഇവ ഇനി ആപ്പിളിൽ നിന്ന് ഇവ നേരിട്ടു വാങ്ങാൻ സാധിക്കില്ല. ആപ്പിൾ ഇന്റലിജൻസ് പ്രവർത്തിപ്പിക്കാവുന്ന മുൻ തലമുറയിലെ ഏക ഹാൻഡ്സെറ്റ് ആയിരുന്നു ഐഫോൺ 15 പ്രോ. നിർത്തലാക്കിയ ഉപകരണങ്ങൾ ഏതൊക്കെയെന്ന് നോക്കാം.




### ഐഫോൺ 15 പ്രോ സീരിസ്

ഐഫോൺ പ്രോ സീരിസ് പുറത്തിറക്കിയാൽ അതിനു തൊട്ടു മുമ്പിലെ തലമുറ ഹാൻഡ്സെറ്റുകളുടെ നിർമ്മാണം നിറുത്തലാക്കുന്നത് പതിവാണ് ഐഫോൺ 16 പ്രോ സീരിസ് എത്തിയതോടെ 15 പ്രോ സീരിസ് നിറുത്തി.

ഇന്ത്യൻ വിപണിയിൽ ഇല്ലെങ്കിലും ഐഫോൺ 15 പ്രോ 128 ജിബി റീഫർബിഷ് ചെയ്ത (ഉപയോഗിച്ച ഫോൺ എന്നാൽ നവീകരിച്ചത്) ഇപ്പോൾ 725 ഡോളറിനു വിൽക്കുന്നു.

പ്രോ മാക്സ് 256 ജിബി 864 ഡോളറിനും ആമസോൺ.കോമിൽ വിൽക്കുന്നു. ഇന്ത്യയിൽ 1,59,900 രൂപ എംആർപി ഉള്ള 256ജിബി ഐഫോൺ പ്രോ മാക്സ് 1,28,900 രൂപയ്ക്ക് ഇതെഴുതുന്ന സമയത്ത് വിൽക്കുന്നു:

### ഐപാഡ് മിനി 6

ഐപാഡ് മിനി 7 പുറത്തിറക്കിയതിനാൽ ഐപാഡ് മിനി 6ന്റെ നിർമാണം നിറുത്തി. ഐപാഡ് മിനി 6 സീരിസിന് ഇപ്പോഴും ഇന്ത്യയിൽ 50000 രൂപയ്ക്കു മുകളിലാണ് വില.

എന്നാൽ, അതു കഴിഞ്ഞിറക്കിയ ഐഫോൺ 16 പ്രോ സീരിസ് പ്രവർത്തിക്കുന്ന എ17 പ്രോ പ്രൊസസർ ഉള്ള, ആപ്പിൾ ഇന്റലിജൻസ് ഉള്ള ഐപാഡ് മിനി (128ജിബി) വിൽക്കുന്നത് 49,900 രൂപയ്ക്കാണ്.

### ആപ്പിൾ വാച്ച് സീരിസ് 9

ആപ്പിൾ വാച്ച് സീരിസ് 10 അവതരിപ്പിച്ചതിനാൽ ആപ്പിൾ വാച്ച് സീരിസ് 9ന്റെ നിർമ്മാണം നിറുത്തി. എംആർപി 54,900 രൂപയുള്ള ആപ്പിൾ വാച്ച് സീരിസ് 9 (ജിപിഎസ്+സെല്ലുലർ) ഇപ്പോൾ 46,600 രൂപയ്ക്ക് വിൽക്കുന്നു:

### എം3 മാക്ബുക്ക് പ്രോ

എം4 പ്രൊസസർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എം4 മാക്ബുക്ക് പ്രോ അവതരിപ്പിച്ചതോടെ എം3 മാക്ബുക്ക് പ്രോ വില കുറച്ചു. എംആർപി 2,89,900 രൂപയുള്ള 16ഇഞ്ച് സ്ക്രീൻ വലിപ്പമുള്ള മോഡൽ ഇപ്പോൾ വിൽക്കുന്നത് 2,59,900 രൂപയ്ക്കാണ്.

### എം3 ഐമാക്

എം4 പ്രോസസർ ഉൾക്കൊള്ളിച്ച എം4 ഐമാക് പുറത്തെത്തിച്ചപ്പോൾ തലേ തലമുറയിലുള്ള എം3 ഐമാക് വിൽപ്പന നിറുത്തി. 8 കോർ ജിപിയു/സിപിയു ഉള്ള 256ജിബി വേരിയന്റ് ഇപ്പോൾ 1,19,990 രൂപയ്ക്ക് വിൽക്കുന്നു:

### ലൈറ്റ്നിങ് കണക്ടർ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ

ഇയു അടക്കം യുഎസ്ബിസി പോർട്ടുകൾ തന്നെ ഉപയോഗിച്ചേ മതിയാകൂ എന്ന നിബന്ധന വച്ചതോടെ, ആപ്പിൾ തങ്ങളുടെ ലൈറ്റ്നിങ് പോർട്ട് വച്ച് പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ നിർമ്മിക്കുന്നത് നിറുത്തി. പകരം അവ യുഎസ്ബിസി പോർട്ടുകളുമായി നിർമ്മിച്ചു തുടങ്ങി. ലൈറ്റ്നിങ് പോർട്ട് ഉള്ള മാജിക് മൗസ്, മാജിക് ട്രാക്പാഡ്, മാജിക് കീബോഡ് എന്നിവയുടെ നിർമ്മാണം നിറുത്തി. ഇവയും വിലക്കുറവിൽ വാങ്ങാം.

### ലൈറ്റ്നിങ് എയർപോഡസ്

എയർപോഡസ് 2, 3, എയർപോഡ്സ് മാക്സ് എന്നിവയുടെ നിർമാണവും കമ്പനി അവസാനിപ്പിച്ചു. എയർപോഡ്സ് പ്രോ 2 അടക്കം ഏതാനും മോഡലുകൾ യുഎസ്ബിസി പോർട്ടുകളുമായി ഔദ്യോഗികമായി ആപ്പിൾ വിൽക്കുന്നു.

## 2025ൽ ഇന്ത്യൻ വിപണി ഈ ആപ്പുകൾ കീഴടക്കും

സോഷ്യൽ മീഡിയ, ഗെയിമിംഗ്, വിനോദം, ഉൽപ്പാദനക്ഷമത, ഇകൊമേഴ്സ് എന്നിവയിലൂടെ 2025ൽ ഇന്ത്യയിലെ മൊബൈൽ ആപ്പ് കമ്പോളം വളർച്ച നേടുമെന്ന് വിലയിരുത്തൽ. ചൈനീസ് ടിക് ടോക്കിന്റെ നിരോധനത്തിന് ശേഷം വളർച്ച നേടിയ ഷോർട്ട്-വീഡിയോ ഷെയറിംഗ് ആപ്പായ ഇൻസ്റ്റാഗ്രാം സോഷ്യൽ മീഡിയ ലോകത്ത് ആധിപത്യം തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

ഓഗ്മെന്റഡ് റിയാലിറ്റിയും വെർച്ചൽ റിയാലിറ്റിയും പോലുള്ള അത്യാധുനിക സാങ്കേതികവിദ്യകളാൽ പ്രവർത്തിക്കുന്ന ഗെയിമിംഗ് ആപ്പുകൾ ഈ വർഷം പുതിയ വളർച്ചാ നാഴികക്കല്ലുകളിൽ എത്താൻ സാധ്യതയുണ്ട്. ആപ്പ് മാർക്കറ്റ് നിരീക്ഷകർ പറയുന്നതനുസരിച്ച്, 2019 മുതൽ ഏറ്റവും കൂടുതൽ വരുമാനം നേടിയ മൊബൈൽ ആപ്ലിക്കേഷനുകളുടെ പട്ടികയിൽ ഗെയിമിംഗ് ആപ്പുകൾ ഒന്നാം സ്ഥാനത്താണ്. ലുമികായിയുടെയും ഗൂഗിളിന്റെയും സമീപകാല റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ ഗെയിമിംഗ് വിപണി 2024 സാമ്പത്തിക വർഷത്തിൽ 3.8 ബില്യൺ ഡോളർ റെക്കോർഡ് നേട്ടം കൊയ്തു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 9.2 ബില്യൺ ഡോളർ കടക്കും.

മാർക്കറ്റ് ഇന്റലിജൻസ് സ്ഥാപനമായ ആപ്പ് മാജിക് പറയുന്നതനുസരിച്ച്, 2024ൽ ആപ്പിളിന്റെ ആപ്പ് സ്റ്റോറിലും ഗൂഗിളിന്റെ പ്ലേ സ്റ്റോറിലും ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട സൗജന്യ ആപ്പ് ഇൻസ്റ്റാഗ്രാം ആയിരുന്നു.



ഫ്രീ ഫയർ മാക്സ് ആണ് ഏറ്റവും കൂടുതൽ വരുമാനം നേടിയ ആപ്പ്.

ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട ഇ-കൊമേഴ്സ് മൊബൈൽ ആപ്പ് ആയിരുന്നു മീഷോ. ചെറുനഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഓൺലൈൻ പർച്ചേസിംഗിന്റെ വർദ്ധിച്ചുവരുന്ന ജനപ്രീതി ഇത് എടുത്തുകാണിക്കുന്നു.

ഐഒഎസ്, ഐപാഡ് ഉപകരണങ്ങൾക്കായി ആപ്പിൾ മാർക്കറ്റ്പ്ലെയ്സിൽ ഏറ്റവും മികച്ച വരുമാനം ഉണ്ടാക്കുന്ന ആപ്പായി യൂട്യൂബ് മുന്നിട്ടുനിൽക്കുന്നു. ഡൗൺലോഡുകളുടെ കാര്യത്തിൽ, ഇൻസ്റ്റാഗ്രാം ഒന്നാം സ്ഥാനത്താണ് തുടർന്ന് വാട്ട്സ്ആപ്പ് മെസഞ്ചർ, യൂട്യൂബ്, ഗൂഗിൾ വാലറ്റ്, ഗൂഗിൾ മാപ്സ് എന്നിവ.

ബാറ്റിൽ ഗ്രൗണ്ട് മൊബൈൽ ഇന്ത്യ കൂടാതെ, പോക്കോമാൻ, കാൻഡി ക്രഷ് സാഗ.കോയിൻ മാസ്റ്റർ, കാൾ ഓഫ് ഡ്യൂട്ടി എന്നിവ ഈ വർഷത്തെ മികച്ച വരുമാനം ഉണ്ടാക്കിയ ഗെയിമിംഗ് ആപ്പാണ്. ആപ്പ് സ്റ്റോറിൽ ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട സൗജന്യ ഗെയിമിംഗ് ആപ്പ് ആയിരുന്നു ലുഡോ കിംഗ്. ആമസോൺ പ്രൈം വീഡിയോ സ്ട്രീമിംഗ് വിഭാഗത്തിൽ മുന്നിലെത്തിയപ്പോൾ ബംബിൾ മികച്ച ഡേറ്റിംഗ് ആപ്പായി ഉയർന്നു, തൊട്ടുപിന്നാലെ നെറ്റ്ഫ്ളിക്സ്.

ആഗോളതലത്തിൽ, 825.5 ദശലക്ഷം ഡൗൺലോഡുകളോടെ 2024ൽ ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട ആപ്പ് ടിക് ടോക്ക് ആയിരുന്നു. 817.43 ദശലക്ഷം ഡൗൺലോഡുകളുള്ള ഇൻസ്റ്റാഗ്രാമും 597.87 ദശലക്ഷം ഡൗൺലോഡുകളോടെ ഫേസ് ബുക്കും പിന്നാലെയുണ്ട്. വാട്സ് ആപ്പ് (564.33M), ഇകൊമേഴ്സ് പ്ലാറ്റ്ഫോം ടെമു (516.4M), ടെലിഗ്രാം (447M), ക്യാപ് കട്ട് (410M), സ്നാപ് ചാറ്റ് (330M), ത്രെഡ്സ് (326M), ചാറ്റ് ജിപിടി (282M) എന്നിവ ഉൾപ്പെടുന്നു.

## വാട്സ്ആപ്പിൽ ഇനി ഡോക്യുമെന്റ് സ്കാനറും

പുത്തൻ ഫീച്ചർ അവതരിപ്പിച്ചിരിക്കുകയാണ് വാട്സ്ആപ്പ്. ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് ഉപയോക്താക്കൾക്ക് ഉപകാരപ്രദമാകുന്ന ഡോക്യുമെന്റ് സ്കാനിങ് ഫീച്ചറാണ് കമ്പനി അവതരിപ്പിക്കുന്നത്. ഡോക്യുമെന്റുകൾ വാട്സ്ആപ്പ് ക്യാമറ ഉപയോഗിച്ച് ഇനി എളുപ്പത്തിൽ സ്കാൻ ചെയ്ത് അയക്കാനാകുമെന്ന് കമ്പനി പറയുന്നു.



നേരത്തെ മറ്റുള്ള ആപ്പുകളെ ആശ്രയിച്ചായിരുന്നു ഡോക്യുമെന്റുകൾ സ്കാൻ ചെയ്തിരുന്നത്. പുതിയ അപ്ഡേഷൻ വരുന്നതോടെ പ്രിന്റ് ചെയ്തതോ എഴുതിയതോ ആയ ഒരു പേപ്പർ സ്കാൻ ചെയ്ത് പിഡിഎഫ് രൂപത്തിൽ മറ്റൊരാൾക്ക് അയച്ചുകൊടുക്കുന്നത് എളുപ്പമാകും.

വാട്സ്ആപ്പിൽ ഡോക്യുമെന്റുകൾ സ്കാൻ ചെയ്യാനായി ചാറ്റ് വിൻഡോ തുറക്കുക. ഇടത് ഭാഗത്ത് താഴെയുള്ള + ബട്ടൺ ടാപ്പ് ചെയ്യുക. തുടർന്ന് ഡോക്യുമെന്റിൽ ടാപ്പ് ചെയ്യുക. അപ്പോൾ ഓപ്പണാകുന്ന വിൻഡോയിൽ സ്കാൻ ഡോക്യുമെന്റ് ഓപ്ഷൻ കാണാം. അതിൽ ടാപ്പ് ചെയ്താൽ ക്യാമറ ഓപ്പണാകും. ഏത് ഡോക്യുമെന്റാണോ പകർത്തേണ്ടത് അത് ശേഷം ക്ലിക്ക് ചെയ്യുക. മുഴുവൻ പേജുകളും ഇത്തരത്തിൽ ഫോട്ടോയെടുത്ത് കഴിഞ്ഞാൽ സേവ് ബട്ടൺ ടാപ്പ് ചെയ്യുക. അപ്പോൾ തന്നെ നിങ്ങൾ സ്കാൻ ചെയ്ത പേജുകൾ പിഡിഎഫ് രൂപത്തിൽ അയക്കാനുള്ള ഓപ്ഷൻ കാണാം. സെന്റ് ബട്ടൺ ടാപ്പ് ചെയ്ത് ഈ ഡോക്യുമെന്റ് ആർക്കാണോ അയക്കേണ്ടത് അവർക്ക് അയയ്ക്കുക.

ഇപ്പോൾ ഐഒഎസ് പ്ലാറ്റ്ഫോമിൽ എത്തിയിരിക്കുന്ന വാട്സ്ആപ്പ് ഡോക്യുമെന്റ് സ്കാൻ ഫീച്ചർ വൈകാതെ ആൻഡ്രോയ്ഡിലേക്കും എത്തുമെന്നാണ് പ്രതീക്ഷ. ആഗോളതലത്തിൽ ഏകദേശം 200 കോടിയിലേറെ ഉപയോക്താക്കളുള്ള മെസേജിംഗ് ആപ്ലിക്കേഷനാണ് വാട്സ്ആപ്പ്.

WaBetaInfo ഔട്ട്ലെറ്റിൽ നിന്ന് ലഭിക്കുന്ന വിവരം അനുസരിച്ച്, പുതിയ അപ്ഡേറ്റ് iOS 24.25.89 പതിപ്പിലാണ് ഇപ്പോൾ ലഭ്യമായിരിക്കുന്നത്. ഇന്ത്യയിലെ പല ഐഒഎസ് ഉപയോക്താക്കൾക്കും ഈ അപ്ഡേഷൻ ലഭ്യമായിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ.

പുതിയ ഫീച്ചർ ക്രമേണ എല്ലാ ഫോണുകളിലും ലഭ്യമാകുമെന്ന് വാട്സ്ആപ്പ് അറിയിച്ചു.

# ഖത്തർ അമീർ ശൈഖ് തമീം ഇടപെട്ടു; എയർ ആംബുലൻസ് ബംഗ്ലാദേശിലെത്തി ഖാലിദ സിയയെ ബ്രിട്ടനിലെത്തിച്ചു



ദോഹ: ഒരു കാലത്ത് ബംഗ്ലാദേശ് രാഷ്ട്രീയം അടക്കി വാണിരുന്ന വനിതകളായിരുന്നു ശൈഖ് ഹസീനയും ഖാലിദ സിയയും. മുൻ പ്രധാനമന്ത്രിമാരായ രണ്ടു പേരും ഇന്ത്യയുമായി സൗഹൃദം നിലനിർത്തിയിരുന്ന വരാണ്. ഇന്ത്യയുമായി കൂടുതൽ സൗഹൃദം പക്ഷേ, ശൈഖ് ഹസീനയ്ക്കാണ്. 1970കളിലെ പ്രതിസന്ധി ഘട്ടത്തിൽ അവരെ സംരക്ഷിച്ചത് ഇന്ത്യയായിരുന്നു. ഏറ്റവും ഒടുവിൽ പ്രക്ഷോഭത്തെ തുടർന്ന് നാടുവി ടേണ്ടി വന്നപ്പോൾ അഭയത്തിനായി അവർ തിരഞ്ഞെ ടുത്തതും ഇന്ത്യയെയാണ്. അതേസമയം, ഖാലിദ സിയ പലവിധ അസുഖങ്ങളാൽ പ്രയാസപ്പെടുകയാ ണ്. വിദേശത്ത് ചികിൽസയ്ക്ക് പോകാൻ അനുവ ദിക്കണമെന്ന ഖാലിദ സിയയുടെ ആവശ്യം ഹസീന സർക്കാർ അംഗീകരിച്ചിരുന്നില്ല. ഇപ്പോൾ ഖത്തർ അമീറിന്റെ ഇടപെടലിൽ സിയ ബ്രിട്ടനിൽ എത്തിയി രിക്കുകയാണ്. അഴിമതിക്കേസിൽ 17 വർഷം ശിക്ഷി ക്കപ്പെട്ട് ജയിലിലായിരുന്നു ഖാലിദ സിയ. കോവിഡ് കാലത്ത് പ്രത്യേക ഉത്തരവിലൂടെ ജയിലിൽ നിന്ന് വിട്ടയച്ചെങ്കിലും വീട്ടുതടങ്കലിൽ കഴിയേണ്ടി വന്നു. പ്രതിഷേധത്തെ തുടർന്ന് ശൈഖ് ഹസീന ഇന്ത്യയി ലേക്ക് പലായനം ചെയ്തതോടെയാണ് ഖാലിദ സി യക്കുണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും പുതിയ സർക്കാർ നീക്കിയത്.കടുത്ത ആരോഗ്യ പ്രശ്നങ്ങൾ നേരിയുന്ന 79കാരിയായ ഖാലിദ സിയക്ക് വിദഗ്ധ ചികിൽസ വേണമെന്നാണ് അവരുടെ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (ബിഎൻപി) നേതാക്കൾ പറയു ന്നത്. ഈ വേളയിലാണ് ഖത്തർ അമീർ ശൈഖ് തമീം ബിൻ ഹമദ് അൽത്താനിയുടെ ഇടപെടൽ. ലണ്ടനിലാ ണ് സിയയുടെ മൂത്ത മകൻ താരിഖ് റഹ്മാൻ. 2007 മു തൽ ലണ്ടനിൽ പ്രവാസ ജീവിതത്തിലാണ് അദ്ദേഹം. നിലവിൽ ബിഎൻപിയെ നയിക്കുന്നതും അദ്ദേഹമാ ണ്.കഴിഞ്ഞ ഓഗസ്റ്റ് അഞ്ചിനാണ് പ്രധാനമന്ത്രി ശൈ ഖ് ഹസീന ബംഗ്ലാദേശിൽ നിന്ന് പലായനം ചെയ്ത് ഇന്ത്യയിലെത്തിയത്.



## നേപ്പാൾ ഭൂചലനത്തിൽ മരണസംഖ്യ 126 188 പേർക്ക് പരിക്ക്

കാഠ്മണ്ഡു: നേപ്പാളിൽ ഉണ്ടായ ഭൂകമ്പ ത്തിൽ മരണസംഖ്യ 126 ആയി. 188 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് അന്താരാഷ്ട്ര മാധ്യമ ങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നിരവധി കെട്ടിട ങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ചൊവ്വാഴ്ച രാവിലെ 6.35 നാണ് റിക്ടർ സ്കെയിലിൽ 7.1 രേഖപ്പെടുത്തിയ ഭൂചലന മുണ്ടായത്. ആദ്യഘട്ട ഭൂചലനത്തിന് ശേഷം ഏഴ് മണിയോടെ 4.7, 4.9 തീവ്രതയിലും നേ പ്പാളിൽ ഭൂചലനമുണ്ടായതായി നാഷണൽ സെന്റർ ഫോർ സീസ്മോളജി (എൻസിഎ സ്) റിപ്പോർട്ട് പറയുന്നു.ഇന്ത്യയിലെ അസം, പശ്ചിമബംഗാൾ എന്നിവിടങ്ങളിലും പ്രകമ്പ നം അനുഭവപ്പെട്ടു. ടിബറ്റിൽ ഭൂചലനം മൂലമു ണ്ടായ നാശനഷ്ടങ്ങളിൽ ഇന്ത്യൻ സർക്കാർ അനുശോചനം രേഖപ്പെടുത്തി. നേപ്പാളിന്റെ ഭൂപ്രകൃതിയാണ് അടിക്കടി നേപ്പാളിൽ ഭൂചല നത്തിന് കാരണമാകുന്നത്.

## പർവതനിരയിൽ കാണാതായ 23 കാരനായ മെഡിക്കൽ വിദ്യാർത്ഥിയെ കണ്ടെത്തി

രണ്ടാഴ്ചയായി വിദൂര ഓസ്ട്രേലിയൻ പർവതനി രയിൽ കാണാതായ 23 കാരനായ മെഡിക്കൽ വിദ്യാർത്ഥിയെ കണ്ടെത്തിയതായി റിപ്പോർട്ട്. മെൽബണിൽ നിന്നുള്ള ഹാദി നസാരിയെ 2024 ഡി സംബർ 26-ന് ന്യൂ സൗത്ത് വെയിൽസ് സ്റ്റേറ്റിലെ സ്നോവി മൗണ്ടെയ്നിലെ കോസ്സിയുസ്കോ ന ാഷണൽ പാർക്കിൽ ഫോട്ടോയെടുക്കുമ്പോഴാണ് അവസാനമായി കണ്ടത്. തുടർന്ന് പർവ്വതനിരയി ലേക്ക് പോയ അദ്ദേഹത്തെ കാണാതാവുകയായി രുന്നു. രണ്ട് മ്യൂസ്ലി ബാറുകൾ, ഫലങ്ങൾ, അരുവി കളിൽ നിന്നുള്ള വെള്ളം എന്നിവ ഉപയോഗിച്ചാണ് അദ്ദേഹം ജീവൻ നിലനിർത്തിയത് എന്ന് പോലീസ് ബുധനാഴ്ച പറഞ്ഞു. ഏറെ നേരത്തെ ശ്രമത്തിന് ശേഷം കാൽനടയാത്രക്കാരുടെ ഒരു സംഘത്തെ കണ്ടതാണ് ഇയാൾക്ക് രക്ഷയായത്. തനിക്ക് വഴി തെറ്റിയെന്നും ദാഹിക്കുന്നുവെന്നും പറഞ്ഞ് ഇയാൾ കാൽനട യാത്രക്കാരുടെ സംഘത്തെ സമീപിക്ക ുകയായിരുന്നു എന്ന് പോലീസ് പറഞ്ഞു.

## വിവാഹത്തിനുള്ള കുറഞ്ഞ പ്രായം 18 ആയി നിശ്ചയിച്ച് യുഎഇ

ദുബായ്: യുഎഇ മന്ത്രിസഭ ആദ്യമായി വിവാഹത്തിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 18 വയസ്സായി നിശ്ചയിച്ചു. ഇതി ലൂടെ ഒരു പുതിയ കുടുംബ സ്റ്റാറ്റസ് നിയമം പുറപ്പെടുവിച്ചു.

**സ്ത്രീധനം വീണ്ടെടുക്കൽ:** വിവാഹം ഉപേക്ഷിക്കപ്പെട്ട സന്ദർഭങ്ങളിൽ സ്ത്രീധനവും മറ്റ് സമ്മാനങ്ങളും വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും പുതിയ നിയമം പരിഷ് കരിക്കുന്നു. വിവാഹം പൂർത്തിയാകു മ്പോൾ നിബന്ധനയോടെ നൽകേണ്ട സമ്മാനങ്ങളും 25,000 ദിർഹത്തിൽ കൂടുതലുള്ള ഉയർന്ന മൂല്യമുള്ള സമ്മാനങ്ങളും ഉൾപ്പെടെ, തിരിച്ചുപ ിടിക്കാവുന്ന സമ്മാനങ്ങളുടെ തരങ്ങൾ ഇത് വ്യക്തമാക്കുന്നു. അത്തരം സമ്മാനങ്ങൾ അവയുടെ യഥാർത്ഥ രൂപത്തിൽ ലഭ്യമല്ലെങ്കിൽ, സമ്മാനത്തി ന്റെ സ്വഭാവം അത് ഉപഭോഗയോഗ്യ മല്ലാതാക്കുന്നില്ലെങ്കിൽ, സ്വീകരിക്കുന്ന സമയത്ത് അവയുടെ തുല്യ മൂല്യം തേടാവുന്നതാണ്.

**വിവാഹം കഴിക്കാനുള്ള അനുമതി:** വിവാഹ രക്ഷാകർതൃത്വം കോടതിയിലേക്ക് മാറ്റാൻ നിയമം സൗകര്യമൊരുക്കുന്നു. ഒരു സ്ത്രീക്ക് അവൾ സമ്മതിക്കുന്ന ഒരാളെ വിവാഹം കഴിക്കാനുള്ള അവക ാശം ഉറപ്പാക്കുന്നു. ഒരു രക്ഷിതാവ് അന്യായമായി അനുമതി നൽകാൻ വിസമ്മതിച്ചാൽ, രക്ഷാകർതൃത്വം കൈമാറാൻ കോടതിക്ക് ഇടപെടാം. പൊതുതാൽപ്പര്യം ആവശ്യപ്പെടുന്ന പ്രത്യേക ചിന്താധാരകളിൽ മാത്രം ഒതുങ്ങാതെ, നിയമത്തിനുള്ളിൽ പ്ര ത്യേക വ്യവസ്ഥകളുടെ അഭാവത്തിൽ ഇസ്ലാമിക നിയമമനുസരിച്ച് വിധി പ റയാൻ കുടുംബ കോടതി ജഡ്ജിമാർക്ക് ഡിക്രി-ലോ അനുമതി നൽകുന്നു.

## ഗാസ തുരങ്കത്തിൽ ബന്ദിയെ മരിച്ച നിലയിൽ കണ്ടെത്തി; രണ്ടാമത്തെ ബന്ദിയുടെ കാര്യത്തിൽ കടുത്ത ആശങ്കകൾ എന്ന് ഇസ്രായേൽ സൈന്യം

തെക്കൻ ഗാസയിലെ തുരങ്കത്തിൽ നി ന്ന് ബന്ദിയാക്കപ്പെട്ടയാളുടെ മൃതദേഹം ബുധനാഴ്ച കണ്ടെടുത്തതായി വ്യക്തമാ



ക്കി ഇസ്രായേൽ സൈന്യം. 2023 ഒക്ടോ ബർ 7 ന് ഇസ്രയേലിനെതിരായ ഹമാസ് ആക്രമണത്തിനിടെ തട്ടിക്കൊണ്ടുപോയ യൂസഫ് അൽ സിയാദ്നയെ (53) റാഫ മേഖലയിലെ ഒരു തുരങ്കത്തിൽ മരിച്ച നില യിൽ കണ്ടെത്തിയതായി ഇസ്രായേൽ പ്രതിരോധ സേനയുടെ പ്രസ്താവനയിൽ പറയുന്നു.യൂസഫ് അൽ സിയാദ്ന 'തട ങ്കലിൽ കൊല്ലപ്പെട്ടു' എന്ന് ഐഡിഎ ഫ് പറഞ്ഞു, കുറഞ്ഞത് രണ്ട് ഹമാസ് പ്രവർത്തകരുടെ മൃതദേഹങ്ങൾ സമീ പത്ത് കണ്ടെത്തിയതായും അധികൃതർ സ്ഥിരീകരിച്ചു.മരണത്തിന്റെ സാഹചര്യ ങ്ങളെക്കുറിച്ച് ഞങ്ങൾ ഇപ്പോൾ അന്വേ ഷിക്കുകയാണെന്ന് ഐഡിഎഫിന്റെ അന്താരാഷ്ട്ര വക്താവ് നദവ് ശോഷാനി പറഞ്ഞു.തെക്കൻ ഇസ്രായേലിലെ നെഗേ വ് മരുഭൂമിയിൽ താമസിക്കുന്ന ബദൂയിൻ മുസ്ലീം-അറബ് സമൂഹത്തിന്റെ ഭാഗമാണ് അൽ-സിയാദ്ന കുടുംബം. അൽ-സിയാ ദ്നയും അദ്ദേഹത്തിന്റെ മൂന്ന് മക്കളും - ഹംസ, ബിലാൽ, ആയിഷ എന്നിവർ തെക്കുപടിഞ്ഞാറൻ ഇസ്രായേലിലെ കി ബ്ബത്ത്സ് ഹോളിറ്റിലാണ് ജോലി ചെയ് തിരുന്നത്. 2023 നവംബറിലെ ഹ്രസ്വകാല വെടിനിർത്തൽ കരാറിൽ തിരിച്ചെത്തിയ ഡസൻ കണക്കിന് ബന്ദികളിൽ ബിലാ ലും ആയിഷയും ഉൾപ്പെടുന്നു. എന്നാൽ ഹംസ എവിടെയെന്ന് അജ്ഞാതമായി തു ടരുന്നു.അതേസമയം ഗാസയിൽ ഇപ്പോ ൾ 99 ബന്ദികളുണ്ടെന്ന് ഇസ്രായേൽ അധികൃതർ വിശ്വസിക്കുന്നു.ഗാസയിൽ ബന്ദികളാക്കിയവരിൽ ഡസൻ കണക്കിന് പേർ മരിച്ചതായി കരുതപ്പെടുന്നു.

## ദുബായിൽ ഇന്ത്യ–താലിബാൻ വിദേശകാര്യ ചർച്ച

ദുബായ്: അഫ്ഗാനിസ്ഥാന്റെ ചുമതല യുള്ള വിദേശകാര്യ മന്ത്രി മൗലവി അമീർ ഖാൻ മുത്താഖിയുമായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ബുധനാഴ്ച ദുബായിൽ ചർച്ച നടത്തി. ഉഭയകക്ഷി ബന്ധവും പ്രാദേശിക സംഭവവികാസ ങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയ ങ്ങളെക്കുറിച്ചും ഇരുപക്ഷവും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.അഫ്ഗാൻ ജനതയ്ക്ക് മാനുഷിക സഹായവും വി കസന സഹായവും തുടർന്നും നൽകാ നുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധത മിസ്രി ആവർത്തിച്ചു. അഫ്ഗാനിസ്ഥാനു ള്ള ഇന്ത്യയുടെ പിന്തുണ തുടരുന്നതിന് അഫ്ഗാൻ മന്ത്രി നന്ദി പറഞ്ഞു.'വികസന പ്രവർത്തനങ്ങളുടെ നിലവിലെ ആവശ്യ കത കണക്കിലെടുത്ത്, നിലവിലുള്ള മാ നുഷിക സഹായ പരിപാടിക്ക് പുറമേ, സമീപഭാവിയിൽ അഫ്ഗാനിസ്ഥാനിലെ വികസന പദ്ധതികളിൽ ഏർപ്പെടുന്നത് ഇന്ത്യ പരിഗണിക്കുമെന്ന് തീരുമാനിച്ചു,' മന്ത്രാലയം അറിയിച്ചു.ഇരു രാജ്യങ്ങളും തമ്മിലുള്ള ക്രിക്കറ്റ് സഹകരണം ശക്തി പ്പെടുത്തുന്നതിനെക്കുറിച്ചും ഇരുപക്ഷ വും ചർച്ച ചെയ്തു. അഫ്ഗാനിസ്ഥാന്റെ മാനുഷിക സഹായം ഉൾപ്പെടെയുള്ള വ്യാപാര വാണിജ്യ പ്രവർത്തനങ്ങളെ പി ന്തുണയ്ക്കുന്നതിനായി ചബഹാർ തുറ മുഖത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പി ക്കാനും ഇരുപക്ഷവും സമ്മതിച്ചു.50,000 മെട്രിക് ടൺ ഗോതമ്പ്, 300 ടൺ മരുന്ന്, 27 ടൺ ഭൂകമ്പ ദുരിതാശ്വാസ സഹായം, 40,000 ലിറ്റർ കീടനാശിനികൾ, 100 മി



ല്യൺ ഡോസ് പോളിയോ വാക്സിൻ, 1.5 ദശലക്ഷം ഡോസ് കോവിഡ് വാക് സിൻ, ഡ്രഗ് ഡി-അഡിക്ഷൻ പ്രോഗ്രാമി നായി 11,000 യൂണിറ്റ് കിറ്റുകൾ, 500 യൂ ണിറ്റ് ശൈത്യകാല വസ്ത്രങ്ങൾ, 1.2 ടൺ സ്റ്റേഷനറി കിറ്റുകൾ എന്നിങ്ങനെ നിരവ ധി ചരക്കുകൾ ഇന്ത്യ അഫ്ഗാനിലേക്ക് അയച്ചിട്ടുണ്ടെന്ന് മന്ത്രാലയം ചൂണ്ടിക്കാ ട്ടി.

# ഈജിപ്റ്റിൽ 18–ാം രാജവംശത്തിലെ ക്ഷേത്രത്തിന്റെ കല്ലുകൾ കണ്ടെത്തി



കെയ്റോ: ലക്സറിലെ ഫറവോ രാജ്ഞി ഹാറ്റ്ഷെപ്സുട്ടിന്റെ താഴ്വര ക്ഷേത്രത്തിന്റെ അടിത്തറ മതിലിന്റെ കേടുപാടുകൾ കൂടാതെയുള്ള ഭാഗങ്ങളും ഈജിപ്തിലെ പുതിയ രാജ്യ കാലഘട്ടത്തിലെ ആദ്യത്തെ ഫറവോനായ അഹ്മോസ് ഒന്നാമന്റെ മുത്തശ്ശിയായ ടെറ്റി ഷെറി രാജ്ഞിയുടെ സമീപത്തുള്ള ശവകുടീരവും പുരാവസ്തു ഗവേഷകർ കണ്ടെത്തി.മുകളിലുള്ള ഹാറ്റ്ഷെപ്സുട്ടിന്റെ ശവകുടീരമുള്ള ക്ഷേത്രത്തിന്റെ പ്രാന്തപ്രദേശത്ത് 1,000-ത്തിലധികം അലങ്കരിച്ച ശിലാഫലകങ്ങൾ കണ്ടെത്തിയതായി ബുധനാഴ്ച ഈജിപ്ഷ്യൻ പുരാവസ്തു ഗവേഷകനും മുൻ പുരാവസ്തു മന്ത്രിയുമായ ടീം ലീഡർ സാഹി ഹവാസ് വ്യക്തമാക്കി. 2022 മുതൽ ഈ സ്ഥലത്ത് ഖനനത്തിന് നേതൃത്വം നൽകുകയാണ് അദ്ദേഹം.ബിസി 1458-ൽ മരിച്ച 18-ാം രാജവംശത്തിലെ ഹാറ്റ്ഷെപ്സുട്ട് രാജ്ഞി ഈജിപ്ത് ഭരിച്ച ചുരുക്കം ചില സ്ത്രീകളിൽ ഒരാളായിരുന്നു. നൂറ്റാണ്ടുകൾക്ക് ശേഷം അവരുടെ താഴ്വര ക്ഷേത്രം മനഃപൂർവ്വം പൊളിച്ചുമാറ്റിയിരുന്നു.ജെഹുതി-മെസിന്റെ ശവകുടീരത്തിനുള്ളിൽ ഒരു പുരാവസ്തു പ്രദർശിപ്പിച്ചിരിക്കുന്നു, ഇത് 2025 ജനുവരി 8-ന് ഈജിപ്തിലെ ലക്സറിൽ നൈൽ നദിയുടെ പടിഞ്ഞാറൻ തീരത്തുള്ള ഡെയർ എൽ-ബഹാരിയിലെ ക്വീൻ ഹാറ്റ്ഷെപ്സുട്ട് വാലി ക്ഷേത്രത്തിന് സമീപം, ടൂറിസം, പുരാവസ്തു മന്ത്രാലയത്തിലെ പുരാവസ്തു ഗവേഷകരും സാഹി ഹവാസിന്റെ പുരാവസ്തു, പൈതൃക ദൗത്യത്തിലെ ജീവനക്കാരും ചേർന്ന് കണ്ടെത്തിയതാണ്.'ഇതാദ്യമായാണ് ഞങ്ങൾ 1,500 അലങ്കരിച്ച ബ്ലോക്കുകൾ കണ്ടെത്തിയത്, എന്റെ ജീവിതത്തിൽ ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ ദൃശ്യങ്ങൾ, നിറമുള്ളത്,' ഹവാസ് പറഞ്ഞു. ആ സ്ഥലത്ത് നിന്ന് കണ്ടെത്തിയ ഒരു ചുണ്ണാമ്പുകല്ല് ഫലകത്തിൽ, ക്ഷേത്രത്തിന്റെ നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച ഹാറ്റ്ഷെപ്സുട്ടിന്റെ വാസ്തുശില്പിയായ സെൻമുട്ടിന്റെ പേര് ഉണ്ടായിരുന്നു.സമീപത്ത് നിന്ന് കണ്ടെത്തിയ ടെറ്റി ഷെറി രാജ്ഞിയുടെ ശവകുടീരം, സീനായിക്ക് കുറുകെ കിഴക്കോട്ട് ഈജിപ്ത് ആക്രമിച്ച ഹൈക്സോസ് ജനതയിൽ നിന്ന് ഈജിപ്തിനെ മോചിപ്പിച്ച അഹ്മോസ് ഒന്നാമന്റെ മുത്തശ്ശിയായിരുന്നു.

# ഭർത്താവിന്റെ അനുമതിയില്ലാതെ ഭാര്യ ഫോൺ പരിശോധിക്കുന്നത് തടവും പിഴയും ലഭിക്കാവുന്ന പ്രവൃത്തി; സൗദി അഭിഭാഷകൻ



ഭർത്താവിന്റെ അനുമതിയില്ലാതെ ഭാര്യ ഫോൺ പരിശോധിക്കുന്നത് തടവും കനത്ത പിഴയും ലഭിക്കാവുന്ന നിയമവിരുദ്ധമായ പ്രവൃത്തിയാണെന്ന മുന്നറിയിപ്പുമായി സൗദി അഭിഭാഷകൻ.ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ ഫോൺ രഹസ്യമായി പരിശോധിച്ചാൽ അവളുടെ പ്രവൃത്തി നിയമലംഘനമായി കണക്കാക്കാം എന്നാണ് അഭിഭാഷകൻ റീം ഇബ്രാഹിം പറയുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ഭാര്യയ്ക്കെതിരെ നിയമപരമായി നീങ്ങാൻ ഭർത്താവിന് അവകാശമുണ്ടെന്നും വീഡിയോയിൽ വ്യക്തമാക്കുന്നു.കുറ്റം തെളിയിക്കപ്പെട്ടാൽ, ഭാര്യക്ക് ഒരു വർഷം വരെ തടവും പരമാവധി 500,000 റിയാൽ പിഴയും അല്ലെങ്കിൽ സൈബർ ക്രൈം വിരുദ്ധ നിയമപ്രകാരം ഈ രണ്ടിലൊന്ന് പിഴയും ലഭിക്കുമെന്നും അഭിഭാഷകൻ റീം പറയുന്നു.എന്നാൽ ഇത്തരത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം ശരിയോ തെറ്റോ എന്ന് വിലയിരുത്തുന്നത് ബുദ്ധിമുട്ടാണെന്ന് മറ്റൊരു നിയമ വിദഗ്ധൻ പറഞ്ഞു. ഭർത്താവിന്റെ ഫോണിന്റെ പിൻ നമ്പർ ഭാര്യക്ക് അറിയാമെങ്കിൽ, ഭാര്യയുടെ ഫോണിലേക്കുള്ള പ്രവേശനം നിയമപരമാണെന്നും അത് തിരയാൻ വേണ്ടിയാണെങ്കിലും കുറ്റകരമല്ലെന്നും നിയമ ഉപദേഷ്ടാവ് മുഹമ്മദ് അൽ വഹൈബി വാദിച്ചു.വീഡിയോ ക്ലിപ്പുകളുടെ രൂപത്തിലോ ചിത്രങ്ങളായോ ഫോണിൽ ഒരു കുറ്റകൃത്യം കണ്ടെത്തിയാൽ, നിയമപരമായി മൊബൈൽ സ്വിച്ച് ഓൺ ചെയ്തിരിക്കുന്നതിനാൽ അത് കോടതിയുടെ മുമ്പാകെ അവളുടെ അവകാശങ്ങളിലൊന്നായി തെളിയിക്കാൻ അവൾക്ക് അവകാശമുണ്ടെന്നും ചാരവൃത്തിയിലൂടെയാണ് ഭാര്യ പിൻ നമ്പർ നേടിയതെങ്കിൽ, അത് ഭർത്താവ് തെളിയിക്കണമെന്നും ആ പ്രവൃത്തി ഭാര്യയ്ക്കെതിരായ കുറ്റകൃത്യമാണെന്നും അൽ വഹൈബി കൂട്ടിച്ചേർത്തു.



# ഒറ്റരാത്രി കൊണ്ട് –20C വരെ; യുകെയിൽ പിടിമുറുക്കി മഞ്ഞുകാലം

യുകെയുടെ പല ഭാഗങ്ങളിലും ശീതകാല കാലാവസ്ഥ പിടി മുറുക്കുന്നതായി റിപ്പോർട്ട്. ഒറ്റരാത്രി കൊണ്ട് പൂജ്യത്തിന് താഴെയുള്ള താപനില വീണ്ടും താഴുമെന്നും കൂടുതൽ മഞ്ഞുവീഴ്ച ഉണ്ടാകുമെന്നും ആണ് കാലാവസ്ഥാ പ്രവചനം.അടുത്ത രണ്ട് ദിവസങ്ങളിൽ വർഷത്തിലെ ഏറ്റവും തണുപ്പുള്ള രാത്രികൾ ആണ് മുന്നറിയിപ്പിൽ പ്രവചിക്കുന്നത്, വാരാന്ത്യത്തിൽ കനത്ത മഞ്ഞുവീഴ്ചയുള്ള ചില സ്ഥലങ്ങളിൽ താപനില -20C വരെ കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 60-ലധികം വെള്ളപ്പൊക്ക മുന്നറിയിപ്പുകൾ ഉണ്ടായിരുന്നു, ബുധനാഴ്ച വൈകുന്നേരം ഇംഗ്ലണ്ടിലുടനീളം 130 വെള്ളപ്പൊക്ക മുന്നറിയിപ്പുകൾ ഉണ്ടായിരുന്നു. നിലവിലെ വെയിൽസിൽ മൂന്ന് വെള്ളപ്പൊക്ക മുന്നറിയിപ്പ് ഉണ്ട്. എന്നാൽ ജീവന് അപകടമോ കാര്യമായ തടസ്സമോ സൂചിപ്പിക്കുന്ന ശക്തമായ വെള്ളപ്പൊക്ക മുന്നറിയിപ്പുകളൊന്നും നിലവിൽ സ്ഥലത്തുണ്ടായിരുന്നില്ല.ഇംഗ്ലണ്ടിലെ എല്ലാ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു ആംബർ കോൾഡ് ഹെൽത്ത് അലർട്ട് ഞായറാഴ്ച ഉച്ചവരെ നിലവിലുണ്ട്.യുകെ ഹെൽത്ത് സെക്യൂരിറ്റി ഏജൻസി (യുകെഎച്ച്എസ്എ) പുറപ്പെടുവിച്ച അലേർട്ട്, കടുത്ത തണുപ്പുള്ള മരവിപ്പിക്കുന്ന അവസ്ഥ മരണങ്ങളുടെ വർദ്ധനവിന് കാരണമാകുമെന്ന് മുന്നറിയിപ്പ് നൽകുന്നു, പ്രത്യേകിച്ച് പ്രായമായവരും ദുർബലരുമായ ആളുകൾക്കിടയിൽ, ആരോഗ്യ സേവനങ്ങളുടെ ആവശ്യകത വർദ്ധിക്കുന്നു എന്നും മുന്നറിയിപ്പിൽ വ്യക്തമാക്കുന്നു.'തണുത്ത താപനിലയുടെ ഫലമായി ഹൃദയാഘാതം, സ്ട്രോക്ക്, നെഞ്ചിലെ അണുബാധകൾ എന്നിവയ്ക്ക് കൂടുതൽ സാധ്യതയുള്ള' ദുർബലരായ ആളുകളെ പരിശോധിക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് യുകെഎച്ച്എസ്എയിൽ നിന്നുള്ള ഡോ അഗോസ്റ്റിൻഹോ സൗസ പറഞ്ഞു.ഇന്ധന ബില്ലുകളെ സഹായിക്കാൻ ചില ആളുകൾക്ക് തണുത്ത കാലാവസ്ഥ പേയ്മെന്റുകൾക്ക് അർഹതയുണ്ട്. ഇംഗ്ലണ്ടിലെ പതിനൊന്നായിരം പേർക്ക് നവംബർ മുതൽ ടോപ്പ്-അപ്പ് ലഭിച്ചതായി കണക്കാക്കപ്പെടുന്നു.വടക്കൻ അയർലൻഡിന്റെയും സ്കോട്ടിഷ് ഹൈലാൻഡ്സിന്റെയും ചില ഭാഗങ്ങൾ ഉൾപ്പെടെ യുകെയിൽ ഉടനീളം ബുധനാഴ്ചയും വ്യാഴാഴ്ചയും ഐസ് മുന്നറിയിപ്പുകളും നിലവിലുണ്ട്. ഇംഗ്ലണ്ടിന്റെ തെക്ക് ഭാഗങ്ങളിലും തെക്ക്-കിഴക്കൻ വെയിൽസിന്റെ ചില ഭാഗങ്ങളിലും മഞ്ഞുവീഴ്ചയ്ക്കുള്ള പ്രത്യേക യെല്ലോ അല്ലെർട്ട് ഒറ്റരാത്രികൊണ്ട് പ്രാബല്യത്തിൽ വരും.







# കേരള അസോസിയേഷൻ/കേരളാ കൾച്ചറൽ സെന്റർ ഷിക്കാഗോയുടെ ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങൾ ദൃശ്യങ്ങളിലൂടെ


















